ജനകീയ ആസൂത്രണം

ആലക്കോട് ഗ്രാമ പഞ്ചായത്ത്



വികസന റിപ്പോർട്ട് '96

141 — 14



ഒൻപതാം പദ്ധതി
ജനകീയ പദ്ധതി
വികസന റിപ്പോർട്ട് '96
ആലക്കോട് ഗ്രാമപഞ്ചായത്ത്

റിപ്പോർട്ട് തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയവർ


ശ്രി അജിത് വർമ്മ


ശ്രി കെ. ഗോപാലകൃഷ്ണൻ മാസ്റ്റർ.

ശ്രി എ. ആർ പ്രസാദ്.

ശ്രി പി. രാമചന്ദ്രൻ.

ആലക്കോട് ഗ്രാമ പഞ്ചായത്ത്





ആലക്കോട് ഗ്രാമപഞ്ചായത്ത്
ഭരണസമിതി
1996-2000

പ്രസിഡന്റ്.	ശ്രി അജിത് വർമ്മ
വൈ. പ്രസിഡന്റ്.	ശ്രീമതി കെ.എൻ. ശാരദാമ്മ
സ്റ്റാൻ. കമ്മിറ്റിചെയർമാൻ	ശ്രി മാണി സഖറിയാസ്

ശ്രി തോമസ് പന്തുകളം
ശ്രീമതി ചന്ദ്രമതി ടീച്ചർ
ശ്രി കെ.വി. മാത്യു
ശ്രി ജയിൻ മാത്യു താരാമംഗലം
ശ്രി പി.എസ്. ഹംസ
ശ്രീമതി അന്നമ്മ അഗസ്റ്റിൻ
ശ്രീമതി ശ്രീകലാ വർമ്മ
ശ്രീമതി ലില്ലി സിറിയക്ക്
ശ്രി കുര്യൻ മാസ്റ്റർ
ശ്രി . പി. കുമാരൻ.

ഉള്ളടക്കം

1. ആമുഖം.
2. പൊതുവിവരങ്ങൾ.
3. ചരിത്രപശ്ചാത്തലം.
4. ഭൂപ്രകൃതി- ജനപ്രകൃതി.
5. കൃഷി-ജലസേചനം.
6. മൃഗസംരക്ഷണം-മത്സ്യബന്ധനം.
7. വ്യവസായം.
8. വിദ്യാഭ്യാസം.
9. കുടിവെള്ളം-പൊതുജനാരോഗ്യം.
10. ഗതാഗതം-ഊർജ്ജം.
11. പാർപ്പിടം-സാമൂഹ്യക്ഷേമം.
12. സംസ്കാരം.
13. വനിതാക്ഷേമം.
14. സഹകരണം.
15. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം.
16. വിഭവസമാഹരണം.

ആമുഖം

ലോകത്ത് ജനാധിപത്യ സമ്പ്രദായം രൂപപ്പെടുത്തുന്നതിന് മുമ്പുതന്നെ പഞ്ചായത്ത് ഭരണ സമ്പ്രദായം ഇന്ത്യയിൽ നിലവിലിരുന്നു. അതിനു വേദകാലത്തോളം പഴക്കമുണ്ട്. ആധുനിക ഭാരതത്തിൽ ഗ്രാമതലത്തിലുള്ള സ്വയം ഭരണത്തിന്റെ ശക്തനായ വക്താവ് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിതന്നെയാണ്. ഭാരതത്തിന്റെ നട്ടെല്ലായി വിശേഷിപ്പിച്ച ഗ്രാമങ്ങളെപറ്റി അദ്ദേഹത്തിന് വ്യക്തമായ കാഴ്ച്ചപ്പാട് ഉണ്ടായിരുന്നു. 'ഗ്രാമ സ്വരാജ്' എന്നാണ് അദ്ദേഹം അതിനു നൽകിയ പേര്. ഗാന്ധിജി വിഭാവനം ചെയ്ത ഗ്രമസ്വരാജ് ഇന്ന് അതേരീതിയിൽ നടപ്പാക്കാൻ സാധിച്ചില്ലെന്നു വരാം. എന്നാൽ അതിന്റെ അന്തഃസത്തയ്ക്ക് ഇന്നും ഏറെ പ്രസക്തിയുണ്ട്.

സ്വതന്ത്രഭാരതത്തിന്റെ ആദ്യത്തെ പ്രധാന മന്ത്രി ജവഹർലാൽ നെഹ്റുവിന് ഗ്രാമ വികസനത്തെപ്പറ്റിയും അതിൽ ഗ്രാമീണ ജനതയുടെ പങ്കാളിത്തത്തെപ്പറ്റിയും വ്യക്തമായ ചില സങ്കൽപ്പങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ കാലത്ത് അധികാര വികേന്ദ്രീകരണം നടപ്പാക്കാൻ ഏറെ തടസ്സങ്ങൾ നേരിട്ടു. അധികാരം താഴേക്ക് വിട്ടുകൊടുക്കുന്ന കാര്യത്തിൽ ഇന്നുതന്നെ പല കേന്ദ്രങ്ങളിലുമുള്ള വൈമുഖ്യം നമ്മുടെ കൺമുമ്പിൽ നിലനിൽക്കുമ്പോൾ അന്നത്തെ അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. അത്കൊണ്ടുതന്നെയാണ് അധികാര വികേന്ദ്രീകരണത്തെപറ്റി പഠിച്ചു റിപ്പോർട്ട് ചെയ്യാൻ വിവിധ കാലങ്ങളിൽ രൂപീകരിച്ച കമ്മറ്റികളുടെ നിർദ്ദേശങ്ങൾ നടപ്പിലാകാതെ പോയതും.

കേരളത്തിൽ വിവിധ കാലഘട്ടങ്ങളിൽ അധികാരത്തിൽ വന്ന മന്ത്രിസഭകൾ അധികാര വികേന്ദ്രീകരണത്തിനു വേണ്ടിയുള്ള നീക്കങ്ങൾ നടത്തിയിട്ടുള്ളതായി കാണാം. എന്നാൽ അതൊന്നും തന്നെ വിവിധ സാഹചര്യങ്ങളാൽ ലക്ഷ്യപ്രാപ്തിയിൽ എത്താതെ പോയി. എട്ടാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നതിന് തൊട്ടുമുമ്പായി പഞ്ചായത്ത് തലത്തിലുള്ള പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ വിളിച്ച് പദ്ധതിയുടെ ജനപങ്കാളിത്തത്തെപ്പറ്റി ചർച്ച ചെയ്തിരുന്നെങ്കിലും അത് ജലരേഖകളായി പരിണമിക്കുക യാണുണ്ടായത്.

സ്വതന്ത്രഭാരതത്തിലെ കഴിഞ്ഞ 40ൽ അധികം വർഷത്തെ ജനകീയ സമ്മർദ്ദത്തിന്റെ ഫലമായി 1992ൽ പാർലിമെന്റ് പാസ്സാക്കിയ 73ാം ഭരണഘടന ഭേദഗതി അനുസരിച്ചാണ് പഞ്ചായത്ത് രാജ് എന്ന ആശയം ഇന്ത്യൻ ഗ്രാമങ്ങളിലെ ജനങ്ങളിലേക്ക് എത്തിച്ചേർന്നിരിക്കുന്നത്. 1994ൽ കേരള നിയമസഭ പാസ്സാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തിലും പഞ്ചായത്ത് രാജ് സംവിധാനം നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 1995ൽ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തുകയും പുതിയ ഭരണസമിതികൾ നിലവിൽ വരികയും ചെയ്തു. എന്നാൽ പഞ്ചായത്തുകളുടെ അധികാരം വ്യക്തമായി നിർവജിച്ച് കൊണ്ടുള്ള ചട്ടങ്ങൾ ഇതുവരെയും നിലവിൽ വന്നിട്ടില്ല എന്ന പോരായ്മയും ശ്രേഷിക്കുന്നുണ്ട്.

'അധികാരം ജനങ്ങളിലേക്ക്' എന്ന മുദ്രാവാക്യം കേവലം ഒരു 'ഉട്ടോപ്യ' അല്ലെന്നും ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടെങ്കിൽ നമ്മുടെ ഗ്രാമങ്ങളിൽ ശ്രദ്ധേയമായ പല നേട്ടങ്ങളും ഉണ്ടാക്കാൻ സാധിക്കുമെന്നും നമ്മുടെ ജില്ലയിലെ തന്നെ കല്യാശ്ശേരി, കുന്നോത്തുപറമ്പ്, തുടങ്ങിയ പഞ്ചായത്തുകളിലെ പ്രവർത്തനം ഇതിനോടകം തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ 30-40% പഞ്ചായത്തുതല വികസനത്തിന് നീക്കി വെക്കാനാണ് 9ാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ആ നിലക്ക് നമ്മുടെ ആവശ്യങ്ങളെപറ്റി നാം തന്നെ ബോധവാൻമാരാകുകയും അതിൽ ഏറ്റവും പ്രാധാന്യമുള്ളത് കണ്ടെത്തുകയും ചെയ്യേണ്ടത് നമ്മുടെ ബാധ്യതയും അവകാശവുമാണ്.

ഇക്കഴിഞ്ഞ ഒക്ടോബർ 6ാം തീയ്യതി കൊണ്ടവസാനിച്ച നമ്മുടെ പഞ്ചായത്തിലെ 13 ഗ്രാമസഭാ യോഗങ്ങളിൽ അത്രമോശമല്ലാത്ത

ജനപങ്കാളിത്തം ഉണ്ടായിരുന്നു. 2000ത്തിലധികം ആളുകൾ പങ്കെടുത്തു. ശരാശരി പങ്കാളിത്തം 162 വരും. ആ ഗ്രാമ സഭകളിൽ ചർച്ച ചെയ്ത് എഴുതി തയ്യാറാക്കിയ റിപ്പോർട്ടുകൾ വച്ചു കൊണ്ട് 10 RP മാരും 70 ഓളം LRP മാരും പഞ്ചായത്തു ഭരണ സമിതി അംഗങ്ങളും കഴിഞ്ഞ ഒരു മാസമായി വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് നമ്മുടെ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ മുഴുകിയിരിക്കുകയായിരുന്നു. അവരുടെ നിസ്തന്ദ്രമായ പരിശ്രമത്തിന്റെ ക്രോഡീകരണമായ ഈ റിപ്പോർട്ട് നിങ്ങളുടെ ഏവരുടെയും പരിഗണനക്കായി സമർപ്പിക്കുന്നു.

❖ ❖ ❖ ❖

പഞ്ചായത്തിന്റെ പൊതു വിവരങ്ങൾ

പഞ്ചായത്തിന്റെ പേര് : ആലക്കോട്

ഉൾപ്പെടുന്ന വില്ലേജുകൾ : ആലക്കോട്, തിമിരി, വെള്ളാട്

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ : ആലക്കോട്, തേർത്തല്ലി

ബ്ലോക്ക് പഞ്ചായത്ത്	തളിപ്പറമ്പ്
താലൂക്ക്	തളിപ്പറമ്പ്
അസംബ്ലി	ഇരിക്കൂർ
വിസ്തീർണ്ണം	70.77 ച.കി.മി.
ജനസംഖ്യ	33456
വാർഡുകൾ	13
പ്രസിഡന്റ്	അജിത് വർമ്മ

വൈസ് പ്രസിഡന്റ് : ശ്രീമതി. കെ.എൻ. ശാരദാമ്മ

പഞ്ചായത്തിന്റെ അതിരുകൾ

വടക്ക് : പെരിങ്ങോം വയക്കര പഞ്ചായത്ത്
കിഴക്ക് : ഉദയഗിരി പഞ്ചായത്ത്
തെക്ക് : നടുവിൽ, ചപ്പാരപ്പടവ് പഞ്ചായത്തുകൾ
പടിഞ്ഞാറ് : എരമം, കുറ്റൂർ, പെരിങ്ങോം വയക്കര പഞ്ചായത്തുകൾ

ഭരണപരമായ ചരിത്രം

1968 വരെ ഈ പ്രദേശം തടിക്കടവ് പഞ്ചായത്തിന്റെ ഭാഗമായിരുന്നു. 1968ൽ തടിക്കടവ് പഞ്ചായത്ത് വിഭജിച്ച് ആലക്കോട് ചപ്പാരപ്പടവ് പഞ്ചായത്തുകൾ നിലവിൽവന്നു. 1979ൽ ആലക്കോട് പഞ്ചായത്ത് വീണ്ടും വിഭജിച്ച് ആലക്കോട് ഉദയഗിരി പഞ്ചായത്തുകളായി തീർന്നു. 1981 ലെ വില്ലേജ് പുനസംഘടനക്ക് മുമ്പ് തടിക്കടവ് നടുവിൽ വില്ലേജുകളിലാണ്. ഈ പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നത്. വില്ലേജ് പുനർനിർണ്ണയത്തോടെ ആലക്കോട്, തിമിരി, നടുവിൽ എന്നീ വില്ലേജുകളുടെ ഭാഗങ്ങൾ ചേർന്നതാണ് ആലക്കോട് പഞ്ചായത്ത്.

1962–69

തടിക്കടവ് പഞ്ചായത്ത്

പ്രസിഡന്റ് : പി.ആർ.രാമവർമ്മ രാജ

ഭരണ സമിതി അംഗങ്ങൾ

ശ്രീ. പി.ഡി. വർഗീസ്
ശ്രീ. തോമസ് കാപ്പൻ
ശ്രീ. മാങ്ങാടൻ മൊയ്തീൻകുട്ടി
ശ്രീ. ചപ്പിലിക്കോരൻ
ശ്രീ. കെ.പി. ദാമോദരൻ നമ്പ്യാർ
ശ്രീ. കെ.എം. ശ്രീധരൻ നായർ
ശ്രീ. കെ.എം. മാത്യു

1969ൽ തടിക്കടവ് പഞ്ചായത്തു വിഭജിച്ച് ആലക്കോട് ചപ്പാരപ്പടവ് പഞ്ചായത്തുകളായി തീർന്നു. രണ്ടു പഞ്ചായത്തുകളിലും അഡ്മിനിസ്ട്രേറ്റീവ് നിലവിൽവന്നു. 1978 വരെ പ്രസിഡൻ ശ്രീ. പി.ആർ.രാമവർമ്മരാജ.

1980–85

പ്രസിഡന്റ്
ശ്രീ. പി.കെ. ബാലകൃഷ്ണൻ നായർ

വൈസ് പ്രസിഡന്റ്
ശ്രീ. കെ.എൻ. ചന്ദ്രൻ

ഭരണസമിതി അംഗങ്ങൾ

ശ്രീ. കെ.വി. മൊയ്തു.
ശ്രീ. പി,എസ്. ഹംസ
ശ്രീ. വി. ഗോപിനാഥൻ നമ്പ്യാർ
ശ്രീ. ഫ്രാൻസിസ് മാത്യു മണലിൽ
ശ്രീ. കെ.പി. മൊയ്തു
ശ്രീ. തോയൻകോരൻ
ശ്രീ. കെ.ഗോപാലകൃഷ്ണൻ നായർ
ശ്രീമതി. ഫിലോമിന ജോസഫ്

(20-1-83 മുതൽ 24-9-83 വരെ ശ്രീ. ഫ്രാൻസിസ് മാത്യു മണലിൽ ആണ് പ്രസിഡന്റ്. 3-10-83 മുതൽ 31-8-85 വരെ പ്രസിഡന്റിന്റെ ചാർജ്ജ് ശ്രീ.കെ.എൻ. ചന്ദ്രനായിരുന്നു.)

1988-95
ആലക്കോട് പഞ്ചായത്ത്

പ്രസിഡന്റ്
ശ്രീ. കെ.പി. മൊയ്തു

വൈസ് പ്രസിഡന്റ്
ശ്രീ. പി.കെ. ബാലകൃഷ്ണൻ നായർ

ഭരണ സമിതി അംഗങ്ങൾ
ശ്രീ തോമസ് പന്തുകളം
ശ്രീ. കെ.വി. മാത്യു
ശ്രീ. പി.എം. മത്തു ഹാജി
ശ്രീ. കെ.വി. മൊയ്തു.
ശ്രീ. എം.എം. ദേവസ്യ
ശ്രീ. കണ്ണാചെമ്മരൻ
ശ്രീ. തോമസ് കുളമാംകുഴി
ശ്രീ. ജോസഫ് നുറമ്മാക്കൽ
ശ്രീമതി. കെ.എൻ. ശാരദാമ്മ
ശ്രീമതി. സി. സരോജിനി

(6-9-91 മുതൽ 30-9-95 വരെ പ്രസിഡന്റ് ശ്രീ. കെ.വി. മാത്യു, വൈസ് പ്രസിഡന്റ് ശ്രീ. ദേവസ്യ മൈക്കിൾ)

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ

സബ് പോസ്റ്റാഫീസ്, ടെലഫോൺ എക്സ്ചേഞ്ച്, പ്രൈമറി ഹെൽത്ത് സെന്റർ, ആയുർവേദ ഡിസ്പെൻസറി, മൃഗാശുപത്രി, വില്ലേജ് ഓഫീസ്, കൃഷി ഭവൻ, സബ് രജിസ്ട്രാർ ഓഫീസ്, പോലീസ് സ്റ്റേഷൻ, എക്സൈസ് സർക്കിൾ ഓഫീസ്, ഏകാങ്ക ട്രഷറി.

ബാങ്കുകൾ

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
സിൻഡിക്കേറ്റ് ബാങ്ക്,
നോർത്തു മലബാർ ഗ്രാമീണ ബാങ്ക്,
തടികടവ് സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖ

ചരിത്ര പശ്ചാത്തലം

എടുത്തു പറയത്തക്ക ചരിത്ര പശ്ചാത്തലമൊന്നും ഈ പ്രദേശത്തിന് അവകാശപ്പെടാനില്ല. പലഭാഗത്തും വളരെ കാലം മുമ്പ് ജനവാസം ഉണ്ടായിരുന്നു എന്നതിന് തെളിവുകൾ ഉണ്ട്. അരങ്ങം ക്ഷേത്ര പരിസരം, അവിടങ്ങളിൽ കണ്ടെത്തിയ ഗുഹകൾ, നെല്ലികുന്നിലുള്ള ക്ഷേത്രാവശിഷ്ടങ്ങൾ, വൈതൽ മലയുടെ മുകൾത്തട്ടിൽ കാണുന്ന കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ എന്നിവയെല്ലാം ഇതിന് സാക്ഷ്യങ്ങളാണ്. വൈതൽകോൻ എന്നൊരു രാജാവ് ഈ പ്രദേശം കേന്ദ്രമാക്കി ഭരണം നടത്തിയിരുന്നതായി പറയപ്പെടുന്നു. ഏതോകാലത്ത് പ്രകൃതി ക്ഷോഭം മൂലം വ്യപകമായി ജനങ്ങൾ നശിക്കുകയും ബാക്കിയായവർ ഇവിടം വിട്ടുപോവുകയും ചെയ്തിരിക്കാനാണ് സാധ്യത.

ബ്രിട്ടീഷ് മലബാറിന്റെ ഭാഗമായ ചിറയ്ക്കൽ താലൂക്കിൽപെട്ടിരുന്ന് ഈ പ്രദേശത്തെ ഭൂമികളത്രയും ദേവസ്വം വകയോ ജൻമിമാരുടെ വകയോ ആയിരുന്നു. 1930 നുറ്റാണ്ടിൽ ഇവിടുത്തെ മലയോരങ്ങളിൽ പുനം കൃഷി നടന്നിരുന്നതായി തെളിവുണ്ട്.

രയറോത്ത് മുസ്ലീം ജനവിഭാഗം മറ്റു സ്ഥലങ്ങളിൽ നിന്നും വന്ന് പാർപ്പ് തുടങ്ങിയിട്ട് ഒന്ന്-ഒന്നര നുറ്റണ്ടായി എന്ന് കണക്കാക്കുന്നു. അവിടുത്തെ മഖാംമിന് അത്രയും പഴക്കമുണ്ടാകും. ഇപ്പോൾ രയറോത്തുള്ള ജുമാ അത്ത് പള്ളിക്ക് 75 വർഷത്തെ പഴക്കം മാത്രമാണുള്ളത്. തിമിരിയിൽ നൂറ്റാണ്ടുകൾക്കുമുമ്പ് ജനവാസം ഉണ്ടായിരുന്നതായി ഊഹിക്കാം. അവിടുത്തെ പുരാതനമായ ക്ഷേത്രം തന്നെയാണ് അതിനു തെളിവ്.

മേൽ പറഞ്ഞ വസ്തുതകളൊക്കെ ഉണ്ടെങ്കിലും ആലക്കോട് ഗ്രാമ പഞ്ചായത്ത് സാമന്യമായി പറഞ്ഞാൽ ഒരു കുടിയേറ്റ മേഖലയാണ്. ദക്ഷിണ കേരളത്തിൽ നിന്ന് വന്ന കുടിയേറ്റക്കാർ നിർമ്മിച്ച ഒരു ജനപദമായിട്ടാണ് ഈ പ്രദേശം ഇന്നറിയപ്പെടുന്നത്.

കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽ ഗതാഗത സൗകര്യം ഒരു വലിയ പ്രശ്നമായിരുന്നു. വഴി വെട്ടിയുണ്ടാകുന്നതിലും പൊതുസ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിലും അന്ന് നാട്ടുകാർ ഉത്സാഹത്തോടെ സംഘടിതമായി പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് ആ മനോഭാവം കൈമോശമംവന്നസ്ഥിതിയാണ് കാണുന്നത്. എല്ലാം സർക്കാർ അല്ലെങ്കിൽ പഞ്ചായത്ത് ചെയ്യട്ടെ എന്ന നിലപാടിൽ എത്തിനിൽക്കുകയാണ്. സമഗ്ര വികസനത്തിന്റെ സന്ദേശം ഉൾക്കൊണ്ട് പഴയ കൂട്ടായ്മയുടെ നേട്ടങ്ങളിലേക്ക് നാം മടങ്ങിപ്പോകേണ്ടിയിരിക്കുന്നു.

കുടിയേറ്റ കർഷകർ ഈ മണ്ണിലുണ്ടാക്കിയ കാർഷിക പുരോഗതി അഭിമാനപൂർവ്വം സ്മരിക്കുന്നതോടൊപ്പം അത് മൂലം സംഭവിച്ച പ്രകൃതി ദ്രോഹം കുറച്ച് കാണാനും കഴിയില്ല. മരങ്ങൾ നിറഞ്ഞ് നിന്ന പുഴയോരങ്ങളെല്ലാം വെട്ടിവെളിപ്പിച്ചപ്പോൾ ജലസ്രോതസ്സുകൾ വറ്റി വരണ്ടു. വൻ മരങ്ങളുടെ വംശനാശം മണ്ണിലും കാലാവസ്ഥയിലും പ്രതികൂലമായ മാറ്റങ്ങൾ ഉണ്ടാക്കി. പരമ്പരാഗതമായി നിലനിന്ന ദേവസ്വംകാവുകളും ആക്രമണത്തിന് വിധേയമായി.

ഇന്നത്തെ ആലക്കോടിനെപ്പറ്റി പറയുമ്പോൾ പ്രാതഃസ്മരണീയനായ ഒരു വ്യക്തിയുണ്ട് - ശ്രീ.പി.ആർ.രാമവർമ്മ രാജ ആലക്കോട് പ്രദേശത്തിന്റെ സമഗ്ര പുരോഗതി മുമ്പിൽ കണ്ട് ദീർഘ കാലാടിസ്ഥാനത്തിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളാണ് സമസ്ത മേഖലയിലും ഇവിടെ ഉണ്ടായിട്ടുള്ള നേട്ടങ്ങളുടെ അടിസ്ഥാനം.

മുറജപത്തിന് തിരുവന്തപുരത്ത് എത്തിയ പയ്യന്നൂർകാരായ നമ്പൂതിരിമാർ തിരുവിതാംകൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറായിരുന്ന ശ്രീ.പി.ആർ.രാമവർമ്മ രാജയോട് സംസാരിച്ച വസ്തുതകളുടെ വെളിച്ചത്തിലാണ് അദ്ദേഹത്തിന് ഈ മലയോരമേഖലയിൽ താൽപര്യം ജനിച്ചത്. സ്ഥലം വന്ന് കണ്ടപ്പോൾ ഇഷ്ടപ്പെടുകയും വളരെയേറെ വികസന സാധ്യതയുണ്ടെന്ന്

ബോധ്യപ്പെടുകയും ചെയ്തു. 1936ൽ മേൽപള്ളി ഇല്ലം വക കോളിയാട് മലയും 1937ൽ പ്രസ്തുത ഇല്ലം വകതന്നെ നാടുകാണി മലയും ഈറ്റശ്ശേരി ഇല്ലം വക വാറോത്തും മലയും ഉൾപ്പെടെ 10000 ഏക്കറോളം ഭൂമി അദ്ദേഹം വിലക്ക് വാങ്ങി. 1950യിൽ ശ്രീ,പി.ആർ.രാമവർമ്മരാജ ജോലി രാജിവെച്ച് ഇവിടെ എത്തുകയും 1952ഓടുകൂടി കുടുംബ സമേതം താമസമാക്കുകയും ചെയ്തു.

1955ആയപ്പോഴേക്കും കൃഷിഭൂമി അന്വേഷിച്ച് ദക്ഷിണ കേരളത്തിൽനിന്ന് ആളുകൾ വന്നുതുടങ്ങി അവർക്കു വേണ്ട ജീവിത സൗകര്യങ്ങൾ ഒരുക്കുന്നതിൽ മുൻനിരയിൽനിന്ന് പ്രവർത്തിച്ചത്. ശ്രീ,പി.ആർ.രാമവർമ്മരാജ തന്നെയാണ്. സ്വന്തം ചെലവിൽ അദ്ദേഹം തളിപ്പറമ്പ് മുതൽ മണക്കടവ് വരെ ഒരു റോഡുണ്ടാക്കി. ആദ്യകാലത്ത് തടി ഇറക്കികൊണ്ടുപോകുന്നതിനുള്ള കുപ്പ്റോഡായിരുന്ന അത് സർക്കാർ ഏറ്റെടുത്ത് തളിപ്പറമ്പ് -കുർഗ്ഗ് ബോർഡർ റോഡായി വികസിപ്പിച്ചു. 1960 ആയപ്പോൾ ഈ റോഡിൽ സർക്കാർ അനുവദിച്ച മുന്നുപാലങ്ങൾ എസ്റ്റിമേറ്റ് തുകയ്ക്കു തന്നെ ശ്രീ. രാജ ഏറ്റെടുത്ത് പണിതീർത്തു.

1946ൽ തിമിരിയിൽ കുമിഴി ചാത്തുക്കുട്ടി നമ്പ്യാരുടെ വീട്ടിൽ വച്ച് ഒരു വിദ്യാലയം ആരംഭിച്ചു. രണ്ട് വർഷം കഴിഞ്ഞ് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ നാലുക്ലാസ്സുകളുള്ള ഒരു സ്കൂളായി അത് ഉയർന്നു. 1952ൽ ഒരു സെമിപെർമനന്റ് കെട്ടിടത്തിലേക്ക് സ്കൂൾ മാറ്റിസ്ഥാപിച്ചു. അന്ന് ഏകാദ്ധ്യാപകൻ മാത്രമെ ഉണ്ടായിരുന്നുള്ളു. 1956ൽ L.P സ്കൂളായും തുടർന്ന് U.P സ്കൂളായും ഉയർന്നു. 1948നോടടുത്ത് ബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിൽ രയറോത്ത് ഒരു ഏക അദ്ധ്യാപക സ്കൂൾ ആരംഭിച്ചിരുന്നു. 1952ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിൽ തന്നെ ഒരു ഏകാദ്ധ്യാപക സ്കൂൾ ചിറ്റടിയിലും ആരംഭിച്ചിരുന്നു. അതിന്റെ തുടർച്ചയാണ് ഇന്നത്തെ ചിറ്റടി L.P. സ്കൂൾ. പിന്നീട് 1957ൽ ഒരു ഏകാദ്ധ്യാപക സ്കൂൾ ആലക്കോടും ആരംഭിച്ചു. ശ്രീ,പി.ആർ.രാമവർമ്മരാജയുടെ മാനേജ്മെന്റിലുള്ള ഒരു U.P. സ്കൂളായി അത് ഉയർന്നു. ഇന്നത്തെ ആലക്കോട് N.S.S. ഹൈസ്കൂളിന്റെ തുടക്കം അവിടെനിന്നാണ്.

ഡിപ്പാർട്ടമെന്റിനു നഷ്ടം സംഭവിക്കുന്ന പക്ഷം അതു നികത്തികൊടുക്കാമെന്ന വ്യവസ്ഥയിലാണ് കുടിയേറ്റത്തിന്റെ ആദ്യകാലത്ത് തന്നെ ശ്രീ,പി.ആർ.രാമവർമ്മരാജ ഇവിടെ ഒരു പോസ്റ്റ് ഓഫീസ് അനുവദിപ്പിച്ചത്. ഒരു പ്രദേശത്തിന്റെ മൊത്തമായി മിനിമം ഗാരണ്ടി വച്ചുകൊണ്ട് ഇലക്ട്രിസിറ്റിയും അക്കാലത്ത് തന്നെ അദ്ദേഹം ഇവിടെ എത്തിച്ചു. ആലക്കോട് മാത്രമായി ഒതുങ്ങിനിന്ന ഒരു മിനി ജലവിതരണ പദ്ധതിയും അദ്ദേഹം സ്വന്തം നിലയിൽ നടപ്പാക്കിയിരുന്നു.

1951ൽ തിമിരി, ദേവസ്വം മാനേജറായിരുന്ന കുമിഴി ചാത്തുക്കുട്ടി നമ്പ്യാരുടെ നേതൃത്വത്തിൽ പുരാതനമായ തിമിരി ക്ഷേത്രം പുതുക്കി പ്പണിയുകയും പുനഃപ്രതിഷ്ഠ നടത്തുകയും ചെയ്തു. 10വർഷത്തിനു ശേഷം 1961ൽ കാടായിക്കിടന്ന അരങ്ങം പ്രദേശത്ത് കണ്ടെത്തിയ പുരാതന ക്ഷേത്രത്തിന്റെ നവീകരണവും പുനർ പ്രതിഷ്ഠാ കലശവും നടന്നു. ക്ഷേത്രാവശ്യ ത്തിനുള്ള സ്ഥലം വിട്ടുകൊടുത്തത് ആപ്രദേശ ത്തിന്റെ ജന്മിയായ പയ്യന്നൂർ ചിണ്ടൻ അടിയത്തിടമാണ്. ശ്രീ,പി.ആർ.രാമവർമ്മരാജ തന്നെയാണ് ക്ഷേത്രനവീകരണം നടത്തിയത്. അന്നുമുതൽ ഇന്നുവരെ അദ്ദേഹത്തിന്റെ മേൽ നോട്ടത്തിലാണ് ക്ഷേത്രകാര്യങ്ങൾ നടക്കുന്നത്.

ആലക്കോട് ഒരു വായനശാലയും ഗ്രന്ഥശാലയും സ്ഥാപിക്കുന്നതിൽ മുൻകൈ യെടുത്തതും ശ്രീ,പി.ആർ.രാമവർമ്മരാജയാണ്. അതിനാവശ്യമായ സ്ഥലം നൽകുകയും കെട്ടിടം പണിയുന്നതിന് ഒരു നല്ലതുക സംഭാവന ചെയ്യുകയും ഉണ്ടായി. നാട്ടുകാർ നടത്തി ക്കൊണ്ടിരുന്ന പ്രസ്തുത സ്ഥാപനം ആലക്കോട് പബ്ലിക്ക് ലൈബ്രറി 1982ൽ പഞ്ചായത്തിനു വിട്ടുകൊടുത്തു. പഞ്ചായത്തിന്റെ ഭരണത്തിൽ കഴിഞ്ഞ 14 വർഷം കൊണ്ട് ആ സ്ഥാപനത്തിന് ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. 1954ൽ സ്ഥാപിച്ച ആലക്കോട് സെന്റ് മേരീസ് ചർച്ചാണ്. ഈ പ്രദേശത്തെ ആദ്യത്തെ ക്രിസ്തീയ ദേവാലയം. അതിനോടനുബന്ധിച്ച് ഒരു ഗ്രന്ഥശാലയും വിജയാ ആർട്ട്സ് ക്ലബ്ബ് എന്ന ഒരു കലാസംഘടനയും അടുത്തകാലം വരെ നിലനിന്നിരുന്നു.

ആലക്കോട് ഇന്നുകാണുന്ന മിക്ക പൊതു സ്ഥാപനങ്ങൾക്കും ആവശ്യമായ സ്ഥലവും പലതിനും കെട്ടിടങ്ങളും നൽകിയിട്ടുള്ളത് ശ്രീ,പി.ആർ.രാമവർമ്മരാജ തന്നെയാണ്. 1960നു മുമ്പു തന്നെ അദ്ദേഹം പ്രസിഡന്റും ശ്രീ. എ.സി. ചാക്കോ സെക്രട്ടറിയുമായി രൂപീകരിച്ച ആലക്കോട് ഡവലപ്മെന്റ് കമ്മറ്റി മുൻകൈയെടുത്ത് ആരംഭിച്ച

ഐക്യനാണയ സംഘമാണ് ഇന്നത്തെ ആലക്കോട് സർവ്വീസ് സഹകരണ ബാങ്കായി വികസിച്ചത്. പ്രസ്തുത കമ്മറ്റി മലയോര ഹിൽ ഹൈവേക്കു വേണ്ടിയുള്ള പ്രയത്നവും ദീർഘകാലം നടത്തിയിരുന്നു.

ആലക്കോട് ഗ്രാമപഞ്ചായത്തിൽപ്പെട്ട മറ്റു പ്രദേശങ്ങളിലെ വികസനങ്ങളെല്ലാം ഉണ്ടായിട്ടുള്ളത് ജനങ്ങളുടെ കൂട്ടായ പ്രവർത്തനം കൊണ്ടാണ്. അതാത് സ്ഥലത്തെ ക്രിസ്ത്യൻ പള്ളികളിൽ കാലാകാലങ്ങളിൽ സേവനം അനുഷ്ഠിച്ച പുരോഹിതൻമാർ ജനങ്ങൾക്ക് ഇക്കാര്യത്തിൽ നേതൃത്വം നൽകിയിരുന്നു.

കഴിഞ്ഞ നാലു പതിറ്റാണ്ടുകൊണ്ട് ഈ പ്രദേശത്തെ ജനങ്ങൾ ശൂന്യതയിൽനിന്ന് എറെ നേട്ടങ്ങൾ ഉണ്ടാക്കി. അതോടൊപ്പം തന്നെ പോരായ്മകളുടെ പട്ടിക വളരെ വലുതാണ്. കൃഷിഭൂമി ഏതാണ്ട് പൂർണ്ണമായും ഉപയോഗപ്പെടുത്തികഴിഞ്ഞ സ്ഥിതിക്ക് കാർഷിക മേഖലയിലെ വളർച്ച മുരടിച്ചുകൊണ്ടിരിക്കുന്നു. കൃഷി അനുബന്ധമായ വ്യവസായങ്ങളൊന്നും ഇവിടെ ഉണ്ടായിട്ടുമില്ല. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥപനങ്ങളോ ഈ പ്രദേശത്തിലില്ല.പഞ്ചായത്തിന്റെ ചില മേഖലകളിൽ വൈദ്യുതി എത്തിയിട്ടില്ല. ധാരാളം ബസ്സുകൾ ഇപ്പോൾ ഈ പ്രദേശത്തുകൂടി സർവ്വീസ് നടത്തുന്നുണ്ടെങ്കിലും അതെല്ലാം പ്രധാന റോഡുകളിലൂടെ മാത്രമാണ് ഓടുന്നത്. ഉൾപ്രദേശങ്ങളിലെ റോഡുകളുടെ സ്ഥിതി വളരെ മോശമാണ്. ബസ്സ് സർവ്വീസ് എത്തിപ്പെടാത്ത പലമേഖലകളും ഇപ്പോഴുമുണ്ട് കലാസാംസ്കാരിക രംഗത്തെ നമ്മുടെ നില വളരെ പിന്നിലാണ്. ഈ പരിമിതികളൊക്കെ മറികടക്കാനുള്ള കൂട്ടായ ചിന്തയും പ്രവർത്തനവും ഉണ്ടാകേണ്ടിയിരിക്കുന്നു.



ഭൂപ്രകൃതി ജനപ്രകൃതി

ഭൂപ്രകൃതി

പശ്ചിമഘട്ടത്തിൽ കർണ്ണാടക അതിർത്തിയോട് ചേർന്നുകിടക്കുന്ന ഉയർന്ന പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് ആലക്കോട് ഗ്രാമപഞ്ചായത്ത്. കേരളത്തെ 13 കാർഷിക മേഖലകളാക്കി തിരച്ചിട്ടുള്ളതിൽ ഏഴാം വിഭാഗത്തിൽ പെടുന്ന 'ഹൈലാന്റിലാണ്' ഈ പ്രദേശം ഉൾപ്പെടുന്നത്.

ഭൂപ്രകൃതി മുന്നായി തിരിക്കാം.

1. ചെങ്കുത്തായ മലഞ്ചരിവുകൾ
2. ചെറിയ മലകൾ
3. നിരപ്പായ പ്രദേശങ്ങൾ

സമുദ്രനിരപ്പിൽനിന്ന് 75 മീറ്ററിനുമേൽ 1350 മീറ്റർ വരെ ഉയർന്ന സ്ഥലങ്ങൾ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. മലഞ്ചരിവുകളിൽ പൊതുവായി കാണുന്നത് നീർവാർച്ചയുള്ള ചെങ്കൽകലർന്ന മണ്ണാണ്. അവയ്ക്കിടയിൽ കടുപ്പമുള്ള കരിങ്കൽ പാറകളും കാണുന്നുണ്ട്. ഈ ചെങ്കുത്തായ മലഞ്ചരിവുകളിൽ ചിലസ്ഥലങ്ങളിൽ മഴക്കാലത്ത് ഉരിൾപൊട്ടൽ അപൂർവ്വമായി ഉണ്ടാകാറുണ്ട്.

ചെറിയ മലകളിലും പൊതുവെ ഇത്തരം മണ്ണ് തന്നെയാണ് കാണുന്നത്. നിരപ്പായ പ്രദേശങ്ങളിൽ കടുപ്പമേറിയ ചെങ്കല്ലും ചരലും ഇടകലർന്നുകാണുന്നു.

കാലാവസ്ഥ

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്താണ്. ജൂലൈ-ഓഗസ്ത് മാസങ്ങളിലാണ് ഏറ്റവുംകൂടുതൽ മഴലഭിക്കുന്നത്. വടക്കുകിഴക്കൻ കാറ്റിൽനിന്നും ലഭിക്കുന്ന തുലാവർഷം പൊതുവെ കുറവാണ്. ചുറ്റുപാടും വനം ഉണ്ടായിരുന്നകാലത്ത് ഏകദേശം 30 വർഷംമുമ്പ് ഇവിടെ വർഷപാതം വളരെ കൂടുതലായിരുന്നു. ഇപ്പോൾ അത്രയും മഴലഭിക്കുന്നില്ല.എങ്കിലും മലയോര മേഖലയായതുകൊണ്ട് കണ്ണൂർ ജില്ലയിലെ ശരാശരി വർഷപാതത്തെക്കാൾ കൂടുതൽ മഴ ഇപ്പോഴും ഉണ്ട്. കാലവർഷത്തിന്റെ തോതിന് ചില കൊല്ലങ്ങളിൽ ഏറ്റകുറച്ചിൽ സംഭവിക്കുന്നുണ്ട്.

		ജനു.	ഫെ.	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗ.	സെപ്	ഒക്ടോ.	നവ.	ഡിസം.
കണ്ണൂർ ജില്ല	4	4	8	64	244	891	1085	570	249	226	99	23	3467
സംസ്ഥാന ശരാശരി	14	17	39	112	256	691	760	433	247	288	163	42	3063

	ജനു.	ഫെ.	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗ.	സെപ്	ഒക്ടോ	നവ.	ഡിസം.
കൂടിയ താപനില	32.9	33.8	34.1	33.3	32.9	28.7	28.1	29.3	31.1	31.1	32.2	33.2
കുറഞ്ഞ താപനില	22.0	22.9	24.7	25.2	25.6	23.4	22.7	23.1	23.3	23.3	23.6	21.4

അടുത്ത കാലത്തായി വേനൽ കാലങ്ങളിൽ വർദ്ധിച്ച ചൂട് അനുഭവപ്പെടുന്നുണ്ട്.

ജലലഭ്യത

രയറോം പുഴ, ആലക്കോട് പുഴ, മമ്പത്താനി പുഴ എന്നിവയാണ് പ്രധാന പുഴകൾ. കരുവഞ്ചാൽ പുഴ പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിൽ കൂടി ഒഴുകുന്നു. ഇവ കൂടാതെ ചെറിയ എതാനും തോടുകളും നീരുറവകളുമുണ്ട്. പുഴയോരങ്ങളിലെ കാടുകൾ വെട്ടിനശിപ്പിച്ചത് കൊണ്ട് മുൻപുണ്ടായിരുന്ന ജല സമ്പത്ത് ഇന്നുകാണുന്നില്ല. വേനലിന്റെ ആരംഭത്തിൽ തന്നെ പുഴകൾ വറ്റിപ്പോകുന്നു. വേനൽകാലങ്ങളിൽ പുഴയിൽ നഞ്ചുകലക്കിയും തോട്ടയിട്ടും ചിലർ ജലം മലിനമാക്കുകയും ചെയ്യുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിലെ ഇപ്പോഴത്തെ മുഖ്യവിള റബ്ബറാണ്. തെങ്ങും കവുങ്ങുമാണ് രണ്ടും മൂന്നും സ്ഥാനത്ത് നിൽക്കുന്നത്.

ജൈവസമ്പത്ത്

മൊത്തം ഭൂപ്രകൃതി	7779 ഹെ
കൃഷിസ്ഥലം	7004 ഹെ
കൃഷിയോഗ്യമല്ലാത്ത തരിശ്	95.5 ഹെ
പുറമ്പോക്ക്	5 ഹെ

കുടിയേറ്റത്തിന്റെ ആദ്യകാലത്ത് ആന, കടുവ, കാട്ടുപന്നി, കാട്ടുപോത്ത്, മാൻ, മ്ലാവ് തുടങ്ങിയ വന്യമൃഗങ്ങൾ ഇവിടെ ധാരാളം ഉണ്ടായിരുന്നു. ഇന്ന് അവയുടെ വംശനാശം സംഭവിച്ചിരിക്കുന്നു. ദേശാടനപക്ഷികൾ സാധാരണയായി ഇവിടെ എത്താറില്ല. പഞ്ചായത്തിന്റെ അതിർത്തിയിലുള്ള പൈതൽ മലയുടെ ഭാഗങ്ങളിൽ നിലനിൽക്കുന്ന അല്പമാത്രമായ കാടുകളിൽ കുരങ്ങ്, കാട്ടുപക്ഷികൾ എന്നിവയും കണ്ടെത്താൻ കഴിയും. കടുത്ത വേനലിൽ കാട്ടാനക്കൂട്ടങ്ങൾ വെള്ളമന്വേഷിച്ച് കുടകുവനങ്ങളിൽനിന്ന് അപൂർവ്വമായി കാരാമാരത്ത്, മഞ്ഞപ്പുല്ല് പ്രദേശങ്ങളിൽ എത്തിച്ചേരാറുണ്ട്.

മനുഷ്യവിഭവം

1991ലെ കാനേഷുമാരി പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 33456 ആണ്.

പഞ്ചായത്തിൽ മൊത്തം പുരുഷൻമാരുടെ എണ്ണം സ്ത്രീകളുടെ എണ്ണത്തേക്കാൾ കൂടുതലാണ്. ഈ സംസ്ഥാനത്തെ കണക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിലെ വാർഡുതിരിച്ചുള്ള ജനസംഖ്യ

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	1197	1332	2529
2	1168	1488	3156
3	1368	1330	2638
4	1296	1289	2585
5	1627	1550	3171
6	1249	1249	2498
7	1172	1102	2274
8	1090	1085	2175
9	741	728	1469
10	1059	999	2658
11	1747	1688	3435
12	1839	1848	3687
13	901	874	1775
ആകെ	16888	16568	33456

കൃഷി - ജലസേചനം

മിക്കവാറും കാടായിക്കിടന്ന ഈ പ്രദേശത്ത് 1945നു ശേഷമാണ് കൃഷിഭൂമി അന്വേഷിച്ച് ദക്ഷിണകേരളത്തിൽ നിന്ന് കൃഷിക്കാർ വന്നു തുടങ്ങിയത്. 1960കളിൽ ഈ കുടിയേറ്റം ദ്രുതഗതിയിലായി.

ഇവിടെ നിലവിലിരുന്ന കൃഷി സമ്പ്രദായം തന്നെയാണ് കുടിയേറ്റകർഷകരും ആദ്യ കാലങ്ങളിൽ സ്വീകരിച്ചത്. കുറേശ്ശെയായി കാടുകൊത്തി തീയിട്ട് നെല്ലുകൃഷിചെയ്യുകയും കുരുമുളക് വള്ളി നട്ടുപിടിപ്പിക്കുകയും ചെയ്തു. അടുത്ത വർഷങ്ങളിൽ അവിടെ മരച്ചീനി കൃഷിയും നടത്തിയിരുന്നു. തുടർന്ന് തെങ്ങ് മുതലായ സ്ഥിര ദേഹണ്ണങ്ങൾ ആരംഭിച്ചു. തെരുവപ്പുല്ല് കൃഷിചെയ്ത് വാറ്റി പുൽതൈലം എടുക്കുകയും ചെയ്തിരുന്നു.

വനമായികിടന്ന പ്രദേശങ്ങളിലെ മണ്ണ് നല്ല ഫലപുഷ്ടിയുള്ളതായിരുന്നു. അത് മൂലം അക്കാലത്ത് വളമൊന്നും ചെയ്യാതെ തന്നെ കനത്ത വിളവ് കിട്ടിയിരുന്നു. എന്നാൽ യാത്രാ സൗകര്യങ്ങൾ വളരെ വിരളമായിരുന്ന അക്കാലത്ത് നടീൽ വസ്തുക്കൾ എത്തിക്കുക ദുഷ്കരമായിരുന്നു. ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കാനും പ്രയാസമുണ്ടായിരുന്നു. കാട്ടാന, കാട്ടു പന്നി, മുള്ളൻ പന്നി തുടങ്ങിയ മൃഗങ്ങളുടെ ഉപദ്രവവും അക്കാലത്ത് കർഷകർക്ക് ഭീഷണിയായിരുന്നു. എങ്കിലും പ്രതികൂല സാഹചര്യങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ഭൂരിപക്ഷം കർഷകരും പുതിയ മേച്ചിൽ സ്ഥലങ്ങളിൽ നിലയുറപ്പിച്ചു. പുഴകളുടെ ഇരുകരകളിലും വൻ വൃക്ഷങ്ങളും ആറ്റുവഞ്ചിയും ഈറ്റക്കാടുകളും നിറഞ്ഞു നിന്നിരുന്നത് കൊണ്ട് വേനൽകാലത്ത് ജലക്ഷാമം അനുഭവപ്പെട്ടിരുന്നില്ല. പുഴകളിൽ പലതരം മത്സ്യങ്ങളും സുലഭമായിരുന്നു.

1964 ഓടുകൂടി ഈ പ്രദേശത്ത് റബ്ബർ കൃഷി ആരംഭിച്ചു. അന്ന് കൃഷിക്ക് ഉപയോഗിച്ചിരുന്നത് "ക്ലോണൽ" എന്നയിനം റബ്ബർ തൈകളായിരുന്നു. അത്യുൽപാദന ശേഷിയുള്ള ബഡ്ഡുതൈകൾ അക്കാലത്ത് വിപണിയിൽ എത്തിയിരുന്നില്ല. ആലക്കോടിന്റെ പരിസരത്തുള്ള കോളിയട് മലയിലും വൈതൽ മലയുടെ അടിവാരത്തും ഇപ്പോൾ ഉദയഗിരി പഞ്ചായത്തിൽപ്പെട്ട വിസ്തൃത ഭൂഭാഗങ്ങളിലും ചപ്പാരപ്പടവു പഞ്ചായത്തിൽപ്പെട്ട നാടുകാണിയിലുമായി വ്യാപിച്ചുകിടന്നിരുന്ന രണ്ടായിരം ഏക്കറോളം വരുന്ന എസ്റ്റേറ്റ് സമുച്ചയം ശ്രീ പി.ആർ. രാമവർമ്മ രാജ രൂപപ്പെടുത്തി. മൊത്തത്തിൽ കോളിയാട്ട് എസ്റ്റേറ്റ് എന്നാണ് അറിയപ്പെട്ടിരുന്നത്. ഇതിന്റെ വികസനത്തിന് അഗ്രികൾച്ചർ റീഫൈനാൻസ് കോർപ്പറേഷനിൽ നിന്ന് ലക്ഷക്കണക്കിനുള്ള തുക ലോണായി കിട്ടുകയും ചെയ്തിരുന്നു. റബ്ബർ ടാപ്പിംഗ് തുടങ്ങി അധികം കഴിയുന്നതിന് മുമ്പ്തന്നെ ഏപ്രിൽ 1973ൽ തൊഴിൽ സമരം മൂലം കോളിയാട് എസ്റ്റേറ്റ് അടച്ച് പൂട്ടേണ്ടിവന്നത് അക്കാലത്ത് ഈ പ്രദേശത്തെ കാർഷികോൽപാദനത്തിൽ ഗണ്യമായ കുറവുണ്ടാക്കി.

1971ലെ ഭൂപരിഷ്കരണ നിയമം നടപ്പായപ്പോൾ കൃഷിക്കാർക്ക് ജന്മിമാരിൽ നിന്ന് 'ചാർത്തി' വാങ്ങിയ ഭൂമിക്ക് പട്ടയത്തിലൂടെ സ്ഥിരാവകാശം കിട്ടി. അതേ സമയം ഈ നിയമപ്രകാരം തന്നെ കോളിയാട് എസ്റ്റേറ്റിൽ നിന്നും വിവിധ ഭാഗങ്ങളിൽ പെട്ട 1250 ഏക്കർ പ്ലാന്റേഷൻ മിച്ച ഭൂമിയായി സർക്കാർ ഏറ്റെടുക്കുകയും മേൽ നോട്ടത്തിനായി കേരളാ പ്ലാന്റേഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്തു.

കൃഷിക്ക് ഉപയുക്തമായ തരിശുഭൂമി ഇവിടെ ശേഷിക്കുന്നില്ല. ആകെയുള്ള 7779 ഹെക്ടർ ഭൂവിസ്തൃതിയിൽ നെൽപ്പാടങ്ങൾ ഒട്ടും തന്നെയില്ല. 7004ഹെക്ടർ പുരയിടങ്ങളും 5 ഹെക്ടർ പുറംപോക്ക് സ്ഥലവുമാണ്. റോഡിന്റെയും കെട്ടിടങ്ങളുടെയും കുടി ആകെ വിസ്തൃതി 674.5 ഹെക്ടർ ആണ് കൃഷിയോഗ്യമല്ലാത്ത തരിശ് 95.5 ഹെക്ടർ വരും.

ഈ പഞ്ചായത്തിൽ സുമാർ 6320 നാമമാത്ര


മൊത്തം ഭൂപ്രകൃതി	7779 ഹെ
പുരയിടം	7004 ഹെ
റോഡും കോട്ടിടങ്ങളും	674.5 ഹെ
കൃഷി യോഗ്യമല്ലാത്ത തരിശ്	95.5 ഹെ
പുറംമ്പോക്ക്	5 ഹെ

കർഷകരും 3160 ചെറുകിട കർഷകരും 109 വൻകിട കർഷകരുമാണ് ഉള്ളത്. പുതുതായി കൃഷിക്കു പറ്റിയസ്ഥലം ഒട്ടും തന്നെയില്ല. പരമാവധി ഉൽപാദന വർദ്ധനവിന് ഊന്നൽ കൊടുത്തു കൊണ്ടും ആവർത്തന കൃഷി പ്രോത്സാഹിപ്പിച്ചു കൊണ്ടും കൃഷിഭവൻ നടപ്പിലാക്കികൊണ്ടിരിക്കുന്ന കുറേ പദ്ധതികളുണ്ട്. തെങ്ങ്, കശുമാവ്, കുരുമുളക്, കവുങ്ങ്, ജാതി,പേര, മാംഗൊസ്റ്റിൻ, മാവ്, പുളി, ഗ്രാമ്പു, തുടങ്ങിയ നടീൽ വസ്തുക്കളുടെ വിതരണം സബ്സീഡി നിരക്കിലും സൗജന്യമായും ഇപ്പോൾ നടന്നുവരുന്നുണ്ട്. കശുമാവ് കൃഷിക്കും കുരുമുളക് കൃഷിക്കും രാസവളവും കീടനാശിനികളും സബ്സീഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. തെങ്ങ് കൃഷിക്ക് നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ കൃഷിഭവൻ മുഖേന പല പദ്ധതികളും നടപ്പിലാക്കിവരുന്നു.

മണ്ണ് -ജല സംരക്ഷണത്തിന്റെ ഭാഗമായി

കാർഷിക വിളകളുടെ വിസ്തീർണ്ണവും ഉൽപാദനവും

	ഇനം	വിസ്ത്തീർണ്ണം	മൊത്തം ഉൽപ്പാദനം	ഉൽപ്പാദനക്ഷമത ഹെക്ടറിൽ
1	റബ്ബർ	2605 H	10.706550 Kg	4110 Kg
2	തെങ്ങ്	2090 H	1.38.8200 Nos	1 41
3	കവുങ്ങ്	780 H	27.30000 Kg	3500 K.g
4	കുരുമുളക്	675 H	320625 Kg	475 K.g
5	കശുമാവ്	620 H	6.20000 Kg	1000K.g
6	മരച്ചീനി	207H	15.62850 Kg	7750.Kg
7	വാഴ	136H	54.40000 Kg	4000.Kg
8	ഇഞ്ചി	60H	5.16000 Kg	8600Kg
9	മഞ്ഞൾ	15H	1. 12500 Kg	7500Kg
10	കൊക്കോ	10H	4500 Kg	450Kg
11	കാപ്പി	10H	2500 Kg	250Kg
12	പച്ചക്കറികൾ	10H	5600 Kg	560Kg
13	മാവ്	9H	14400 Kg	1600Kg


റബ്ബർ
തെങ്ങ്
കവുങ്ങ്
കുരുമുളക്
കശുമാവ്
മരച്ചീനി
വാഴ
ഇഞ്ചി
മഞ്ഞൾ
കൊക്കോ
കാപ്പി
പച്ചക്കറി
മാവ്

ഘട്ടത്തിൽ 300 കർഷകർക്കും രണ്ടാംഘട്ടത്തിൽ 220 കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. ആലക്കോട് കൃഷിഭവന്റെയും പഞ്ചായത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് സർക്കാറിന്റെ ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

കാർഷിക മേഖലയിലെ ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കി കൃഷിഭവൻ മുഖേന മറ്റ് സഹായങ്ങളും കർഷകർക്ക് നൽകി വരുന്നുണ്ട്. പഞ്ചായത്തിൽ 2345 കിണറുകൾക്കും 85 കുളങ്ങൾക്കും കൃഷിഭവൻ മുഖേന സബ്സിഡി നൽകിയിട്ടുണ്ട്. 270ഓളം സ്വകാര്യ കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് നിർമ്മിച്ച 7ക്രോസ്ബാറുകളുണ്ട്. നെയറോം പുഴ, ആലക്കോട് പുഴ, കാവുമ്പായി പുഴ, മൗവ്വത്താനി പുഴ, പച്ചാണി തോട് എന്നിങ്ങനെയുള്ള പ്രധാന നീരൊഴുക്കുകളും 17ഓളം ചെറുതോടുകളും നിരവധി വരട്ടുചാലുകളും പഞ്ചായത്ത് അതിർത്തിക്കുള്ളിലുണ്ട്. ഏതാനും കൃഷിയിടങ്ങൾ പ്രധാന നീരൊഴുക്കുകളിൽ നിന്ന് പമ്പ് ഉപയോഗിച്ചും ഹോസ് ഉപയോഗിച്ചും വേനൽ കാലങ്ങളിൽ കൃഷിക്ക് ജലം ഉപയോഗിക്കുന്നുണ്ട്.

പഞ്ചായത്തിലെ ജലസേചനപദ്ധതികളുടെ വിവരങ്ങൾ
(അവലംബം : മൈനർ ഇറിഗേഷൻ ഡിപ്പാർട്ടമെന്റ്)

ക്രമനമ്പർ	പ്രവർത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയാക്കിയ വർഷം	എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ)	ആയക്കെട്ട് വിസ്തീർണ്ണം (ഹെക്ടർ)
1	പിക്കാച്ചേരി തോട്ടിൽ വെന്റഡ് ക്രോസ് ബാർ	1991	1992	3.95+ 4.00	40+ 40
2	കഴുക്കൽ തോടിന് വെന്റഡ് ക്രോസ് ബാർ കനാൽ & സി.ഡി. വർക്സ്	1991 1992	1995 പണി തുടരുന്നു	3.9 4.00	32+ 35
3	ചെക്കിച്ചേരിയിൽ വെന്റഡ് ക്രോസ് ബാർ രണ്ട് ചെക്ക് ഡാമുകൾ	1994	1994	3.00	20
4	മവ്വത്താനി പുഴയിൽ വെന്റഡ് ക്രോസ് ബാർ രണ്ട് ചെക്ക് ഡാമുകൾ	1994	1995	4.00	20
5	കപ്പണ - കുളം	1991	പണി പൂർത്തിയായിട്ടില്ല	6.01	25
6	മുക്കാട്ട് തോടിന് വെന്റഡ് ക്രോസ് ബാർ	1969		0.13	8

പ്രശ്നങ്ങൾ

1. പ്രധാനമായും ഈ പഞ്ചായത്തിലെ കാർഷിക മേഖലയെങ്കിലും കൃഷി വ്യാപനത്തെ നിയന്ത്രിക്കുന്നില്ല.

2. കൈവശമുള്ള ഭൂമിയുടെയിൽ കിട്ടാവുന്നതാണ് ഭൂമിയുടെ. ഭൂമിയുടെയും വിലയിരുത്തലും ഒരു പ്രശ്നമാണ്.

3. ഭൂമിയിലെ മണ്ണ് പരിശോധന നടത്തിയിട്ടില്ല. കൃഷിക്കാർ വളപ്രയോഗം നടത്തുന്നു. ഇത് മൂലം വളപ്രയോഗത്തിൽ ഭൂമിയിലെ ഘടനയിൽ (ഭൌതിക ഘടനയും രാസിക ഘടനയും) പ്രതികൂലമായി ബാധിക്കുന്നു.

4. ഭൂമിയിൽ കൂടിയ അളവിൽ രാസവളം പ്രയോഗിക്കുന്നു.

5. മണ്ണ് പരിശോധനക്കുള്ള സംവിധാനം പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇല്ല.

6. കീടനാശിനികളുടെ അമിതമായ ഉപയോഗം മണ്ണും ജലവും മലിനമാക്കുന്നു.

7. കർഷക തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. ഉള്ളവർക്ക് തന്നെ വർദ്ധിച്ച കൂലി കൊടുക്കേണ്ടി വരുന്നു. പുരുഷ തൊഴിലാളികൾക്ക് ശരാശരി 80-85 രൂപയും സ്ത്രീ തൊഴിലാളികൾക്ക് ശരാശരി 55-60 രൂപയും കൂലി നിലവിലുണ്ട്.

8. മണ്ണൊലിപ്പ് തടയുന്നതിലുണ്ടായ പരാജയം മണ്ണിന്റെ ഫലപുഷ്ടിയും ജല സംഭരണ ശേഷിയും കുറയുന്നതിന് കാരണമായി.

9. വൈദ്യുതിക്ഷാമം മൂലം ജലസേചനം ഫലപ്രദമായി നടത്താൻ സാധിക്കുന്നില്ല.

10. കഴിഞ്ഞ കുറേ വർഷങ്ങളായി ജലസ്രോതസ്സുകൾ വേനലിന്റെ ആരംഭത്തിൽ തന്നെ വറ്റി വരണ്ടു പോകുന്നു.

11. റബ്ബർ കൃഷി വ്യാപകമായതോടെ മരങ്ങളെല്ലാം പാടെ മുറിച്ച് മാറ്റേണ്ടിവന്നു. ഇത് മൂലം മണ്ണിന്റെ ജലസംഭരണശേഷി കുറഞ്ഞു. മണ്ണൊലിപ്പു കൂടുതലായി.

12. പുഴയുടെ തീരങ്ങളിൽ കൈയ്യേറ്റവും മണലൂറ്റലും വ്യാപകമായി തീർന്നിരിക്കുന്നു. ഇത് മൂലം മഴക്കാലം കഴിഞ്ഞാലുടൻ പുഴകൾ വറ്റിവരളുന്നു.

13. വള്ളക്കാരികളുടെ ഉൽപാദനം നാമമാത്രമായി തീർന്നിരിക്കുന്നു. വള്ളക്കാരി വിത്തുകൾ യഥാസമയം കിട്ടാൻ മാർഗ്ഗമില്ല.

14. റബ്ബർ, കവുങ്ങ്, എന്നീ കൃഷികൾ ഒഴികെ മറ്റൊന്നും ആകർഷകമായ അറ്റാദായം കിട്ടുന്നവയല്ല.

15. പല കാർഷികോൽപന്നങ്ങളുടെയും വിലയിൽ ആനുപാതിക അന്തരമുണ്ടാകുന്നു.

16. നിരവധി രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു. തെങ്ങിന് കുമ്പ് ചീയൽ, ഇലകരിച്ചിൽ, ചെന്നീരൊലിപ്പ്, ഇലക്ക് മഞ്ഞളിപ്പ്, കൂമ്പുകൊഴിച്ചിൽ രോഗവാട്ടം, സാധാരണ വാട്ടം പൊള്ളു വണ്ടിന്റെ ഉപദ്രവം കശുമാവിന് തടിതുരപ്പൻ പുഴുവിന്റെ ഉപദ്രവം, കമ്പിളിപ്പുഴു ബാധ. റബ്ബറിന് പട്ടമറപ്പ്, ചീക്ക്, അടുത്തകാലത്തായി തടിയിൽ കുത്തി വിനാ മരം ഉണങ്ങിപോകുന്ന രൊഗവും കണ്ടുവരുന്നു.

17. കൃഷിഭവനിലൂടെ വിതരണം ചെയ്യുന്ന നടീൽ വസ്തുക്കൾ അതാതു സീസണിലല്ല ഇപ്പോൾ കിട്ടുന്നത്. അതുമൂലം അവ പ്രയോജനമാകുന്നില്ല.

18. പഞ്ചായത്തിന്റെ വിസ്തൃതി കണക്കിലെടുക്കുമ്പോൾ ഇന്നുള്ള ജീവനക്കാരെ കൊണ്ട് കൃഷിഭവന്റെ സേവനം എല്ലായിടത്തും എത്തിക്കുക വിഷമമാണ്.

സാധ്യതകൾ

1. കാർഷിക മേഖലയിൽ ജോലിചെയ്യാൻ ആളുകളെ കിട്ടാനുള്ള വിഷമം കണക്കിലെടുത്ത് ഇവിടുത്തെ കാർഷിക മേഖലക്ക് ഉതകുന്ന തരത്തിലുള്ള ചെറിയ യന്ത്രങ്ങൾ കണ്ടുപിടിച്ച് ഉപയോഗിക്കാൻ സാധിക്കണം. യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കാനും ഇത് ഉപകരിക്കും.

2. അതിരുകളിലും പുറം പോക്കുകളിലും ശീമകൊന്ന വച്ചുപിടിപ്പിക്കാൻ ശ്രമിക്കണം. തെങ്ങിൻതോട്ടങ്ങളിൽ മറ്റു പച്ചില വളച്ചെടികളും വളർത്താവുന്നതാണ്.

3. കമ്പോസ്റ്റ് വള നിർമ്മാണം ഓരോ വീട്ടിലും നടപ്പാക്കണം. മണ്ണിര കമ്പോസ്റ്റ് വള നിർമ്മാണം പ്രോത്സാഹിപ്പിക്കണം. ഇതിന് കർഷകർക്ക് പരിശീലനം നൽകാൻ സംവിധാനം ഉണ്ടാകണം.

4. ശാസ്ത്രീയമായി മണ്ണ് പരിശോധിച്ച് ജൈവ വളങ്ങളും രാസവളങ്ങളും വേണ്ട അനുപാതത്തിൽ ചേർക്കാൻ കർഷകർ തയ്യാറാകണം.

5. കൃഷിഭവനോട് ബന്ധപ്പെടുത്തി ഒരു മണ്ണ് പരിശോധനാ കേന്ദ്രം ഉണ്ടാകണം.

6. മണ്ണ് സംരക്ഷണ പദ്ധതി ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങൾ ഒഴിച്ച് ബാക്കി പ്രദേശങ്ങളെല്ലാം ആ പദ്ധതിയുടെ പരിധിയിൽ കൊണ്ട് വരികയും കയ്യാലവെക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുകയും വേണം. ഇതിന് വേണ്ടിവരുന്ന ചെലവിന്റെ 50% എങ്കിലും സബ്സിഡി നൽകാനുള്ള സംവിധാനം ഉണ്ടാകണം.

7. ചെലവു കുറഞ്ഞ കുഴികൾ എല്ലാ പുരയിടങ്ങളിലും ഉണ്ടാക്കാൻ കൃഷിക്കാരെ ബോധവൽക്കരിക്കണം.

8. മഴക്കാലം കഴിയുന്നതോടെ വരട്ടുചാലുകളിൽ നാടൻ ചെക്കുഡാമുകൾ നിർമ്മിക്കാൻ കർഷകരെ പ്രേരിപ്പിക്കണം.

9. കർഷകർക്ക് പമ്പ്സെറ്റുകൾ പ്രവർത്തിപ്പിക്കാനുള്ള വൈദ്യുതി സൗജന്യമായി ലഭിക്കാൻ സംവിധാനം ഉണ്ടാകണം.

10. പുഴകളുടെ പുറംപോക്കുകൾ എത്രയും വേഗം റീ സർവ്വേ ചെയ്ത് തിട്ടപ്പെടുത്തണം പുറംപോക്കുകളിൽ ഈറ്റ, മുള തുടങ്ങിയവ വച്ചു പിടിപ്പിക്കാൻ കഴിയണം. സ്ഥല വാസികളുടെയും സന്നദ്ധ സേവകരുടെയും സഹകരണത്തോടെ ഇത് ചെയ്യാൻ സാധിക്കും.

11. പഞ്ചായത്ത് അധീനതയിലുള്ള ഈയ്യഭരണി തുരുത്ത് (റെയറോം പുഴയിൽ) പഞ്ചായത്ത് കൃഷിക്ക് ലേലം ചെയ്ത് കൊടുക്കുന്ന രീതി അവസാനിപ്പിച്ച് അവിടെ വൻമരങ്ങളുടെ തൈകൾ വച്ചു പിടിപ്പിക്കണം.

12. നിലവിലുള്ള ദേവസ്വം കാവുകൾക്ക് (പീക്കാച്ചേരി, കക്കോട്, അമ്പിട്ടൻ കാവ് തുടങ്ങിയവ) ക്ഷതമേൽക്കാതെ നോക്കുകയും അവിടെ കൂടുതൽ മരങ്ങൾ വച്ച് പിടിപ്പിക്കുകയും ചെയ്യണം.

13. മണ്ണിടോട്ടങ്ങളിൽ കഴിക്കുന്ന പുറമേടങ്ങളിൽ മാവ്, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്ന കാര്യത്തിൽ കുടുംബശ്രീ ശ്രദ്ധിക്കണം.

14. പുതിയതായി വച്ച് പിടിപ്പിക്കുന്ന മണ്ണിടോട്ടങ്ങളുടെ ചുമതല, പ്രദേശത്തുള്ള സന്നദ്ധ സംഘടനകൾ ഏറ്റെടുത്ത് കാര്യക്ഷമമായി നടപ്പാക്കാൻ സഹായകമാകും.

15. വിവാഹ ചടങ്ങുകളിൽ വേണ്ട സാധനങ്ങൾ വെന്റിംഗ് കോൺട്രാക്ടുകളും പന്തൽ സംവിധാനങ്ങളും നിർമ്മിക്കണം.

16. ആലക്കോട്, കരുവഞ്ചാൽ, നടുവിൽ, മയ്യിൽ, പച്ചാണി, എന്നി പുഴകളിൽ സംഭരണ വിതരണകേന്ദ്രങ്ങൾ നിർമ്മിക്കണം.

17. ഓരോ വീട്ടിലും അടുക്കളത്തോട്ടം (പോഷകത്തോട്ടം) ഉണ്ടാക്കാൻ പ്രോത്സാഹനം നൽകണം. യഥാസമയം പച്ചക്കറിവിത്തുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യാൻ സാധിക്കണം.

18. കൃഷിഭവനിലൂടെ വിതരണം ചെയ്യുന്ന നടീൽ വസ്തുക്കൾ കാലവർഷാരംഭത്തിൽ തന്നെ കർഷകർക്ക് ലഭിക്കാൻ സാധിക്കണം.

19. മാരകമായ കീടനാശിനികളുടെ ഉപയോഗം പരിമിതമാക്കി ജൈവ കീടനാശിനികൾ കൂടുതലായി ഉപയോഗിക്കാൻ കൃഷിക്കാർ തയ്യാറാകണം.

20. ഓർക്കിഡ്, കുൺ എന്നി കൃഷികൾക്ക് പ്രോത്സാഹനം നൽകണം.

21. സെറി കൾച്ചർ നമ്മുടെ പഞ്ചായത്തിൽ വിജയകരമായി നടത്താൻ സാധിക്കും അതിനുള്ള പരിശീലനം കർഷകർക്ക് നൽകാനുള്ള ഏർപ്പാടും ഉണ്ടാകണം.

22. ഇടവിളകളായി വാനില, കൈത തുടങ്ങിയ കൃഷികൾ പ്രോത്സാഹിപ്പിക്കണം.

23. കൃഷിഭവന്റെ സേവനം ഫലപ്രദമായി തീരുന്ന

[illegible] [illegible] [illegible] [

അംഗൻ വാടിക്ക് സമീപം ചെക്ക് ഡാമുകൾ നിർമ്മിക്കണം.

27. ആലക്കോട് പുഴയിൽ പെരുനിലത്തുനിന്ന് കൊട്ടയാടേക്ക് കടക്കുന്ന സ്ഥലത്ത് ഒരു ബൈപ്പ് ക്രോസ്ബാർ നിർമ്മിക്കണം.

28. [illegible]

29. [illegible]



മൃഗസംരക്ഷണം

കാർഷിക ഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ കന്നുകാലി വളർത്തൽ വളരെ വർഷങ്ങൾക്കു മുമ്പുതന്നെ കുടിലുകളുടെ ഭാഗമായി നിലനിരുന്നു. ഓണവുമായിരുന്നു. ഓണവുമായിരുന്നു. ഓണവുമായ

പഞ്ചായത്തിലെ തൊഴിലുറപ്പ് കന്നുകാലികളുടെ എണ്ണം 8232 ആണ്. കഴിഞ്ഞ കാനുഷുമാരി കാലത്തിനിടയിൽ പശു, കാള, എരുമ, ആട് എന്നിങ്ങനെ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. തൊഴുത്തുകളുടെ വിസ്തൃതി കുറഞ്ഞതും മേച്ചിൽ സ്ഥലങ്ങളുടെ അഭാവവും കാലിത്തീറ്റകളുടെ അമിതമായ വിലവർദ്ധനവും തീറ്റപ്പുൽ, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവും വേണ്ടത്ര ചികിത്സാ സൗകര്യമില്ലായ്മയും കന്നുകാലി വളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ് താഴെ പശുക്കളുടെ സ്ഥാനത്ത് ഇന്ധികവും സങ്കരയിനം പശുക്കളാണ്. പാൽ കൂടുതൽ കിട്ടുമെങ്കിലും ഉയർന്ന വിലയുമായി തട്ടിച്ചുനോക്കിയാൽ പാലിന് കിട്ടുന്ന വില അപര്യാപ്തമാണ്.

കന്നുകാലികളിൽ ഉണ്ടാകുന്ന രോഗങ്ങൾ ഇന്ന് വ്യാപകമാണ്. അകിടു വീക്കം, കുളമ്പുരോഗം, മുടന്തൻപനി, വായ സംബന്ധമായ രോഗങ്ങൾ, ഗ്യാസ്ട്രോ സംബന്ധമായത്, തൈലേരിയോസിസ് എന്നിവ സാധാരണമാണ്. ഇതിന് ഫലപ്രദമായ ചികിത്സ ലഭിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. ഡോക്ടർമാരുടെ കുറവ് തന്നെയാണ് ഇതിന് പ്രധാന കാരണം. ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ICDP പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് വെറ്റിനറി ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടായിരിക്കുമിത്. ഈ പ്രവർത്തനവും ഫലപ്രദമായിട്ടില്ല. നിലവിലുള്ള ആശുപത്രിക്ക് വേണ്ടത്ര സൗകര്യം ഒരുക്കിയിട്ടുണ്ടെങ്കിലും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. നിലവിലുള്ള ആശുപത്രിക്ക് വേണ്ടത്ര സൗകര്യം ഒരുക്കിയിട്ടുണ്ടെങ്കിലും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. തിരിച്ച്, പൊന്നാട, പാറ്റി, ചിറ്റടി, കാപ്പിമല, തെറ്റിക്കുന്ന്, തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് മൃഗ ചികിത്സക്ക് വേണ്ടി ആഴ്ചകൾക്ക് എത്തുന്നുള്ള ബുദ്ധിമുട്ട് വിവരണാതീതമാണ്. ഗ്രാമീണമായ തൊഴുത്തിലായാലും പശു പരിപാലനത്തെക്കുറിച്ചും രോഗപ്രതിരോധ നടപടികളെ കുറിച്ചും കർഷകർക്കുള്ള അജ്ഞതയും രോഗ വർദ്ധനവിന് പ്രധാന കാരണമാണ്.

മൃഗാശുപത്രിയിൽ ലഭ്യമായ രോഗവിവരങ്ങൾ

നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	ആകെ	മറ്റുള്ളവ
1	ദഹന സംബന്ധമായവ (Digestiver disorders)	3828	24	154	48		
2	ശ്വാസ കോശ സംബന്ധം (Respiratory diseases)	1212	-2-	76	16		
3	ഉപാപചയ സംബന്ധം (Netabolic diseases)	394	-2-	12	-		
4	ത്വക് രോഗങ്ങൾ (Skin diseases)	845	-4-	49	45		
5	ധാതുലവണങ്ങളുടെ അഭാവം (Deficiency diseases)	231	-2-	12	4		
6	പരാദ രോഗങ്ങൾ (Parasitic diseases)	1712	15	48	21		
7	പ്രത്യുല്പാദനവുമായി ബന്ധപ്പെട്ടവ (Gynacological diseases)	734	4	12	2		
8	വന്ധ്യത (Infertility)	1046	27	21	10		
9	അകിട് വീക്കം (Mastitics)	402	5	12	-		
10	മുടന്തൻ പനി (Emphemeral fever)	-	16	28	-		
11	പകർച്ച വ്യാദികൾ (Contiglous diseases)				-		

കൃത്രിമ ബീജ സങ്കലനത്തിന്റെ കാര്യത്തിലും ആദ്യം സൂചിപ്പിച്ച കേന്ദ്രങ്ങളിൽ മാത്രമെ സൗകര്യമുള്ളു. കാപ്പിമല, നെല്ലിക്കുന്ന് എന്നീ സ്ഥലങ്ങളിൽ ഓരോ കൃത്രിമ ബീജ സങ്കലന കേന്ദ്രമെങ്കിലും ആരംഭിക്കണമെന്ന ആവശ്യത്തിന് കാലങ്ങളുടെ പഴക്കം ഉണ്ട്. .കൃത്രിമ ബീജ സങ്കലനത്തിന് ഊടാക്കി വന്നിരുന്ന തുക കുത്തനെ വർദ്ധിപ്പിച്ചത് ക്ഷീര കർഷകർക്ക് ഏറെ പ്രയാസമുണ്ടാക്കിയിട്ടുണ്ട്.

സങ്കരയിനം പശുക്കളുടെ വർദ്ധനവിനനുസരിച്ച് പാൽ ഉൽപാദനം ഗണ്യമായി വർദ്ധിക്കാത്ത സ്ഥിതി ഉണ്ട്. നമ്മുടെ പഞ്ചായത്തിൽ ക്ഷീര വിപണന രംഗത്ത് കാര്യമായ മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. അരങ്ങം പരപ്പ, ചെറുപാറ, കൊട്ടയാട് എന്നിപ്രദേശങ്ങളിൽ മാത്രമാണ് പാൽ സംഭരണ കേന്ദ്രങ്ങളുള്ളത്.

അലഞ്ഞുതിരിയുന്ന പട്ടികളുടെ ശല്യം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുണ്ട്. വളർത്തുനായ്ക്കളെ നിർബന്ധമായി കുത്തിവയ്പ്പിക്കാൻ ആവശ്യമായ ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്. പേപ്പട്ടി ശല്യം ഇടക്കിടെ ഉണ്ടാകുന്നത് ഗൗരവമായി തന്നെ കാണുവാൻ സാധിക്കണം. അലഞ്ഞുതിരിയുന്ന നായ്ക്കളെ കൊന്നുകളയാൻ ബന്ധപ്പെട്ടവർ യാതൊരു ഉപേക്ഷയും കാണിക്കരുത് നമ്മുടെ പഞ്ചായത്തിൽ 3238 നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നൽകിയിട്ടുണ്ട്.

ആട്, പന്നി, മുയൽ എന്നിവ പഞ്ചായത്തിൽ വ്യാപകമല്ല. 1987 ലെ സർവ്വെ പ്രകാരം 3821 ആടുകളെ പഞ്ചായത്തിനകത്ത് വളർത്തുന്നുണ്ട്. കന്നുകാലി വളർത്തലിന് അപേക്ഷിച്ച് ലാഭകരമാണെങ്കിലും ആളുകൾ ഈ രംഗത്തേക്ക് കടന്നുവരുന്നില്ല. ആട്ടിറച്ചിക്ക് നാൾക്കുനാൾ ഡിമാന്റ് വർദ്ധിക്കുന്നത് ഈ മേഖലയിലുള്ള പുതിയ സാധ്യതകളാണ്.

വളർത്തുപക്ഷികൾ എന്ന നിലക്ക് കോഴിയും താറാവുമാണ് പ്രധാനമായിട്ടുള്ളത്. ഇറച്ചിക്കോഴി വളർത്തുന്ന ഒരു കേന്ദ്രവും ഇപ്പോൾ നിലവിലില്ല. ഇറച്ചി കോഴി വില്പന കേന്ദ്രം ചിലയിടങ്ങളിലുണ്ട്. സ്വകാര്യ ഹാച്ചറികളിൽ നിന്ന് കുഞ്ഞുങ്ങളെ വാങ്ങേണ്ടിവരുന്നതും കോഴിത്തീറ്റകളുടെ ഗുണ നിലവാരക്കുറവും, വിലവർദ്ധനവും കോഴി വളർത്തലൽ രംഗത്ത് പ്രശ്നമാണ്.

2500 ലേറെ മുട്ടകൾ ദിനംപ്രതി പഞ്ചായത്തിനകത്ത് വിറ്റഴിയുന്നുണ്ട്. മറ്റു പ്രദേശങ്ങളിൽ നിന്ന് കൊണ്ടുവരുന്നവയാണ് ഇവ. മുട്ട കോഴിവളർത്തൽ പ്രോത്സാഹിപ്പിച്ച് നമ്മുടെ ആവശ്യത്തിന് മുട്ടകൾ പഞ്ചായത്തിനകത്ത് കുറഞ്ഞവിലക്ക് ലഭ്യമാക്കാനുള്ള സാധ്യത നാം ഉപയോഗപ്പെടുത്തണം.

മറ്റു പക്ഷിവിഭാഗത്തിൽ പ്രാവ്, ലൗ ബേർഡ്സ്, തത്ത എന്നിവയെ വളർത്തുന്നവർ അപൂർവ്വമായിട്ടുണ്ട്.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിനകത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്ന സ്കീമുകൾ താഴെ കൊടുക്കുന്നു.

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
2. പേവിഷ നിയന്ത്രണ പദ്ധതി
3. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി
4. കാലിരോഗ നിയന്ത്രണ പദ്ധതി
5. പന്നിവളർത്തൽ
6. ആടുവളർത്തൽ
7. വീട്ടുവളപ്പിലെ കോഴി വളർത്തൽ
8. വന്ധ്യത നിവാരണ ക്യാമ്പും രോഗ രക്ഷാ ക്യാമ്പും

പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ അമിതമായ വിലക്കയറ്റം
2. പരിമിതമായ മേച്ചിൽ സ്ഥലങ്ങൾ
3. തീറ്റപ്പുല്ല്, വൈക്കോൽ എന്നിവ ലഭിക്കായ്ക.
4. ഗുണ നിലവാരമില്ലാത്ത കാലിത്തീറ്റ
5. പാലിന്റെ വില ഉൽപാദന ചെലവുമായി ബന്ധപ്പെട്ടുള്ള കുറവ്
6. മൃഗാശുപത്രിക്ക് കെട്ടിടമില്ലായ്മ ; മറ്റ് സൗകര്യങ്ങൾ ഇല്ലായ്മ
7. ആശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാരില്ല, ഉപകരണങ്ങളില്ല, വാഹന സൗകര്യമില്ല, ഉരുക്കളെ പരിശോധിക്കുന്ന ട്രെവിസ്സില്ല് ഇല്ല.
8. കുറഞ്ഞപലിശ നിരക്കിൽ വായ്പ സൗകര്യമില്ല.
9. പേപ്പട്ടി ശല്യം വർദ്ധിക്കുന്നു.
10. ICDP സബ് സെന്ററുകൾ പ്രവർത്തന ക്ഷമമല്ല.

സാധ്യതകൾ

1.പ്രദേശികമായി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ (ഉദാഹരണം: ചക്കക്കുരു, പുളിങ്കുരു, കശുമാങ്ങ, കപ്പയുടെ തണ്ട്, ഇല തുടങ്ങിയവ)

ഉപയോഗിച്ച് കുറഞ്ഞചിലവിൽ സഹകരണാടിസ്ഥാനത്തിൽ ചെറുകിട കാലിത്തിറ്റ യൂണിറ്റ് സ്ഥാപിക്കുക.

2. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ തീറ്റപ്പുല്ല് കൃഷിചെയ്യൽ പ്രോത്സാഹിപ്പിക്കുക.

3. ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമായി പ്രചരിപ്പിക്കുക.

4. മുഴുവൻ വാർഡുകളിലും ഡയറിയൂണിറ്റുകൾ ആരംഭിക്കുക.

5. ICDP സബ് ഡിവിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

6. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം, ഫോൺ, ഫർണ്ണിച്ചർ എന്നിവ ഉണ്ടാക്കുക. (സ്ഥലം ലഭിച്ചിട്ടുണ്ട്.)

7. തേർത്തല്ലി കേന്ദ്രീകരിച്ച് ഒരു മൃഗാശുപത്രി സ്ഥാപിക്കുക.

8. സ്കൂൾ പൗൾട്രി ക്ലബ്ബുകൾ പ്രോത്സാഹിപ്പിക്കണം.

9. രോഗ പ്രതിരോധ കുത്തിവെയ്പ്പുകൾ വ്യാപകമാക്കുക.

10. വീടുവളപ്പിൽ കോഴിവളർത്തൽ യൂണിറ്റുകൾ

11. കന്നുകാലികൾക്ക് സമഗ്ര ഇൻഷുറൻസ് പദ്ധതി

12. ആടുകളെ വളർത്താൻ ബോധവൽക്കരണം.

13. പൈതൽമലയിൽ വന്യമൃഗസംരക്ഷണ കേന്ദ്രം


14. പഞ്ചായത്തിലെ മുഴുവൻ പട്ടികളെയും പേവിഷനിർമ്മാർജ്ജന പരിപാടിയിൽ ഉൾപ്പെടുത്തുകയും കുത്തിവെയ്പ് നടത്തി ലൈസൻസ് നൽകുകയും ചെയ്യുക.

15. ഇറച്ചിക്കോഴി വളർത്താൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുക.

16. കാപ്പിമലയിലോ ഒറ്റത്തെയ്യിലോ ICDP സബ് സെന്റർ സ്ഥാപിക്കണം.



വ്യവസായം



ഇന്നും ഒരു കാർഷിക രാജ്യമായി അറിയപ്പെടുന്ന നമ്മുടെ ഭാരതത്തിന്റെ ദേശീയ വരുമാനത്തിൽ 26% മാത്രമാണ് വ്യവസായ മേഖലയുടെ സംഭാവന. കേരള സംസ്ഥാനത്തിന്റെ സ്ഥിതിയാവട്ടെ ഇതിലും ദയനീയവും. എഴുപതുകളിലെ 4.04% ആയിരുന്ന വ്യവസായ വളർച്ചാ നിരക്ക് ഇപ്പോൾ 1.22% ആയി കുറഞ്ഞിരിക്കുന്നു. സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിൽ വ്യവസായ മേഖലയുടെ പങ്ക് അനുദിനം കുറഞ്ഞുവരുന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1980-81 ൽ 22.1% ആയിരുന്നു വ്യവസായ മേഖലയിൽ നിന്നുള്ള വരുമാനമെങ്കിൽ 1993- ൽ 19.6% ആയി കുറഞ്ഞിരിക്കുന്നു. കേന്ദ്രസർക്കാരിന്റെ കേരളത്തിലെ നിക്ഷേപവും കുറേ വർഷങ്ങളായി കുറഞ്ഞുകൊണ്ടേയിരിക്കുന്നു.

കൃഷിഭൂമി അനുദിനം കുറഞ്ഞുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രധാനമായും ആശ്രയിക്കാൻ കഴിയുന്നത് വ്യാവസായിക മേഖലയെയാണ്. വ്യാവസായിക മേഖലയിലെ ദ്രുതഗതിയിലുള്ള വളർച്ചകൊണ്ടേ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പരാധീനതയ്ക്ക് പരിഹാരം കാണാനാകൂ. പുതിയ വികസന സംസ്കാരത്തിന്റെ ഭാഗമായി രൂപപ്പെട്ടുവരുന്ന വ്യവസായവികസനം ഈ പശ്ചാത്തലത്തിൽ വേണം നാം പരശോധിക്കേണ്ടത്.

കണ്ണൂർ ജില്ലയിലെ തികച്ചും മലയോര പ്രദേശമായി അറിയപ്പെടുന്ന ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ വ്യവസായ ചിത്രം ഏറെ നിരാശാജനകമാണ്. നമ്മുടെ മൊത്തം വരുമാനത്തിന്റെ 5% പോലും ഈ മേഖലയിൽ നിന്നുള്ള സംഭാവനയായി ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം ഗൗരവപൂർവ്വം നാം കാണേണ്ടതുണ്ട്. ഒരുകാലത്ത് കൂടിൽ വ്യവസായങ്ങളുടെ അസംസ്കൃത സാധനങ്ങളെ കൊണ്ട് സംമ്പന്നമായിരുന്ന ഈ പ്രദേശത്ത് വ്യാപകമായി തന്നെ കൊട്ട, വട്ടി, പായ തുടങ്ങിയ സാധനങ്ങൾ നിർമ്മിച്ചു വന്നിരുന്നു എന്നാൽ കാർഷികമുന്നേറ്റത്തിന്റെ ഫലമായി കാടുകൾ വെട്ടിതെളിക്കുകയും വൈവിധ്യമാർന്ന നാണ്യവിളകളുടെ വിളഭൂമിയായ് മാറ്റപ്പെടുകയും ചെയ്തതോടുകൂടി കൂടിൽ വ്യവസായ സാധ്യതകൾ പൂർണ്ണമായി തന്നെ ഇല്ലാതായി. സമൃദ്ധമായ നാണ്യവിളകളാവട്ടെ വ്യാവസായിക മുന്നേറ്റത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്യുന്നില്ല. കെട്ടുപിണഞ്ഞുകിടക്കുന്ന ഭൂമിശാസ്ത്രപരമായ തരംതിരിവിന്റെയും കൃഷിക്കാരിൽ വ്യാവസായിക മനോഭാവം വളർന്നുവരാത്തതിന്റെയും ഫലമാകാം ഇതിന് കാരണം. ഈ പരിതസ്ഥിതിയെ മുറിച്ചു കടക്കാനാവശ്യമായ ബോധപൂർവ്വവും സംഘടിതവുമായ ശ്രമങ്ങൾ വിവിധ തലങ്ങളിൽ ഉണ്ടായാലേ നമ്മുടെ പഞ്ചായത്തിന്റെ വികസന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയൂ.

പൊതുമേഖലയിലോ സഹകാര്യ മേഖലയിലോ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ആധുനിക വ്യവസായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുന്നവ കല്ലൊടിയിലുള്ള തടിമില്ലും, തേർത്തല്ലിയിലുള്ള തടിമില്ലും മാത്രമാണ്.

പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

ചെറുകിട വ്യവസായങ്ങൾ (സ്വകാര്യ മേഖല)

ക്രമ നമ്പർ	വ്യവസായം	ആകെ യൂണിറ്റുകൾ	തൊഴിലാളികളുടെ എണ്ണം	മറ്റു വിവരങ്ങൾ
1	ഗ്രിൽസ്, മെറ്റൽ എഞ്ചിനിയറിംഗ് വ്യവസായം	4	2	
2	തടി വ്യവസായം	3	6	
3	റൈസ്, കോമോഫ്ളവർ, ഓയിൽ മിൽ	3	3	
4	ടയർ റീസോളിങ്ങ്	2		
5	ഹോളോബ്രിക്സ്	1	6	
6	ഇലക്ട്രിക്കൽ ഉപകരണങ്ങൾ	2		
7	ബേയ്ക്കറി	16	32	
8	ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്	3	4	
9	പ്രസ്സ്	2	5	
10	ബുക്ക് ബൈൻഡിംഗ്	2	4	
11	കരിങ്കൽ ക്വാറി	20	400	
12	സ്റ്റോൺ ക്രഷർ			

ചെറുകിട വ്യവസായങ്ങൾ (ഖാദി മേഖല)

ക്രമ നമ്പർ	വ്യവസായം	തൊഴിലാളികളുടെ എണ്ണം	ആകെ	മറ്റു വിവരങ്ങൾ
1	നൂൽനൂല്പ് കേന്ദ്രം തിമിരി	15	15	പ്രവർത്തിക്കുന്നില്ല
2	നൂൽനൂല്പ് കേന്ദ്രം ചിറ്റടി	5	5	

പരമ്പരാഗത വ്യവസായങ്ങൾ

ക്രമ നമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം		ആകെ	മറ്റു വിവരങ്ങൾ
		പു.	സ്ത്രീ		
1	കല്ല് കൊത്ത്	40	ഇല്ല	40	
2	ചെത്ത്	26	-	26	
3	ബീഡി തെറുപ്പ്	5	20	25	

കുടിൽ വ്യവസായങ്ങൾ

ക്രമ നമ്പർ	ഇനം	എണ്ണം	തൊഴിലാളികളുടെ എണ്ണം		ആകെ	മറ്റു വിവരങ്ങൾ
			പു.	സ്ത്രീ		
1	പപ്പട നിർമാണം	3			10	
2	കൊട്ട, ചട്ടി, പായ നിർമ്മാണം	1			5	

പൊതുഅവലോകനം:

1. ചെറുകിടവ്യവസായങ്ങൾ

പഞ്ചായത്തിൽ ആകെ 80 ചെറുകിട വ്യവസായങ്ങൾ ആണ് ഉള്ളത്. ഇതിൽ കരിങ്കൽ ക്വാറി മാറ്റി നിർത്തിയാൽ നാമമാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളേ പഞ്ചായത്തിനകത്തുള്ളൂ. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സമൃദ്ധമായി കണ്ടുവരുന്ന കരിങ്കൽ ക്വാറികൾ പൂർണ്ണമായ് ഉപയോഗപ്പെടുത്തിയാൽ വൻ തൊഴിൽ സാധ്യതയുള്ള മേഖലയായി ഇതിനെ വിപുലപ്പെടുത്താൻ സാധിക്കും. നിലവിൽ പ്രവർത്തിക്കുന്ന 20-ഓളം ക്വാറികൾ സ്വകാര്യ വ്യക്തികളുടേതാണ്.അതുകൊണ്ട് തന്നെ അതിന്റെ നിലനിൽപ് അവരുടെ താത്പര്യത്തിൽ

അധിഷ്ഠിതവുമാണ്. സഹകരണ അടിസ്ഥാനത്തിൽ ഈ വ്യവസായത്തെ ഏകോപിപ്പിക്കാൻ ശ്രമം ഉണ്ടാവേണ്ടതാണ്. മറ്റു ചെറുകിട വ്യവസായങ്ങളിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നത് മരവ്യവസായത്തിലാണ്. സഹകാര്യ മാനേജ്മെന്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഇവിടങ്ങളിലും പ്രശ്നങ്ങൾ ഏറെയാണ്. അടിക്കടി ഉണ്ടാവുന്ന ലോഡ് ഷെഡിംങ്ങും പവർകട്ടും വോൾട്ടേജിന്റെ കുറവും സുഖമമായ പ്രവർത്തനത്തിന് തടസ്സമാണ്. ഗുണനിലവാരം ഉള്ള തടികളുടെ ലഭ്യതകുറവും ഗതാഗത സൗകര്യകുറവും ഈ വ്യവസായത്തിന്റെ വളർച്ചക്ക് വിഷമം സൃഷ്ടിക്കുന്നുണ്ട്.

2. പരമ്പരാഗത വ്യവസായങ്ങൾ

പരമ്പരാഗതവ്യവസായങ്ങൾ എന്ന നിലയിൽ തിമിരി 13ം വാർഡിൽ പ്രവർത്തിച്ചുവരുന്ന പയ്യന്നൂർ ഖാദി കേന്ദ്രത്തിന്റെ ഒരു നൂൽനൂൽപ്പ് യൂണിറ്റ് മാത്രമാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. ചുങ്കസ്ഥാനം റോഡരികിലുള്ള ഒരു വാടക കെട്ടിടത്തലാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. 25 ആളുകൾക്ക് തൊഴിൽ നൽകാനുള്ള സാമഗ്രികൾ ഉണ്ടെങ്കിലും ഇന്ന് കേവലം പത്തോളം വനിതകൾ മാത്രമാണ് ഇവിടെ ജോലി ചെയ്യുന്നത്. തുച്ഛമായി കിട്ടുന്ന വേതനം പുതുതായ് ഈ രംഗത്തേക്ക് ആളുകൾ കടന്നുവരുന്നതിന് ഒരു പ്രധാന തടസ്സമാണ്. കെട്ടിടത്തിന്റെ സുരക്ഷിതത്വമില്ലായ്മയും മൂത്രപുര തുടങ്ങിയ മറ്റു സൗകര്യങ്ങൾ ഇല്ലാത്തതും ഏറെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. സ്വന്തമായി കെട്ടിടം എടുക്കാൻ സ്ഥലം ലഭ്യമാണെങ്കിലും ആ നിലയ്ക്കുള്ള ശ്രദ്ധ ഖാദിബോർഡിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. കുറച്ചു വർഷങ്ങൾക്കുമുമ്പേ ചിറ്റടിയിൽ സഹകാര്യമാനേജുമെന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവന്ന നൂൽനൂൽപ്പ് കേന്ദ്രം കുലിയുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ ഭാഗത്തുനിന്ന് ആവശ്യം ഉയർന്നപ്പോൾ സ്ഥാപനം അടച്ചുപൂട്ടുകയും ഇപ്പോൾ 5- ഓളം തൊഴിലാളികൾ അവരവരുടെ വീടുകളിൽ നിന്ന് നൂലെടുത്ത് പുറമേയ്ക്ക് വിൽക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. വനിതാരംഗത്തെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ ഏറെ സഹായകരമായ ഈ മേഖലയെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിപുലമായ തോതിൽ ഉപയോഗപ്പെടുത്താൻ സാധിക്കും. നിലവിലുള്ള സ്ഥാപനങ്ങളെ സജ്ജീവമാക്കിയും പുതുതായി തൊഴിലാളികൾക്ക് പരിശീലനം കൊടുത്തും ഖാദിയൂണിറ്റുകൾ മുഴുവൻ വാർഡുകളിലും ആരംഭിക്കുവാൻ ആവശ്യമായ നീക്കങ്ങൾ ഉണ്ടാവേണ്ടതാണ്.

3. ബീഡിതെറുപ്പ്

ഒറ്റപ്പെട്ട നിലയിൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വീടുകൾ കേന്ദ്രീകരിച്ച് ബീഡിതെറുപ്പ് നടന്നു വരുന്നുണ്ട്. പരിചയസമ്പന്നരായ ഇത്തരം തൊഴിലാളികളെ പഞ്ചായത്തടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് സംഘടിത വ്യവസായ സ്ഥാപനമായ ദിനേശ് ബീഡിയുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയും ചെയ്താൽ രൂക്ഷമായ തൊഴിലിലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കുവാൻ സഹായിക്കും.

4. ചെത്ത്:

കേരവൃക്ഷങ്ങൾ ഏറെയുണ്ടെങ്കിലും കള്ളുൽപാദന രംഗത്തെ ഈ സാധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കുന്നില്ല. തെങ്ങിന്റെ ഉത്പാദനക്ഷമത കുറഞ്ഞുപോകും എന്ന കൃഷിക്കാരന്റെ തെറ്റായ ധാരണമൂലം ചെത്തുന്നതിന് വേണ്ടി തെങ്ങ് ലഭിക്കുന്നതിന് തടസ്സമാവുന്നുണ്ട്.

5. കുടിൽ വ്യവസായം:

(a) പപ്പടം

കുടിൽ വ്യവസായം എന്ന നിലയ്ക്ക് ചില കുടുബുകളെ കേന്ദ്രീകരിച്ച് പരപ്പ, ഒറ്റത്തെ, അരങ്ങം തുടങ്ങിയ ഭാഗങ്ങളിൽ പരിമിതമായ തോതിൽ പപ്പടം ഉണ്ടാക്കി വരുന്നുണ്ട്. അസംസ്കൃത സാധനത്തിന്റെ അമിതമായ വിലക്കയറ്റവും ട്രേഡ് മാർക്ക് കമ്പനി ഉൽപ്പന്നങ്ങളുടെ തള്ളികയറ്റവും ഈ കുടിൽ വ്യവസായത്തിന്റെ മുന്നോട്ടുപോക്കിന് പ്രതിബന്ധം സൃഷ്ടിക്കുന്നുണ്ട്. പുതുതായി ഈ രംഗത്തേക്ക് ആളുകൾ കടന്നുവരാത്തതും പ്രശ്നമാണ്. സാമ്പത്തികസഹായം ലഭ്യമാക്കിയും തൊഴിലാളികളെ പരിശീലിപ്പിച്ചും ഇത് വിപുലപ്പെടുത്താൻ സാധിക്കും. ട്രേഡ്മാർക്ക് സാധനങ്ങളോട് കിടപിടിക്കത്തക്ക രീതിയിൽ ആകർഷകമായ പായ്ക്കിംങ്ങും മറ്റ് പരസ്യ സംവിധാനവും ആവിഷ്ക്കരിക്കാൻ കഴിയണം.

(b) കൊട്ട, വട്ടി, പായ നമ്മുടെ പഞ്ചായത്തിൽ ഒരു കാലത്ത് സമൃദ്ധമായി ലഭിച്ചിരുന്ന ഈറ, മുള, ഓട, പനമ്പ്, കൈത എന്നിവ ഇന്ന് നാമമാത്രമായി തീർന്നിരിക്കയാണ്. അതുകൊണ്ട് തന്നെ ഈ കുടിൽ വ്യവസായം ഇന്ന് നാമമാത്രമായി തീർന്നിരിക്കുന്നു. അതുകൊണ്ട് തന്നെ ഈ കുടിൽ വ്യവസായം ഇന്ന് നമുക്ക് അന്യം നിന്ന് പോകുകയാണ്. ഒറ്റതൈ പ്രദേശത്ത് ചിലവീടുകളിൽ ഈ സാധനങ്ങൾ ഇപ്പോൾ പരിമിതമായ തോതിൽ നിർമ്മിച്ചുവരുന്നുണ്ട്. അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവും ഈ തൊഴിലെടുക്കാൻ പുതിയ തലമുറ തയ്യാറാവാത്തതും ഇതിന്റെ തകർച്ചയ്ക്ക് കാരണമാണ്. ഈ കുടിൽ വ്യവസായത്തിന് വിപുലമായ സാധ്യതകൾ നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയും. നീർച്ചാലുകൾ, ചെറിയ തോടുകൾ എന്നിവയുടെ തീരങ്ങളിലും (മിക്കവാറും കരിങ്കൽ പാറകൾ നിറഞ്ഞവ) ഈറ്റ, പനമ്പ്, മുള, കൈത എന്നിവ നട്ടുപിടിപ്പിക്കാൻ വിപുലമായ പ്രചാരണം നടത്തണം. ഇതുവഴി അസംസ്കൃത പദാർത്ഥങ്ങൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കാനും ഈ കുടിൽവ്യവസായത്തെ സംരക്ഷിക്കാനും നമുക്ക് സാധിക്കും.

പ്രശ്നങ്ങൾ

(I) ചെറുകിട വ്യവസായ മേഖല

1. വൈദ്യുതിയുടെ അപര്യാപ്തത
2. ധനകാര്യസ്ഥാപനങ്ങളുടെ അയവില്ലാത്ത സമീപനം
3. മാർക്കറ്റിംഗ് പ്രശ്നങ്ങൾ
4. മാനേജ്മെന്റിന്റെ കഴിവില്ലായ്മ
5. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം
6. സംരംഭകത്വ ശേഷിയില്ലായ്മ
7. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം
8. ഉയർന്ന കൂലിനിരക്ക്.
9. സാമ്പത്തിക സഹായം ആവശ്യമായ രീതിയിൽ യഥാസമയം ലഭിക്കായ്ക.
10. ലൈസൻസ് ലഭിക്കുന്നതിനുള്ള കാലതാമസം.
11. കാർഷികോൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ഇല്ലായ്മ.
12. വ്യവസായ വികസനവുമായ് ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ അഭാവം.
13. പരസ്യത്തിന്റെ ശക്തമായ സ്വാധീനം മൂലം വൻകിട കമ്പനികളോട് മത്സരിക്കാൻ സാധിക്കാത്ത സ്ഥിതി.

(II) പരമ്പരാഗത മേഖല

1. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം
2. അസംസ്കൃത സാധനങ്ങളുടെ വിലവർദ്ധനവ്
3. ആധുനിക വൽക്കരണത്തിന്റെയും യന്ത്രവൽക്കരണത്തിന്റെയും അഭാവം
4. സംഘടിത ശ്രമങ്ങൾ ഇല്ലായ്മ.
5. ആവശ്യമായ പരിശീലനം ലഭിക്കായ്ക

സാദ്ധ്യതകൾ

(I) തെങ്ങും – തേങ്ങയും

നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിച്ചുവരുന്ന തെങ്ങും തേങ്ങയും ഉപയോഗിച്ച് ഒട്ടനവധി വ്യവസായങ്ങൾ തുടങ്ങാനുള്ള സാധ്യതയെ പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. നമുക്ക് ആരംഭിക്കാൻ കഴിയുന്ന ഏതാനും വ്യവസായ യൂണിറ്റുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. റീ – റിഫൈൻഡ് വെളിച്ചെണ്ണ
2. കാലിത്തീറ്റ
3. കോഴിതീറ്റ
4. തെങ്ങിൻ തടി ഫർണ്ണിച്ചർ
5. കയറും കയറുൽപ്പന്നവും
6. ചോക്ലെറ്റ്
7. ചിരട്ടപ്പൊടി
8. യന്ത്രം ഉപയോഗിച്ച് പച്ച ചകിരി നാര് നിർമ്മാണം.
9. കരകൗശല വസ്തുക്കൾ
10. ഫോം ബെഡ് കുഷ്യൻ
11. ശീതള പാനീയങ്ങൾ
12. ഇളനീർപ്പന്തൽ
13. നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായ കോംപ്ലക്സ്

(II) റബ്ബർ

1. റബ്ബർ ബാൻഡ്, ഗ്ലൗസ്, ബലൂൺ.
2. കളിപ്പാട്ടങ്ങൾ
3. റബ്ബർ ഇലാസ്റ്റിക്ക്
4. ത്രെഡ്, ടേപ്പ്
5. റബ്ബർ ചെരിപ്പ്
6. ഫോം ബെഡ്ഡുകൾ, കുഷ്യനുകൾ

7. ഒട്ടുപാൽ, ചിരട്ടപാൽ എന്നിവ സംസ്കരിക്കുന്ന ക്രേപ് മില്ലുകൾ

(III) പഴം സംസ്കരണം

അച്ചാർ, ജാം, സ്കാഷ്, പൾപ്പ്, പഴച്ചാർ പഞ്ചായത്തിൽ യഥേഷ്ടം ലഭിക്കുന്ന കശുമാങ്ങ, മാങ്ങ, ചക്ക, വാഴപ്പഴങ്ങൾ എന്നിവ ഉപയോഗിച്ച് മേൽപറഞ്ഞ ഉൽപന്നങ്ങൾ സഹകരണാടിസ്ഥാനത്തിലോ മറ്റു രീതിയിലോ വിപുലമായ തോതിൽ ഉൽപ്പാദിപ്പിക്കേണ്ടതാണ്.

(IV) വാഴനാരുകൊണ്ടുള്ള കരകൗശല വസ്തുക്കൾ

(V) മിനറൽ-പുഴയോരങ്ങളിൽ കാണുന്ന കളിമണ്ണുപയോഗിച്ച് ഇഷ്ടിക, ഓട് എന്നിവ നിർമ്മാണം.

(VI) ഖാദി- കൈത്തറി സംഘങ്ങൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ആരംഭിക്കുക. നിലവിലുള്ളവ വിപുലപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകക.

(VII) സഹകരണാടിസ്ഥാനത്തിൽ പാൽ വിതരണ സംഘങ്ങൾ, പാറപൊട്ടിക്കൽ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ബുക്കു ബൈൻഡിംഗ്, ബേക്കറി എന്നിന ആരംഭിക്കുക.

(VIII) ഫ്ളോറി കൾച്ചർ, സെറി കൾച്ചർ എന്നിവ വിപുലമായതോതിൽ ആരംഭിക്കാനാവശ്യമായ ബോധവൽക്കരണവും സാമ്പത്തിക സഹായവും ലഭ്യമാക്കുക.

(IX) കല്ലുകൊത്തു തൊഴിലാളി വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക, യന്ത്രവൽക്കരിക്കുക.

(X) സിമന്റ് ഉപയോഗിച്ച് ഇഷ്ടിക, ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

(xI) കെട്ടിടനിർമ്മാണത്തിനാവശ്യമായ ഗ്രിൽസ്, ഗേറ്റ്, അലുമിനിയം ഫാബ്രിക്കേഷൻ സാധനങ്ങൾ എന്നിവ ഉണ്ടാക്കൽ.

(XII) മരത്തടികൊണ്ട് ആകർഷകമായ കൊത്തു പണികളോട്കൂടിയ ഫർണ്ണിച്ചറുകളും കെട്ടിട നിർമ്മാണ സാമഗ്രികളും ഉണ്ടാക്കൽ.

(XIII) ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ആരംഭിക്കുക.

(XIV) അറവുശാലകളിൽ നിന്ന് യഥേഷ്ടം ലഭിക്കുന്ന കൊഴുപ്പും തോലും ഉപയോഗിച്ച് കൗതുക വസ്തുക്കളും മെഴുകുതിരിപോലുള്ള മറ്റ് ചെറുകിട വ്യവസായ യൂണിറ്റുകളും ആരംഭിക്കുക.

(XV) കൃഷിക്ക് ഉപയുക്തമല്ലാത്ത പാറപ്രദേശങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഭ്യമാണ്. പാഴ്മരങ്ങൾ ഉപയോഗിച്ചുള്ള തീപ്പെട്ടി വ്യവസായ ഹാക്ടറികൾക്കും ഇത് ഉപകരിക്കും.

(XVI) പൈതൽമല കേന്ദ്രമാക്കി ടൂറിസം വ്യവസായത്തിന് സാധ്യത പരിശോധിക്കുക.

അനുബന്ധം

ഗ്രാമസഭയിൽനിന്നും വന്ന നിർദ്ദേശങ്ങൾ

1. നെല്ലിക്കുന്ന് വാർഡ്

റബ്ബർ നാളികേരം തുടങ്ങിയ കാർഷികോൽപന്നങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായങ്ങൾ തുടങ്ങാനുള്ള സാധ്യത.

2. ചിറ്റടി വാർഡ്

ചിറ്റടി, പെരുവട്ടം എന്നിവിടങ്ങളിൽ ഖാദിയൂണിറ്റ്, റബ്ബർ, ചകിരി എന്നിവ അടിസ്ഥാനമാക്കി വ്യവസായ യൂണിറ്റ്, ഓയിൽമില്ല് തുടങ്ങുവാനുള്ള സാധ്യത.

3. കൊട്ടയാട് വാർഡ്

കൊപ്രസംഭരണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ. പാലുംചിത്തയിൽ സഹകരണ മേഖലയിൽ കരിങ്കൽ ക്വാറ യൂണിറ്റ്. കുളാമ്പി കെട്ടിട സാമഗ്രി നിർമ്മാണ യൂണിറ്റ്. ന്യൂബസാർ കേന്ദ്രമാക്കി വനിതകൾക്ക് തയ്യൽ പരിശീലന യൂണിറ്റ്.

4. ആലക്കോട് വാർഡ്.

റബ്ബർ, നാളികേരം തുടങ്ങിയ ഉൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായത്തിനു സാധ്യത. തേനീച്ച വളർത്തൽ വ്യവസായം. പുഷ്പ കൃഷി വ്യവസായം (ഓർകിഡ്). കരിങ്കൽ ക്വാറക്ക് ഇനിയും സാധ്യത ഉണ്ട്.

5. തിമിരി വാർഡ്

തേനീച്ച വളർത്തൽ. കശുമാങ്ങ, മാങ്ങ, ചക്ക തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് വ്യവസായം തുടങ്ങണം. മേൽപറഞ്ഞ സാധനങ്ങളുടെ ചാറുകൾ ഉപയോഗിച്ച് ശീതളപാനീയങ്ങൾ എന്നിവയും ഇതിന്റെ അവശിഷ്ടങ്ങൾ (ചണ്ടി) ഉപയോഗിച്ച് കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ നിർമ്മിക്കാനും സാധിക്കും. കശുവണ്ടിയുമായി ബന്ധപ്പെട്ട വ്യവസായം

ഉയർന്ന പാറപ്രദേശത്ത് പാഴ്മരങ്ങൾ ഉപയോഗിച്ച് തീപ്പെട്ടി വ്യവസായം ആരംഭിക്കാം. ഇതിന് അനുയോജ്യമായ സ്ഥലം ലഭ്യമാണ്.

കോഴിവളർത്തൽ വ്യവസായത്തിന് സാധ്യത.

റബ്ബർ, നാളികേരം എന്നിവ ഉപയോഗിച്ചുള്ള വ്യവസായം.

6. റെയറോം വാർഡ്.

റബ്ബർ അധിഷ്ഠിത വ്യവസായത്തിനു സാധ്യത.

ഗാർമെന്റ്സ് കരകൗശല നിർമ്മാണം.

സഹകരണ അടിസ്ഥാനത്തിൽ ബെയ്ക്കറി.

ചകിരി നാരും റബ്ബർ പാലും ഉപയോഗിച്ചുള്ള ഫോം നിർമ്മാണം.

ഇളനീർ പന്തൽ

7. നെല്ലിപ്പാറ വാർഡ്.

ചകിരി ഉപയോഗിച്ചുള്ള വ്യവസായ യൂണിറ്റ്.

ഒരു നൂൽ നൂൽപ് കേന്ദ്രം

കരിങ്കൽ ക്വാറി, മരമില്ല് എന്നിവ സഹകരണ അടിസ്ഥാനത്തിൽ

റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റ്

8. കാപ്പിമല വാർഡ്

റബ്ബർ അധിഷ്ഠിത വ്യവസായം, കോഴിവളർത്തൽ എന്നിവയ്ക്ക് സാധ്യത.

വൈതൽ മല ടൂറിസ്റ്റ് കേന്ദ്രമാക്കാൻ സാധ്യത.

9. ഒറ്റത്തെ വാർഡ്

കൂടിൽ വ്യവസായം വിപുലപ്പെടുത്താൻ സാധ്യതയുണ്ട്.

10. ചെറുപാറ വാർഡ്

സിമന്റ്, ഇഷ്ടിക നിർമ്മാണ യൂണിറ്റ് തുടങ്ങാനുള്ള സാധ്യത.

പഴ സംസ്കരണ യൂണിറ്റ്

റബ്ബർ അധിഷ്ഠിത വ്യവസായം

കശുവണ്ടി സംസ്കരണ ശാലയുടെ സാധ്യത.

11. പരപ്പ വാർഡ്

വനിതാ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

കൊപ്ര പ്രൊസസ്സിംഗ് യൂണിറ്റ്

സഹകരണ മേഖലയിൽ പിക്കിൾ വ്യവസായം

റബ്ബർ, തേങ്ങ തുടങ്ങിയവ ഉപയോഗിച്ചുള്ള വ്യവസായം

12. തേർത്തല്ലി വാർഡ്

കൊപ്ര സംസ്കരണം, മര വ്യവസായം, സോപ്പ് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കോഴി വളർത്തൽ

ഗോതമ്പ് പൊടിച്ച് ഭക്ഷ്യ വസ്തുക്കൾ ഉണ്ടാക്കൽ.



വിദ്യാഭ്യാസം

മലയോരമേഖലയിലെ അതിവിസ്തൃതമായ ഒരു പഞ്ചായത്താണ് ആലക്കോട്. ഏകദേശം 40 വർഷം മുൻപ് പഴയ തിരുവിതാംകൂർ പ്രദേശത്തുനിന്ന് കുടിയേറ്റക്കാർ ഇവിടെ എത്തുമ്പോൾ അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒന്നും ഈ പ്രദേശത്തുണ്ടായിരുന്നില്ല. മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിൽ ഒരു ഏകാദ്ധ്യാപക വിദ്യാലയം 1948-ൽ രയറോത്ത് സ്ഥാപിച്ചു. 1955-56ൽ ആലക്കോടും ഒരു ഏകാദ്ധ്യാപക സ്കൂൾ സ്ഥാപിച്ചു. തുടർന്ന് 1957 ആഗസ്റ്റ് 8ാം തീയ്യതി 6ാം തരം മാത്രമുള്ള ഒരു സ്കൂൾ ശ്രീ. പി.ആർ. രാമവർമ്മ രാജയുടെ മാനേജ്മെന്റിൽ അനുവദിക്കപ്പെട്ടു. അനുവദിച്ച വിദ്യാലയത്തിൽ 1ാം തരം മുതൽ 7ാം തരം വരെയുള്ള ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. തുടക്കം മുതൽ ശ്രീ. കെ.കെ. കുട്ടപ്പൻ നായരായിരുന്നു അതിന്റെ ഹെഡ്മാസ്റ്റർ. പ്രസ്തുത വിദ്യാലയം 1962-ൽ അപ് ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കി. ആ സ്ഥാപനമാണ് ഇന്നുകാണുന്ന ആലക്കോട് എൻ. എസ്സ്. എസ്സ്. ഹൈസ്കൂളായി തീർന്നത്.

കുടിയേറ്റത്തിന്റെ ആരംഭകാലത്ത് വിസ്തൃതമായ ഈ മലയോര മേഖലയിലെ കുടിയേറ്റകാരുടെ കുട്ടികൾക്ക് ഏകാശ്രയമായിരുന്നത് ആലക്കോട്ടെ ഹൈസ്കൂൾ ആയിരുന്നു. പിൽക്കാലത്ത് കാർത്തികപുരം, ശ്രീപുരം, മേരിഗിരി, കണിയഞ്ചാൽ എന്നിവിടങ്ങളിൽ എല്ലാം ഹൈസ്ക്കൂളുകൾ ഉണ്ടായി.

ഇപ്പോൾ ഈ പഞ്ചായത്തിൽ 2-ഹൈസ്കൂളുകൾ ഉൾപ്പെടെ 10 വിദ്യാലയങ്ങളുണ്ട്. 13 വാർഡുകളിലായി സ്ഥിതിചെയ്യുന്ന ഈ വിദ്യാലയങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 9 അംഗൻവാടികളും ഇവിടെയുണ്ട്.

ഈ പ്രദേശത്തെ കുട്ടികൾക്ക് ഹൈസ്കൂൾ തലംവരെ പഠിക്കുന്നതിനുള്ള സാഹചര്യം മാത്രമേ എന്നും നിലവിലുള്ളൂ. കോളേജ് വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും ഉള്ള യാതൊരു സൗകര്യവും ഈ പ്രദേശത്തില്ല. ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടി മറ്റു സ്ഥലങ്ങളിൽ പോകേണ്ട സ്ഥിതിയാണുള്ളത്. ആകെ ആശ്രയമായിട്ടുള്ളത് പഞ്ചായത്തതിർത്തികുളളിൽ പ്രവർത്തിക്കുന്ന 4 പാരലൽ കോളേജുകൾ മാത്രമാണ്. ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂളെങ്കിലും ഉണ്ടായിരിക്കണം എന്നാണല്ലോ പൊതുധാരണ ആ നിലയ്ക്ക് നോക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ 2 ഹൈസ്കൂളുകൾ ഉണ്ട് എന്നുള്ളത് ആശാവഹമാണ്. എങ്കിലും 11.കിലോമീറ്റർ വരെ ദൂരത്തുനിന്ന് വന്നെത്തി ഹൈസ്കൂൾ വിദ്യാഭ്യാസവും 4-5 കിലോമീറ്റർ ദൂരം താണ്ടി വന്ന് പ്രൈമറി വിദ്യാഭ്യാസവും നടത്തേണ്ട സ്ഥിതി ഇന്നും നിലനിൽക്കുന്നുണ്ട്.

വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ

നിലവിലുള്ള വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ അത്ര മെച്ചമല്ല.

1. പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ പലേടത്തും വേണ്ടത്ര കെട്ടിടങ്ങളോ ഫർണിച്ചറോ ഇല്ല.

2. പല വിദ്യാലയങ്ങൾക്കും കളിസ്ഥലങ്ങൾ ഇല്ല.

3. പരപ്പ, ചിറ്റടി, തിമിരി എന്നീ സ്കൂളുകളിൽ കുട്ടികൾക്ക് കുടിവെള്ളം ലഭിക്കാനുള്ള സംവിധാനമില്ല.

4. ഭൂരിപക്ഷം വിദ്യാലയങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

5. മിക്ക വിദ്യാലയങ്ങളിലും ലബോറട്ടറി സൗകര്യങ്ങൾ തൃപ്തികരമല്ല.

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	വിസ്തീർണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളി സ്ഥലം	കിണർ
1	ഗവ. യു.പി. സ്കൂൾ തിമിരി	2.54				ഉണ്ട്	ഇല്ല	ഇല്ല				
2	ഗവ. യു.പി. സ്കൂൾ വിജയഗിരി	2.00				ഉണ്ട്	ഉണ്ട്	ഉണ്ട്				
3	N.S.S. L.P.Sആലക്കോട്	1.50				ഇല്ല	ഉണ്ട്	ഉണ്ട്				
4	A.L.P.സ്കൂൾ ചിറ്റടി	0.25				ഇല്ല	ഉണ്ട്					
5		1.50			ഇല്ല	ഉണ്ട്	ഉണ്ട്					ഉണ്ട്
6		1.00			ഇല്ല	ഇല്ല	ഉണ്ട്					ഇല്ല
7		6.39	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്				
8		3.00	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്				
9		2.00	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്				
10		2.10			ഇല്ല	ഇല്ല	ഉണ്ട്					

സ്കൂളുകളിലേക്കുള്ള ശരാശരി ദൂരം

	തരം	ശരാശരി ദൂരം	പരമാവധി ദൂരം
1	എൽ. പി. സ്കൂൾ	1.5K.M	4K.M
2	യു.പി. സ്കൂൾ	1.5K.M	4K.M
3	ഹൈസ്കൂൾ	4K.M	11K.M

അക്കാഡമിക്ക് നിലവാരം

പൊതുവെ പറഞ്ഞാൽ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ അക്കാഡമിക്ക് നിലവാരം തൃപ്തികരമല്ല. ഇടക്കാലപരീക്ഷകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ പകുതിയിലധികം വിദ്യാർത്ഥികളും 40% താഴെ മാർക്കു വാങ്ങുന്ന വരാണ്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും കൂടി സ്കോളർഷിപ്പ് ലഭിക്കുന്ന 11 വിദ്യാർത്ഥികളേയുള്ളു.

സമാന്തര വിദ്യാഭ്യസ സ്ഥാപനങ്ങൾ

വിക്ടോറിയ കോളേജ് തേർത്തല്ലി, റോയൽ കോളേജ് ചെറുപാറ, പ്രൊവിഡൻസ് കോളേജ് ആലക്കോട്, മഹാത്മ കോളേജ് ആലക്കോട് എന്നിവയാണ് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഉന്നത വിദ്യാഭ്യാസത്തിന് സാധ്യതയില്ലാത്ത് ഈ സ്ഥലത്ത് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന സേവനം വിലമതിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. സാമൂഹ്യ ക്ഷേമ വകുപ്പിന് കീഴിൽ പഞ്ചായത്തിൽ 10 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പലതിനും ഉറപ്പുള്ള കെട്ടിടങ്ങൾ ഇല്ല. പലതിലും വേണ്ടത്ര കളിപ്പാട്ടങ്ങൾ ഇല്ല.

2. സർക്കാർ വിദ്യാലയങ്ങളിൽ പലതിനും കെട്ടിടം, കുടിവെള്ള സൗകര്യം, യാത്രാ സൗകര്യം മുതലായവ ഇല്ല.

3. പല വിദ്യാലയങ്ങലിലും പ്രാഥമിക സൗകര്യങ്ങളും കളിസ്ഥലങ്ങളും ഇല്ല.

4. അക്കാഡമിക്ക് നിലവാരം തൃപ്തികരമല്ല. S.S.L.C. പരീക്ഷയിലെ വിജയവും അത്ര മെച്ചപ്പെട്ടതല്ല.

5. കലാകായിക രംഗങ്ങളിൽ കുട്ടികൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

6. ചില വിദ്യാലയങ്ങളിലെങ്കിലും അദ്ധ്യാപക ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

7. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല.

8. അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളായതിനാൽ പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടിപ്പികാകൻ പ്രയാസം ഉണ്ട്.

9. അൺ എയ്ഡഡ് വിദ്യാലയങ്ങളിലേക്ക് കുട്ടികൾ ധാരാളമായി പോകുന്നത് കൊണ്ട് സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഡിവിഷൻ കുറഞ്ഞുവരുന്നു.

10. പഞ്ചായത്തിലെ S.S.L.C വിജയ ശതമാനം ക്രമമായ കുറഞ്ഞു വരുന്നതായി കാണുന്നു.

S.S.L.C. വിജയ ശതമാനം

വർഷം	ആകെ വിദ്യാർത്ഥികൾ	വിജയിച്ചവർ	ശതമാനം
92-93	488	389	80
93-94	510	334	65
94-95	485	308	63
95-96	492	287	58

സാധ്യതകൾ

1. നിലവിലുള്ള അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതോടൊപ്പം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ അത്യാവശ്യമായ സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ അനുവദിക്കണം

2. വിദ്യാലയങ്ങളിലെ അദ്ധ്യാപക – രക്ഷകർത്തൃ സമിതികളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാകണം. പ്രസ്തുത സമിതികൾ തദ്ദേശസ്വയംഭരണസമിതികളുടെ സഹായത്തോടെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.

3. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കു പ്രത്യേക പരരശീലനം കൊടുത്താൽ പഠനനിലവാരം ഉയർത്താൻ സാധിക്കും. ഇക്കാര്യത്തിൽ രക്ഷകർത്തൃസമിതികൾക്ക് നിർണ്ണായക പങ്കു വഹിക്കാൻ സാധിക്കും (ഗുരുകുലം പദ്ധതി ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

4. പുതിയ വിദ്യാലയങ്ങൾ അനുവദിക്കണമെന്ന ആവശ്യം വ്യാപകമെങ്കിലും സാധ്യതകൾ വിശദമായി പഠിച്ച് പഞ്ചായത്ത് ശുപാർശ ചെയ്യേണ്ടതാണ്.

5. പഞ്ചായത്തിന്റെ 12 ാം – വാർഡിൽ ഒരു പ്രൈമരി വിദ്യാലയം റെ പരിഗണന അർഹിക്കുന്നു.

6. ആലക്കോട് കേന്ദ്രമായി ഒരു ITI സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്

7. ആലക്കോട് എൻ. എസ്സ് . എസ്സ് ഹൈസ്കൂളിൽ ഹയർ സെക്കന്ററി അനുവദിച്ചുകിട്ടാനുള്ള ശ്രമം ഉണ്ടാകണം.

8. മലയോരപഞ്ചായത്തുകളായ ഉദയഗിരി, ആലക്കോട്, നടുവിൽ, ചപ്പാരപ്പടവ് എന്നിവടങ്ങളിലെ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ഒടുവള്ളിത്തട്ട് കേന്ദ്രീകരിച്ച് ഒരു കോളേജ് സ്ഥാപിക്കാനുള്ള ശ്രമം ഉണ്ടാവണം.

പാഠലൽ കോളേജ്

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	പഠിക്കുന്ന വിദ്യാർത്ഥികൾ			ജീവനക്കാർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	വിക്ടോറിയ കോളേജ് തേർത്തല്ലി	130	124	254	10	2	12
2	റോയൽ കോളേജ് ചെറുപാറ	25	45	70			
3	പ്രൊവിഡൻസ് ആല ക്കോട്	19	30	49	9	2	11

ടൈപ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	പഠിക്കുന്നവർ			ജീവനക്കാർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	മഹാത്മ കമ്പയൂട്ടർ സെന്റർ ആലക്കോട്	2	8	10	1	-	1
2	ടൈപ്റൈറ്റിംഗ് ഇൻസ്റ്റി റ്റ്യൂട്ട് തേർത്തല്ലി	12	22	34	-	1	1
3	മലബാർ പ്രൊഫഷണൽ അക്കാദമി	-	10	10	1	3	4
4	ആലക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേർസ്	10	64	74	-	2	2

സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	ലംസംഗ്രാന്റ്	മുസ്ലീം പെൺ കുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്
2	ഗവ. യു.പി. എസ്. തിമിരി	1	14	-	1
3	ഗവ. യു.പി..എസ് മയറോം	4	61	44	4
4	ഗവ. യു.പി..എസ് പരപ്പ	-	11	21	1
5	ഗവ. യു.പി..എസ് വിജയഗിരി	3	67	-	-
6	ചിറ്റടി എൽ.പി. സ്കൂൾ	-	78	1	2
7	N.N.S.S. L.P. സ്കൂൾ ആലക്കോട്	-	49	-	-
	മേരിഗിരി ഹൈസ്കൂൾ	3	17	30	2

വിദ്യാലയ വിവരങ്ങൾ

	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം			SC/ST			അദ്ധ്യാപകരുടെ എണ്ണം.		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ഗവ. U.P.S തിമിരി		202	156	358	5	10	15	9	3	12
2	ഗവ. U.P.S വിജയഗിരി		94	86	180	25	26	51	4	2	6
3	N.S.S L.P.S. ആലക്കോട്		147	153	300	20	28	48	2	6	8
4	A.L.P.S പിറ്റടി		150	155	305	26	32	58	4	6	10
5	ഗവ. ഒറ്റത്തെ		112	130	242	11	9	20	3	5	8
6			173	159	332	5	3	8	4	5	9
7			726	753	1479	59	81	140	18	37	55
8	മേരിഗിരി H.S തേർത്തല്ലി		268	326	594	6	10	16	15	11	26
9	ഗവ. U.P.S മയറോം		337	331	668	28	33	61	9	10	19
10	പോളിഫാമിംഗ് L.P മല്ലിപ്പാറ		155	117	252	16	6	22	3	6	9

കുടിവെള്ളം

കേരളത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തുകളിൽ ഒന്നാണ് മലയോര പഞ്ചായത്തായ ആലക്കോട്. പ്രകൃതിയെ അശാസ്ത്രിയമായി ചൂഷണം ചെയ്തതിന്റെ തിക്ത ഫലങ്ങൾ ഇവിടെയും പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. കുടിവെള്ള സ്രോതസ്സുകൾ ഒന്നൊന്നായി അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. വേനലാരംഭിക്കുമ്പോൾ തന്നെ പുഴകളിലേയും കുളങ്ങളിലേയും വെള്ളം വറ്റുന്നു. മനുഷ്യന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയായി കൊണ്ടിരിക്കുന്ന കുടിവെള്ളപ്രശ്നത്തിന് പരിഹാരമെന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സ്വയം സന്നദ്ധരായി നാം ഓരോരുത്തരും മുമ്പോട്ട് വരേണ്ടിയിരിക്കുന്നു.

നിറയെ കാടുകളും വറ്റാത്ത പുഴകളും ഉണ്ടായിരുന്ന കുടിയേറ്റത്തിന്റെ ആദ്യ കാലഘട്ടത്തിൽ ആലക്കോട് മേഖലയിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടിരുന്നില്ല. എന്നാൽ വർദ്ധിച്ച രീതിയിൽ കുടിയേറ്റമുണ്ടാവുകയും കാടുകളുടെ വിസ്തൃതി കുറയുകയും ചെയ്തതോടുകൂടി ചെറിയ ചെറിയ നീരുറവകൾ വറ്റുകയും കുടിവെള്ളം ഒരു പ്രശ്നമായി തീരുകയും ചെയ്തു. 77.70 ച.കി.മി. വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥലങ്ങളും കുന്നുകളും മലകളുമാണ്. 35510 ജനസംഖ്യയുള്ള (അംഗൻവാടികളിൽ രേഖരിച്ചിട്ടുള്ളകണക്ക്) ആലക്കോട് പഞ്ചായത്തിന്റെ മിക്കവാറും പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കഴിഞ്ഞവർഷത്തെ വരൾച്ച കാലത്ത് ചരിത്രത്തിൽ ആദ്യമായി ലോറിയിൽ ശുദ്ധജല വിതരണം നടത്തേണ്ട ഗതികേടും ഈ പഞ്ചായത്തിൽ ഉണ്ടായി.

പഞ്ചായത്തിലെ കുടിവെള്ളപ്രശ്നം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന പ്രദേശങ്ങൾ താഴെ പറയുന്നവയാണ്.

തിമിരി, കുഞ്ഞമ്പലം, കാരയാട്, മവ്വത്താനി, ചെറുപാറ, ചെറുപാറ ഹരിജൻ കോളനി, പെരിങ്ങാല, യേശുദാസ് മുക്ക്, പെരുവട്ടം, കഴക്കൽ, കക്കോട്ട്, പാലമാട്, തേർത്തല്ലി ടൗൺ, പനങ്കുറ്റി, വടക്കുംപൊയിൽ, മേരിഗിരി, മുലോത്തുംകുന്ന്, മുന്നാംകുന്ന്, ചാല, തുവങ്ങാട്ട്, കുവത്തും ചാൽമല, ചാത്തമംഗലം, കുക്കാട്, കാരിയാട്, അതിർക്കുഴി, നെടുവിലം കുന്ന്, കപ്പണമല, കണ്ടൻകൊട്ടയാട്, കുറുഞ്ഞിക്കുളം, ആലക്കോട് ടൗൺ, കോളിഭാഗം, പെരുമുണ്ട കോളനി, കാപ്പിമല, ഊളിമട, മഞ്ഞപ്പുല്ല്, പൈതൽക്കുണ്ട്, ഊറ്റുകുഴി മുകൾഭാഗം, ആനക്കുഴി, മഞ്ഞപ്പുല്ല്, ഫർലോഗ്കര, മേലാരംതട്ട്, നെല്ലിക്കുന്ന്, കൂളാമ്പിത്തട്ട്, ഒറ്റമുണ്ട, ചാലുംചിറ്റ, നരിയംപാറ, കോട്ടക്കടവ്, അരങ്ങം, പെരുനിലത്തിന്റെ മുകൾഭാഗം, പെരുനിലം കോളനി, വട്ടക്കയം, കുട്ടാപറമ്പ് മുകൾഭാഗം.

പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സുകൾ

പഞ്ചായത്തിലെ കുടിവെള്ളത്തിന്റെ പ്രധാന സ്രോതസ്സ് കിണറുകളാണ്. നീരുറവകൾ, കുളങ്ങൾ, ടാപ്പുകൾ, കുഴൽകിണറുകൾ, പൊതുടാങ്കുകൾ എന്നിവയിൽനിന്നും ജനങ്ങൾ ജലം ഉപയോഗിക്കുന്നു. പഞ്ചായത്തിൽ ആകെ 25 പൊതുകിണറുകളും, 61 പൊതുടാപ്പുകളും, 14 കുഴൽകിണറുകളും, 8 പൊതു ടാങ്കുകളും നിലവിലുണ്ട്. പഞ്ചായത്തിൽ 1647 സാനിറ്ററി വെല്ലും, 3003 സാധാരണ കിണറുകളും 100 കുളങ്ങളും ഉണ്ട്. (PHCൽ രേഖരിച്ചിട്ടുള്ള കണക്കുകൾ).

വാർഡ് നമ്പർ	പൊതുകിണർ	കുഴൽ കിണർ	പൊതു ടാങ്കുകൾ	പൊതു ടാപ്പുകൾ
1	3	1	-	-
2	3	3	-	-
3	2	-	1	8
4	-	1	-	-
5	1	-	2	-
6	-	1	-	-
7	4	3	1	8
8	-	1	1	11
9	1	1	1	-
10	1	2	-	-
11	1	-	1	-
12	6	1	1	-
13	3	-	-	34
ആകെ	25	14	8	61

(ആലക്കോട് PHC യിൽ നിന്നെടുത്ത കണക്ക്)

പഞ്ചായത്തിൽ 25 പൊതുകിണറുകളിൽ നിന്ന് 300 പരം കുടുംബങ്ങൾ കുടിവെള്ളം ഉപയോഗിക്കുന്നുണ്ട്. 14 പൊതുകുഴൽ കിണറുകളിൽ നിന്ന് 75 കുടുംബങ്ങൾ കുടിവെള്ളം ഉപയോഗിക്കുന്നുണ്ട്. 53 പൊതുടാപ്പുകളിൽ നിന്ന് 60 ൽ പരം കുടുംബങ്ങൾ കുടുവെള്ളം ഉപയോഗിക്കുന്നു.

പഞ്ചായത്തിൽ കൂടി ഒഴുകുന്ന പുഴകൾ

രയറോം പുഴ: 5,6,7,13 എന്നിവാർഡുകളിൽ കൂടി കടന്നുപോകുന്നു.

ആലക്കോട് പുഴ: വൈതൽമലയിൽ നിന്ന് ഉത്ഭവിച്ച് 8,9,10,12 എന്നീ വാർഡുകളിൽകൂടി കടന്നുപോകുന്നു.

പൈപ്പ് വഴിയുള്ള ജല വിതരണം :

ആലക്കോട് ജല വിതരണ പദ്ധതിയും കാർത്തികപുരം ജലവിതരണ പദ്ധതിയും (KWA) ആണ് പഞ്ചായത്തിലെ പൊതു ജലവിതരണ പദ്ധതികൾ.

പ്രശ്നങ്ങൾ

1. ഭൂരിപക്ഷം കിണറുകളും കുളങ്ങളും നീരുറവകളും ഫിബ്രുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ വറ്റി വരളുന്നു.

2. കുഴൽ കിണറുകൾ ഭൂരിപക്ഷവും ഉപയോഗശൂന്യമാണ്. പലതിലേയും വെള്ളത്തിന് രുചി വ്യത്യാസം അനുഭവപ്പെടുന്നു.

3. നീരുറവകൾക്ക് ചുറ്റുമുള്ള പ്രദേശങ്ങളിലേയും പുഴയോരങ്ങളിലേയും കാടുകളും ഈറ്റകളും വെട്ടി നശിപ്പിക്കുന്നത് കൊണ്ട് കുടിവെള്ള സ്രോതസ്സുകൾ വളരെ വേഗം വറ്റിപോകുന്നു.

4. പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥലങ്ങളും ചെരിഞ്ഞഭാഗങ്ങളായതിനാൽ വെള്ളം മണ്ണിൽ ത്താഴാതെ ഒഴുകിപ്പോകുന്നു. വള്ളം കൃഷിഭൂമിയിൽ താഴ്ത്താൻ ജനങ്ങൾ ശ്രമിക്കുന്നില്ല.

5. ആലക്കോട് ജല വിതരണ പദ്ധതിയുടെ പ്രശ്നങ്ങൾ
a. ടാങ്കിന്റെ സംരക്ഷണ ശേഷി കുറവായതിനാൽ എല്ലാസമയത്തും ടാപ്പിൽ വെള്ളം ലഭ്യമല്ല.
b. ടാപ്പുകൾ, പൈപ്പുകൾ എന്നിവ കേടുവരുന്നത് യഥാസമയം നന്നാക്കുന്നില്ല.
c. ടാപ്പിലെ കുടിവെള്ളം ജനങ്ങൾ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നു.

6. കാർത്തികപുരം ജലവിതരണ പദ്ധതിയുടെ പ്രശ്നങ്ങൾ
a. ടാങ്ക് വളരെ ഉയരത്തിൽ ആയതുകൊണ്ടും താഴ്ന്ന ഗുണനിലവാരത്തിലുള്ള പൈപ്പുകൾ ഉപയോഗിക്കുന്നത് കൊണ്ടും ദ്രാവക മർദ്ദം താങ്ങാനാവാതെ പൈപ്പുകൾ പൊട്ടി നിർദ്ദിഷ്ട സ്ഥലത്ത് എത്താതെ വരുന്നു.
b. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമെ വെള്ളം ലഭിക്കുന്നുള്ളുവെങ്കിലും പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് ഭീമമായ തുക അടക്കേണ്ടിവരുന്നു.

നിർദ്ദേശങ്ങൾ

1. പൊതു കിണർ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുകയും ഉള്ളവയുടെ താഴ്ചകൂട്ടുകയും ചെയ്യുക.

2. ആവശ്യമുള്ള സ്ഥലങ്ങളിൽ കുഴൽകിണറുകൾ കുഴിക്കുക.

3. നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുകൾ കാര്യക്ഷമമാക്കുകയും കൂടുതൽ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ എത്തിക്കുകയും ചെയ്യുക.

4. ജലലഭ്യതയുള്ള പ്രദേശങ്ങളിൽ പുതിയ ജല വിതരമ പദ്ധതികൾ ആരംഭിക്കുക. അത് നിയന്ത്രിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് ലഭ്യമാക്കുക.

5. കാപ്പിമലയിലെ നീരുറവകൾക്ക് ചുറ്റുമുള്ള കാടുകൾ സംരക്ഷിക്കുക.

6. പുഴയോരങ്ങൾ റീസർവ്വേ നടത്തി പഞ്ചായത്തിലേക്ക് വീണ്ടെടുക്കുകയും ജനപങ്കാളിത്തത്തോടുകൂടി അവിടങ്ങളിൽ വനവൽക്കരണം നടത്തുകയും ചെയ്യുക.

7. ആവശ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിച്ച് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.

8. വിവിധ തരത്തിൽ പുഴകളിലെ വെള്ളം മലിനപ്പെടുത്തുന്നത് തടയുക. ജലമലിനീകരണത്തിനെതിരെ ബോധവൽക്കരണ സെമിനാറുകൾ നടത്തുക.

9. 7,8,13 വാർഡുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ആലക്കോട് പുഴയിൽ പെരുനിലം ഭാഗത്ത് റഗുലേറ്റർ കം ബ്രിഡ്ജ് / ചെക്ക് ഡാം നിർമ്മിച്ച് ജല വിതരണം നടത്തുക. ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലവും മനുഷ്യ അദ്ധ്വാനവും സൗജന്യമായി തരാൻ ജനങ്ങൾ സന്നദ്ധരാണ്.

10. അരങ്ങത്ത് (പഴയ വില്ലേജ് ഓഫീസിനടുത്ത്) ഉള്ള ജലസ്രോതസ്സ് ഉപയോഗപ്പെടുത്തി ഒരു ശുദ്ധജല വിതരണപദ്ധതിയുടെ സാധ്യതകൾ

ആരായുക.

11.കപ്പണയിലെ (നെല്ലിപ്പാറ) നീരുറവയിലെ ജലം ടാങ്കിൽ സംഭരിച്ച് ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക.

ശുചിത്വം

ശുചിത്വത്തിന്റെ കാര്യത്തിൽ കേരളീയർ വളരെ മുൻപന്തിയിൽ ആണെന്ന് അഭിമാനിക്കുന്നുണ്ടെങ്കിലും നമ്മുടെ പട്ടണ കേന്ദ്രങ്ങളും ഗ്രാമ കേന്ദ്രങ്ങളും ഇന്ന് മാലിന്യങ്ങളുടെ ഒരു കൂമ്പാരമായി മാറിക്കൊണ്ടിരിക്കുന്നതായിക്കാണാം. വ്യക്തി ശുചിത്വ കാര്യങ്ങളിൽ നാം ശ്രദ്ധിക്കാറുണ്ടെങ്കിലും പൊതുവായ ശുചിത്വ കാര്യങ്ങളിൽ നാം ശ്രദ്ധിക്കാറില്ല. തന്മൂലം പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ കൂടിവരുന്നു. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതിനും മറ്റും ഇത് കാരണമായിതീരുകയും ചെയ്യുന്നു.

ശുചിത്വകാര്യങ്ങളിൽ ആലക്കോട് പഞ്ചായത്തിന്റെ സംവിധാനങ്ങൾ മെച്ചപ്പെട്ടതല്ല. പഞ്ചായത്തിന്റെ സിരാകേന്ദ്രങ്ങളായ ആലക്കോട്, തേർത്തല്ലി എന്നീ സ്ഥലങ്ങളിൽ പൊതുക്കക്കൂസോ മൂത്രപ്പുരയോ ഇല്ല. ശുചിത്വകാര്യങ്ങൾ പുതിയ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി ജനകീയ സമിതികൾ ശുചിത്വ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ അറവുശാലകളും മത്സ്യമാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്. സമീപത്തുള്ള പുഴകളിലും പൊതുസ്ഥലങ്ങളിലും ഇവയുടെ അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നത് കൊണ്ട് നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്.

ആരോഗ്യം

കുടിയേറ്റത്തിന്റെ ആരംഭത്തിൽ പഞ്ചായത്തിൽ ആരോഗ്യ സംവിധാനങ്ങൾ തീരെ ഉണ്ടായിരുന്നില്ല. നാട്ടുവൈദ്യവും പൂർണ്ണമായും യോഗ്യരല്ലാത്തവരുടെ ചികിത്സയുമാണ് അന്ന് ജനങ്ങൾക്ക് ലഭിച്ചിരുന്നത്.

ഇന്ന് മറ്റ് പല മേഖലകളിലുമുണ്ടായ വളർച്ചക്കനുസരിച്ച് ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ ഇവിടെ വളർന്നിട്ടില്ല. വളരെ വിസ്തൃതമായ ഈ പഞ്ചായത്തിൽ ഒരു PHCയും ഒരു ആയുർവ്വേദ ഡിസ്പെൻസറിയും മാത്രമാണ് സർക്കാർ സംവിധാനമായി ഉള്ളത്. സ്വകാര്യമേഖലയിലും ആധുനിക ചികിത്സാ സൗകര്യങ്ങളോടുകൂടിയ അശുപത്രി നിലവിലില്ല. 25ഉം 30ഉം കി.മീ. സഞ്ചരിച്ച് തളിപ്പറമ്പിൽ എത്തിയാണ് ജനങ്ങൾ ചികിത്സ നടത്തുന്നത്. ശരിയായ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടന്നിട്ടില്ല. കാപ്പിമല പ്രദേശങ്ങളിൽ കുഷ്ടരോഗികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ക്യാൻസർ മരണത്തിന്റെ എണ്ണം കൂടിവരുന്നതായി കാണപ്പെടുന്നു. രോഗം മുൻകൂട്ടി കണ്ടെത്തി ചികിത്സ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം കൊടുക്കണം. 60% ത്തോളം ആളുകൾക്ക് കക്കൂസ് ഇല്ല എന്നത് ഗൗരവമേറിയ ആരോഗ്യപ്രശ്നമായി കാണണം.

ചികിത്സാ സൗകര്യങ്ങൾ

പബ്ലിക്ക് ഹെൽത്ത് സെന്റർ തേർത്തല്ലി.

പഞ്ചായത്തിലെ 1മുതൽ3വരെ വാർഡുകളിലെ ജനങ്ങൾക്ക് ആശ്രയിക്കാൻ പറ്റുന്നതാണ് ഈ സ്ഥാപനം. പക്ഷെ ഇവിടെ ഡോക്ടറുടെ സേവനം കൃത്യമായി ലഭിക്കുന്നില്ല. വേണ്ടത്രജോലിക്കാരോ മരുന്നുകളോ ഇല്ല. 95-96 വർഷത്തിൽ 38620 രൂപയ്ക്കുള്ള മരുന്നുകളാണ് ഇവിടെനിന്ന് വിതരണം ചെയ്തിട്ടുള്ളത്. ഓരോ ദിവസം ശരാശരി 28 രോഗികളാണ് ഇവിടെ എത്തുന്നത്. ഡോക്ടറുടെ സേവനം കൃത്യമായി ലഭിക്കാത്തത് കാരണവും മരുന്നിന്റെ ദൗർലഭ്യവും കാരണം ജനങ്ങൾ ചികിത്സതേടി ദൂരേക്ക് പോകേണ്ടിവരുന്നു. 1990ൽ ആരംഭിച്ച ഈ സ്ഥാപനത്തിന് സ്വന്തമായ കെട്ടിടം ഉണ്ട്.

94-49, 95-96 വർഷങ്ങളിൽ PHC നിന്ന് ചികിത്സ നടത്തിയവർ

വർഷം	പുരുഷന്മാർ	സ്ത്രീകൾ	കുട്ടികൾ	ആകെ
92-95	3910	4210	1061	9181
95-96	3500	4600	1235	9335

ആയുർവേദ ആശുപത്രി ആലക്കോട്.

ആലക്കോട് ഉദയഗിരി പഞ്ചായത്തുകളിലെ മുഴുവൻ ജനങ്ങളും നടുവിൽ, ചപ്പാരപ്പടവ് പഞ്ചായത്തുകളിലെ കുറേഭാഗങ്ങളിലെ ജനങ്ങളുമാണ് ഇവിടെ ചികിത്സ തേടി എത്തുന്നത്. ആശുപത്രിക്ക് സ്വന്തമായ കെട്ടിടമില്ല. മെഡിക്കൽ ഓഫീസർ ഉൾപ്പെടെ 4 ജീവനക്കാർ ഇവിടെ ജോലിചെയ്യുന്നു. 95-96 വർഷത്തിൽ മരുന്നുകൾക്കായി 31577 രൂപ ചെലവഴിച്ചിട്ടുണ്ട്. നെല്ലിപ്പാറയിൽ സ്ഥാപനത്തിനുവേണ്ടി 50 സെന്റ് ലഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ കെട്ടിട പണി ആരംഭിച്ചിട്ടില്ല. 1962ൽ ആരംഭിച്ച ഈസ്ഥാപനം ഇന്നും ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും ഇടയിലാണ്.

ഇതിനു പുറമെ സ്വകാര്യമേഖലയിൽ 5 അലോപതി ചികിത്സാ കേന്ദ്രങ്ങളും 3 ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങളും രണ്ട് ഹോമിയോപതി ചികിത്സാ കേന്ദ്രങ്ങളും ഉണ്ട്. സഹകരണ മേഖലയിൽ ആലക്കോട് കേന്ദ്രമായി ഒരു സഹകരണാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി പാരമ്പര്യ വിഷ വൈദ്യൻമാരും മഞ്ഞപ്പിത്തം, ടോൺസ്ലൈറ്റിസ് തുടങ്ങിയവക്ക് ചികിത്സിക്കുന്ന ഒറ്റമൂലി ചികിത്സകരും, നാട്ടുവൈദ്യൻമാരും സേവനമനുഷ്ടിക്കുന്നുണ്ട്. ഒടിവ്, ചതവ്, തുടങ്ങിയവക്ക് ചികിത്സക്കുന്ന മർമ്മ ചികിത്സികരും ഈ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലാകെ 3 ഇംഗ്ലീഷ് മരുന്നു കടകളും 8 ആയുർവ്വേദ മരുന്നു കടകളും പ്രവർത്തിക്കുന്നുണ്ട്.

PHC യിൽ സൂക്ഷിച്ചിരിക്കുന്ന കണക്കുകൾ പ്രകാരം പഞ്ചായത്തിൽ 17 ക്യാൻസർ രോഗികളും 8 കുഷ്ടരോഗികളും 24 ക്ഷയരോഗികളും ഉണ്ട്. കോളറമരണങ്ങൾ പഞ്ചായത്തിൽ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. ടൈഫോയിഡ്, ചിക്കൻ പോക്സ് തുടങ്ങിയ രോഗങ്ങൾ ഇവിടെ കണ്ടുവരുന്നുണ്ട്. അന്യദേശങ്ങളിൽ ജോലിചെയ്യുന്ന നമ്മുടെ പഞ്ചായത്തിലുള്ളവരിൽ മലമ്പനിക്കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആകെ 234 അംഗവൈകല്യമുള്ളവർ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ അംഗവൈകല്യ മുള്ള വരുടെ എണ്ണം.

അന്ധർ	16
ബധിരർ	25
മൂകർ	14
ബധിരമൂകർ	21
ചലനവൈകല്യമുള്ളവർ	146

കഴിഞ്ഞവർഷത്തിൽ പ്രസവ സംബന്ധമായ മരണങ്ങളോ ചാപ്പിള്ള ജനനങ്ങളോ ഉണ്ടായിട്ടില്ല. ഒരു വയസ്സിന് താഴെ പ്രയമുള്ള 417 കുട്ടികളിൽ 415 പോരും വിവിധ പ്രതിരോധ കുത്തിവെയ്പുകൾ നടത്തിയിട്ടുണ്ട്. ഒരു കുട്ടിവരെയുള്ള അമ്മമാരിൽ (279/469) 59% വും രണ്ട്കുട്ടികളുള്ള അമ്മമാരിൽ (846/1366) 62% വും രണ്ടിൽ കൂടുതൽ കുട്ടികളിൽ 88% വും (1496/1706) ഏതെങ്കിലും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്.

പകർച്ച വ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ
April			

ജലജന്യ രോഗങ്ങളാണ് പഞ്ചായത്തിൽ കൂടുതലായി കാണുന്നത്.

പ്രശ്നങ്ങൾ

1. ആധുനിക സൗകര്യങ്ങളോടെ കിടത്തിച്ചികിത്സിക്കാൻ പറ്റുന്ന തരത്തിലുള്ള ആശുപത്രി പഞ്ചായത്തിലോ സമീപ പഞ്ചായത്തിലോ ഇല്ല.

2. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഹോട്ടലുകൾ, മത്സ്യമാർക്കറ്റുകൾ, അറവുശാലകൾ എന്നിവിടങ്ങളിലെ സംവിധാനങ്ങൾ പരിശോധനക്ക് വിധേയമാക്കുന്നില്ല.

3. ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായ കെട്ടിടമോ മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള അലമാരികളോ ഇല്ല.

4. മരുന്നുകൾ വാങ്ങുന്നതിന് ആയുർവ്വേദ ആശുപത്രിക്കും, PHC ക്കും കിട്ടുന്ന തുകകൾ അപര്യാപ്തമാണ്.

5. PHC പഞ്ചായത്തിന്റെ ഒരു ഭാഗത്തായതിനാൽ മുഴുവൻ ആൾക്കാർക്കും ആ സ്ഥാപനം പ്രയോജനപ്പെടുന്നില്ല. PHC യിൽ മുഴുവൻ സമയ ഡോക്ടറില്ല.

6. ഹോട്ടലുകളിൽ നിന്നും മറ്റ് സ്ഥലങ്ങളിൽനിന്നുമുള്ള മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നു തന്മൂലം കൊതുകുകൾ പെരുകുന്നു.

7. പൊതുസ്ഥലങ്ങൾ ശുചീകരിക്കുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ കൃത്യമായി ജോലിചെയ്യുന്നില്ല.

സാധ്യതകൾ

1. ആലക്കോട് കേന്ദ്രമാക്കി ഒരു PHC അനുവദിക്കുന്നതിനുള്ള ശ്രമം നടത്തുക.

2. ഇപ്പോൾ തേർത്തല്ലിയിൽ നിലവിലുള്ള PHC യുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. 50 കിടക്കകളോടുകൂടിയ ആശുപത്രിയാക്കി ഇത് മാറ്റുന്നതിനുള്ള സാധ്യതകൾ ആരായണം.

3. ആയുർവ്വേദ ആശുപത്രിക്ക് അക്വയർ ചെയ്തിട്ടുള്ളസ്ഥലത്ത് 20 കിടക്കകളോടുകൂടിയ ആശുപത്രി നിർമ്മിക്കണം.

4. ആലക്കോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഭവാനി അമ്മ തമ്പുരാൻ സഹകരണ ആശുപത്രി സർക്കാരിലേക്ക് വിട്ട് കൊടുത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രിയാക്കി മാറ്റുന്നതിനുള്ള ശ്രമം നടത്തണം.

5. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് വീപ്പകളോ മറ്റ് സംവിധാനങ്ങളോ ഉണ്ടാക്കുക.

6. പൊതു സ്ഥലങ്ങളിൽ കക്കൂസുകളും മൂത്രപ്പുരകളും സ്ഥാപിക്കുക.

7. പൊതു സ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന്റെ ആവശ്യകതയെ പറ്റി ബോധവൽക്കരണ സെമിനാറുകൾ നടത്തുക.

8. ആരോഗ്യ വകുപ്പുദ്യോഗസ്ഥരുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

9. കൊതുകു നിവാരണ പദ്ധതിക്ക് രൂപം കൊടുക്കുക.

10. കക്കൂസുകൾ പണിയാൻ സാമ്പത്തിക സഹായം ആവശ്യമുള്ളവർക്ക് നൽകുക.

11. അറവുശാലകളിലേയും മത്സ്യ മാർക്കറ്റി ലെയും മാലിന്യങ്ങൾ ശരിയായി മറവു ചെയ്യുന്ന തിന് സംവിധാനം ഉണ്ടാക്കുക.

12. ജനങ്ങളിൽ അവകാശങ്ങളോടൊപ്പം എല്ലാ രംഗത്തുമുള്ള കടമകളെ കുറിച്ച് ബോധവൽക്കരണം നടത്തുക.

13. സമഗ്രകൃാൻസർ നിയന്ത്രണ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക.

14. പഞ്ചായത്തിൽ പൊതു ശ്മശാനം ഉണ്ടാക്കുന്നതിനുള്ള ശ്രമം വേണം.

ഗ്രാമ സഭ നിർദ്ദേശങ്ങൾ

1. തോക്കാട് പച്ചാണിത്തോട്ടിൽ ബണ്ട് കെട്ടുക.

2. തിമിരി സ്കൂളിനടുത്ത കുഴൽകിണർ നന്നാക്കുക.

3. അടുക്കത്ത് പഞ്ചായത്ത് കുളം ഉണ്ടാക്കുക.

4. എളയാട് തോട്ടിലുള്ള ക്രോസ് ബാർ അടച്ചിടാനുള്ള ഷട്ടർ ഉണ്ടാക്കണം.

5. ചെറുപാറ വാർഡിലെ വറ്റാത്ത ജല സ്രോതസ്സുകൾ ഉപയോഗിച്ച് ജല വിതരണ പദ്ധതി ആസൂത്രണം ചെയ്യുക.

6. ചെറുപാറയിൽ പൊതു ശ്മശാനം വേണം.

7. വെരുവട്ടത്ത് പൊതുകുളം നിർമ്മിക്കണം, ചിറ്റടിയിൽ പൊതു കിണർ വേണം.

8. കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

9. തേർത്തല്ലി, പനംകുറ്റി എന്നീ സ്ഥലങ്ങളിൽ പൊതു ശുദ്ധജല പദ്ധതി നടപ്പിലാക്കണം.

10. മൂന്നാം കുന്നിലുള്ള പഞ്ചായത്ത് കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കുക.

11. പുവത്തും ചാൽ മലയിൽ കുളം നിർമ്മിക്കണം.

12. രയറോം പള്ളിപ്പടിയിൽ ഒരു കുഴൽ കിണർ വേണം, പത്തായക്കുണ്ടിന് മുകൾവശം ഒരു പൊതു കിണർ നിർമ്മിക്കണം.

13. ഉദയഗിരി പഞ്ചായത്ത് അതിർത്തിയിലുള്ള വറ്റാത്ത നീരുറവ ഉപയോഗിച്ച് ചാത്തമംഗലം ഭാഗത്തേക്ക് വെള്ളം കൊണ്ടു പോകാൻ സംവിധാനം ഉണ്ടാക്കണം.

14. പൂക്കാട്ട് മലയിൽ പഞ്ചാത്ത് കിണർകുഴിക്കണം, പണിച്ചാർത്ത് മലയിൽ പൂർത്തിയാകാത്ത കിണറുണ്ട് അത് പൂർത്തിയാക്കണം.

15. അതിർക്കുഴിഭാഗത്തും പരപ്പ സ്കൂൾ കോമ്പൗണ്ടിലും ഓരോ കുഴൽകിണർ വേണം.

16. പരപ്പ കേന്ദ്രമാക്കി PHC സബ് സെന്റർ തുടങ്ങണം.

17. നെല്ലിപ്പാറ കൃഷിഭവൻ കാർട്ടേഴ്സിന്റെ കോമ്പൗണ്ടിലുള്ള കുഴൽകിണറിലെ വെള്ളം ടാങ്കിൽ സംഭരിച്ച് ജലക്ഷാമം അനുഭവപ്പെടുന്നിടത്ത് വിതരണം ചെയ്യണം.

18. വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ കാക്കടവിലേക്ക് നീട്ടുക.

19. നെല്ലിപ്പാറയിൽ കുഴൽ കിണർ വേണം.

20. നിലവിലുള്ള പൈപ്പ്ലൈൻ ബസ്സ്റ്റാന്റ് ഭാഗത്തേക്ക് നീട്ടുക.

21. ആലക്കോട് ഗവ. അലോപതി അശുപത്രി വേണം.

22. കാപ്പിമലയിൽ ഒരു മൊബൈൽ ഡിസ്പെൻസറി വേണം.

23. ആനക്കുഴി റോഡിന്റെ വലതുവശത്തുള്ള ചതുപ്പുനിലത്തുള്ള ഒരു പൊതുകുളം സ്ഥാപിക്കാനുള്ള സാധ്യത ആരായുക.

24. കല്ലൊടി കേന്ദ്രമാക്കി ഒരു കുടുംബക്ഷേമ കേന്ദ്രം വേണം.


25. കോട്ടക്കടവിൽ ഒരു കുഴൽകിണർ വേണം.

26. കുളാമ്പി മേഖലയിലുള്ള വറ്റാത്ത നീരുറവയിലെ ജലം കോട്ടത്തട്ടിൽ ടാങ്കിൽ സംഭരിക്കുകയും ഒറ്റമുണ്ട ചാലുചിത്ത ഭാഗങ്ങളിലേക്ക് ജലവിതരണം നടത്തുകയും വേണം.

27. കുറ്റിപ്പുഴ കൊട്ടയട് കവല എന്നിവിടങ്ങളിൽ പഞ്ചായത്ത് കിണർ വേണം.

28. അരങ്ങം ലക്ഷംവീട് കോളനിയിലെ പൊതുടാപ്പുകളുടെ എണ്ണം കൂട്ടുക.

29. പൈപ്പ് ലൈൻ വട്ടക്കയം ഭാഗത്തേക്ക് നീട്ടണം.



ഗതാഗതം - ഊർജ്ജം



ഗതാഗതം

കുടിയേറ്റത്തിന്റെ ആദ്യകാലത്ത് ഗതാഗത കാര്യത്തിൽ ഈ പ്രദേശത്തുണ്ടായിരുന്ന അസൗകര്യം ഇന്നത്തെ തലമുറക്ക് ഊഹിക്കാൻപോലും സാധിക്കാത്ത തരത്തിലുള്ള തായിരുന്നു. തളിപ്പറമ്പിൽനിന്ന് മണക്കടവ് വരെയുള്ള കുപ്പ് റോഡിൽകൂടി കഷ്ടിച്ച് വാൻ സ്ർവ്വീസ് മാത്രമാണ് ഉണ്ടായിരുന്നത്. "വേതാളം" എന്ന പരിഹാസ പ്പേരിൽ അറിയപ്പെട്ടിരുന്ന അടച്ചുകെട്ടിയ വാനിലാണ് ആളുകളും സാധനങ്ങളും ഇടകലർന്ന് ആലക്കോട് എത്തിയിരുന്നത്. ആലക്കോടുനിന്ന് ചുറ്റുപാടുമുള്ള സ്ഥലങ്ങളിലേക്കും തലച്ചുമടായിതന്നെ സാധനങ്ങൾ കൊണ്ടു പോകേണ്ടിയിരുന്നു. 1963നോടടുത്താണ് ആലക്കോട് പ്രദേശത്തേക്ക് ബസ്സ് സർവ്വീസ് തുടങ്ങിയത്. ഒരു കമ്പനിയുടെ ഒന്നോ രണ്ടോ ബസ്സുകൾ മാത്രമാണ് അന്ന് സർവ്വീസ് നടത്തിയിരുന്നത്.

ഇന്ന് കാണുന്ന റോഡുകളിൽ ആലക്കോട്-മണക്കടവ് റോഡും ആലക്കോട്ടെ പുതിയ ബസ്സ്റ്റാന്റ് റോഡും ഒഴികെയുള്ളതെല്ലാം കുടിയേറ്റകർഷകരുടെയും മറ്റുജനവിഭാഗങ്ങളുടെയും അദ്ധ്വാനംമൂലം നിർമ്മിച്ചതാണ്. പ്രാഥമിക നിർമ്മാണത്തിന് ശേഷം വളരെ കാലം കഴിഞ്ഞ് മിക്ക റോഡുകളും PWD യും പഞ്ചായത്തും ഏറ്റെടുക്കുകയുണ്ടായി. ആലക്കോടുകൂടി കടന്നു പോകുന്ന തളിപ്പറമ്പ് കൂർഗ് ബോർഡർ റോഡ്, ആലക്കോട് കാപ്പിമല റോഡ്, അരങ്ങം തേർത്തല്ലി റോഡ് എന്നിവ വളരെ മുമ്പുതന്നെ PWD ഏറ്റെടുത്തിട്ടുള്ളവയാണ്.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 252 കി.മി. ആണ്. PWD ഏറ്റെടുത്ത റോഡിന്റെ നീളം 72 കി.മി. ആണ്. ഇതിൽ 29 കിലോമീറ്റർ മാത്രമെ ടാറിംഗ് പൂർത്തിയായിട്ടുള്ളു. ഏറ്റെടുത്ത റോഡുകളുടെ അറ്റകുറ്റപ്പണികൾ ഇന്നും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. വളരെയധികം ഗതാഗത പ്രാധന്യമുള്ള രയറോം പാലം പോലും താരതമ്യേന അടുത്തകാലത്താണ് തീർന്നത്. തികച്ചും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഈ മലയോര മേഖലയുടെ സമഗ്രപുരോഗതിക്ക് അനിവാര്യമായ ഘടകമാണ് ഗതാഗത സൗകര്യം.

PWD ഏറ്റെടുത്തിട്ടുള്ള റോഡുകൾ

1. കരുവഞ്ചാൽ - ആലക്കോട് - കുട്ടാപറമ്പ് റോഡ് (T.C.B. റോഡിന്റെ ഭാഗം)

2. അരങ്ങം - തേർത്തല്ലി - മഞ്ഞക്കാട് റോഡ്

3. ഒറ്റത്തെ - കാപ്പിമല റോഡ്

4. നെല്ലിപ്പാറ - കരിങ്കയം - ചാണോക്കുണ്ട് റോഡ്

5. തേർത്തല്ലി - എരുവാട്ടി - ചപ്പാരപ്പടവ് റോഡ്

6. രയറോം - പരപ്പ - കാർത്തികപുരം റോഡ്

7. പെരുമ്പടവ് – തിമിരി – ചെറുപാറ – പടിയോട്ടുചാൽ റോഡ്

8. രയറോം – വീമ്പുങ്കാട് – എരുവാട്ടി റോഡ്

9. കൊട്ടയാട് – കുറ്റിപ്പുഴ – കരുവഞ്ചാൽ റോഡ്

ഇവയിൽ മൂന്ന് റോഡുകൾ ഒഴികെ ബാക്കിയുള്ളതെല്ലാം ടാറിംഗ് പൂർത്തീകരിക്കാതെ കിടക്കുന്നു.

ചുങ്കസ്ഥാനം – തോർത്തല്ലി റോഡ്, രയറോം – മൂന്നാം കുന്ന് റോഡ്, ആലക്കോട് – പെരുനിലം – നെല്ലിപ്പാല റോഡ്, തേർത്തല്ലി – കുണ്ടേരി ആദിവാസിക്കോളനി റോഡ്, മമ്പുത്താനി – പീക്കാച്ചേരി – ചെറുപാറ റോഡ്, ആലക്കോട് – നെല്ലിക്കുന്ന് – മേലാരംതട്ട് റോഡ് എന്നിവ പഞ്ചായത്തിന്റെ കീഴിലുള്ളവയും വിവിധ സ്കീമുകളിൽ ഭാഗികമായി ടാർ ചെയ്തിട്ടുള്ള വയുമാണ്.

പഞ്ചായത്ത് അധീനതയിലുള്ള താഴെ പറയുന്ന റോഡുകൾ നിലവിലുള്ള PWD റോഡുകളെ പരസ്പരം ബന്ധിപ്പിക്കുന്നവയാണ്. അതുകൊണ്ട് അവയും PWD ഏറ്റെടുത്ത് വിപുലീകരിക്കേണ്ടതാണ്.

1. രയറോം – മൂന്നാംകുന്ന് കുണ്ടേരി റോഡ്

2. ആലക്കോട് – കോളി റോഡ്

3. ആലക്കോട് – നെല്ലിക്കുന്ന് – മേലാരംതട്ട് – പാത്തൻപാറ റോഡ്

4. നെല്ലിപ്പാറ – നെടുവിലാം കുന്ന് റോഡ്

5. തേർത്തല്ലി – ചുങ്കസ്ഥാനം റോഡ്

6. പെരിങ്ങാല – ചുണ്ണാമുക്കു റോഡ്

7. പനംകുറ്റി – ആനത്താംവളപ്പ് റോഡ്

8. പനംകുറ്റി – ചിറ്റടി – കുടപ്രം റോഡ്

9. മേരിഗിരി – വടക്കൻപോയിൽ റോഡ്

10. മുലോത്തുംക്കുന്ന് കവല – കുണ്ടേരി റോഡ്

11. തേർത്തല്ലി – കരിങ്കൽകുണ്ട് – കുണ്ടേരി റോഡ്

12. അരങ്ങം – കാക്കടവ് റോഡ്

13. അരങ്ങം പഞ്ചായത്ത് – ആലക്കോട് റോഡ്

14. ആലക്കോട് – പെരുനിലം – നെല്ലിപ്പാറ റോഡ്

15. കരുവൻച്ചാൽ – കുളാമ്പി – നരിയമ്പാറ റോഡ്

16. മോറാനി – ഫർലോങ്ങ് കര റോഡ്

17. ചെറുപാറ – ഏണ്ടി റോഡ്

18. പച്ചാണി – കുത്തമ്പലം – ഓലക്കണ്ണ് റോഡ്

19. തിമിരി – ചീയംപാറ റോഡ്

20. കക്കോട്ട് – കുടപ്രം റോഡ്

21. മോറാനി – കല്ലൊടി – കാവുംകുടി റോഡ്

രണ്ടു പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡുകൾ

റോഡിന്റെ പേര്	അടുത്ത പഞ്ചായത്ത്
1. ചുങ്കസ്ഥാനം – അടുക്കം റോഡ്	ചപ്പാരപ്പടവ്
2. ഏളയാട് – പച്ചാണി	എരമം കുറ്റൂർ
3. പച്ചാണി തോക്കാലു – കുത്തമ്പലം	എരുമം കുറ്റൂർ
4. ചെറുപാറ – ഏണ്ടി റോഡ്	പെരിങ്ങോം വായക്കര
5. കുടപ്രം – കക്കോട്ട റോഡ്	പെരിങ്ങോം വായക്കര6. 6.
തേർത്തല്ലി – കുണ്ടേരി – പെരുവട്ടാ റേഡ്	പെരിങ്ങോം വായക്കര
7. നെടുവോട് – ചാത്തമംഗലം റോഡ്	പെരിങ്ങോം വായക്കര
8. പരപ്പ – അളുമ്പുറോഡ്	ഉദയഗിരി
9. തേർത്തല്ലി – എരുവാട്ടിറോഡ്	ചപ്പാരപ്പടവ
0. നെല്ലിപ്പാറ – നെടുവിലം കുന്ന് റോഡ്	ചപ്പാരപ്പ
11. രയറോം – വീബും കാട് – എരുവാട്ടി	ചപ്പാരപ്പടവ്
12. നെല്ലിക്കുന്ന് – പാത്തൻപാറ റോഡ്	നടുവി
13. കാപ്പിമല – കരാമരംതട്ട് റോഡ്	നടുവിൽ

പ്രശ്നങ്ങൾ

1. ചില വാർഡുകളിൽ വേണ്ടത്ര റോഡ് സൗകര്യങ്ങളില്ല.

2. നിലവിലുള്ള മിക്ക റോഡുകളുടെയും നിലവാരം വളരെ മോശമാണ്.

3. പലറോഡുകൾക്കും ഓടകളില്ല.

4. നിർമ്മിച്ചിട്ടുള്ള ഓടകൾതന്നെ സ്ലാവിട്ടും ചപ്പിചവറുകൾ നിറച്ചും ഉപയോഗ ശൂന്യമാക്കുന്നത് കൊണ്ട് വെള്ളം ഓടയിലൂടെ ഒഴുകുന്നില്ല.

5. ബസ് സ്റ്റോപ്പുകളിൽ പലയിടത്തും വെയിറ്റിംഗ് ഷെൽട്ടർ ഇല്ല.

6. റോഡുകൾക്ക് വേണ്ടപോലെ അറ്റകുറ്റപണി നടക്കുന്നില്ല.

7. ആലക്കോട് നിർമ്മിച്ചിട്ടുള്ള ബസ് സ്റ്റാന്റ് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ളസംവിധാനം ഇതുവരെ ആയിട്ടില്ല.

8. റോഡുകൾക്ക് പൊതുവെ വീതി കുറവാണ്

9. ആലക്കോടും തേർത്തല്ലിയിലും ടാക്സി – ഓട്ടോ സ്റ്റാന്റുകൾ നിലവിലില്ല.

10. റോഡിൽ വെള്ളം കെട്ടിക്കിടക്കുന്ന പലസ്ഥലങ്ങളിലും കലുങ്കുകളില്ല.

സാധ്യതകൾ

1. എല്ലാ റോഡുകൾക്കും ഓട നിർമ്മിക്കുക.

2. നിലവിലുള്ള അടഞ്ഞുകിടക്കുന്ന ഓടകൾ തുറന്ന് വെള്ളം ഒഴുക്കാൻ സൗകര്യം ഉണ്ടാക്കുക.

3. പ്രധാന റോഡുകൾ ടാർ ചെയ്യാനുള്ള പദ്ധതി ഉണ്ടാക്കുക.

4. മുൻഗണനാ ക്രമത്തിൽ റോഡുകൾ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കണം.

5. റോഡ് സംരക്ഷണത്തിന് പ്രദേശിക ജനകീയ സമിതികൾ ഉണ്ടാക്കണം.

6. വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കാൻ ആവശ്യമായ സ്ഥലങ്ങളിൽ കലിങ്കുകൾ നിർമ്മിക്കുക.

7. പഞ്ചായത്ത് റോഡുകൾ റിപ്പയർ ചെയ്ത് സംരക്ഷിക്കുക.

8. പഞ്ചായത്തിലെ പ്രധന കേന്ദ്രങ്ങളിൽ റോഡ് വീതി കൂട്ടി ശാസ്ത്രീയമായി ഓടകൾ നിർമ്മിച്ച് ഇരുവശത്തും നടപ്പാത തീർക്കാനുള്ള സംവിധാനം ഉണ്ടാകണം.

9. പഞ്ചായത്തിൽ നിലവിലുള്ള നടപ്പുപാലങ്ങൾക്ക് പകരം ഘട്ടംഘട്ടമായി കോൺക്രീറ്റ് പാലങ്ങളോ കോൺക്രീറ്റോ സ്കീലോ കൊണ്ടുള്ള നടപ്പുപാലങ്ങളോ നിർമ്മിക്കുക.

10. പഞ്ചായത്തിലെ പുഴകൾക്കും തോടുകൾക്കും അത്യാവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിക്കണം.

11. റോഡിന് ഇരുവശമുള്ള കാട് കാലാകാലങ്ങളിൽ വെട്ടി മാറ്റാനുള്ള സംവിധാനം ഉണ്ടാക്കണം.

12. റോഡ് സിഗലുകൾ സ്ഥാപിക്കുക.

13. റോഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് – ടെലഫോൺ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

14. ആലക്കോടും തേർത്തല്ലിയിലും ടാക്സി ഓട്ടോസ്റ്റാന്റുകൾ നിർമ്മിക്കുക.

15. ആവശ്യമായ സ്ഥലങ്ങളിൽ ബസ് സ്റ്റോപ്പുകളിൽ ഷെൽട്ടറുകൾ നിർമ്മിക്കുക.

16. റോഡ് റിപ്പയറിംഗ് കരാർ കൊടുക്കാതെ ജനകീയ കമ്മിറ്റികളെ ഏൽപ്പിക്കണം.

ഊർജ്ജം

കുടുയേറ്റത്തിന്റെ ആരംഭത്തിൽ തന്നെ ശ്രി.പി.ആർ. രാമവർമ്മ രാജയുടെ പരിശ്രമ ഫലമായി ആലക്കോട് പ്രദേശത്തുമാത്രം വൈദ്യുതി എത്തിയിരുന്നെങ്കിലും മറ്റുമേഖലകൾ അന്ധകാരത്തിലായിരുന്നു. കുടിയേറ്റ കർഷകരുടെയും മറ്റ് ജന വിഭാഗങ്ങളുടെയും നിരന്തരമായ പരിശ്രമത്തിന്റെ ഫലമായിട്ടാണ് പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും വൈദ്യുതി

എത്തിക്കാൻ സാധിച്ചത്. ഈ പഞ്ചായത്തിൽ തിമിരി, പരപ്പ, കാപ്പിമല എന്നീ വാർഡുകളിൽ ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല.

ഈ പഞ്ചായത്തിൽ വ്യവസായങ്ങൾ ഒന്നും തന്നെയില്ല എന്നുപറയാം. പ്രധാനമായും വൈദ്യുതിക്ഷാമമാണ് ഇതിന് കാരണം

വിറകടുപ്പുകളാണ് ഭൂരിപക്ഷം കുടുംബങ്ങളിലും ഉള്ളത്. മെച്ചപ്പെട്ട വിറകടുപ്പുകളുടെ അഭാവം പഞ്ചായത്തിൽ ഉടനീളം ഉണ്ട്. ജൈവവാതകം, മണ്ണെണ്ണ, പെട്രോളിയം ഉൽപന്ന വാതകങ്ങൾ തുടങ്ങിയ ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം കുറവാണ്. ചെറുകിട ജലവൈദ്യുതി പദ്ധതികളോ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളോ ഈ പഞ്ചായത്തിലില്ല.

പയ്യന്നൂർ സബ് സ്റ്റേഷനിൽനിന്നാണ് ഈ പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തിനുള്ളിൽ വ്യാപിച്ചിട്ടുള്ള ട്രാൻഫോമറുകളുടെ ഉപയോഗശേഷിയും ഉപഭോക്താക്കളുടെ എണ്ണവും വച്ച് നോക്കുമ്പോൾ ട്രാൻസ്ഫോമറുകളെല്ലാം അധികഭാരം വഹിക്കുന്നവയാണ്. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും വർദ്ധനവ് ഉണ്ടായികൊണ്ടിരിക്കുന്നു ഊർജ്ജ ഉപയോഗത്തിന്റെ 65% ഗാർഹിക മേഖലയിലാണ്. കാർഷിക മേഖലയിലെ വൈദ്യുതി ഉപയോഗം കുറവാണ്. 30% വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.

ആലക്കോട് പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നം കുറഞ്ഞ വോൾട്ടതയാണ്. കുറ്റ്യാടി പദ്ധതിയിൽനിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഇടുക്കിയിൽ നിന്നു വരുന്ന പ്രധാന ലൈൻ വഴിയാണ് മലബാർ പ്രദേശത്ത് വിതരണം ചെയ്യുന്നത്. വോൾട്ടത കുറയുന്നതിനുള്ള കാരണവും ഇതുതന്നെ.

വോൾട്ടത കുറയുന്ന സാഹചര്യത്തിൽ 110V, 25V, 24V ബൾബുകൾ വരെ ഉപഭോക്താക്കൾ ഉപയോഗിക്കുന്നു. സ്റ്റെപ് അപ് ട്രാൻസ്ഫോമറുകൾ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. മീറ്റർ പരിശോധിച്ച് ബില്ല് നിർണ്ണയിക്കുന്ന രീതി 6 മാസത്തിൽ ഒരിക്കൽ പോലും നടക്കുന്നില്ല. വൈദ്യുതി മോഷണം തുലോം കുറവാണ്. പ്രധാനമായും വൈദ്യുതി നഷ്ടം സംഭവിക്കുന്നത് പ്രേഷണ – വിതരണ ശൃഖലയിലാണ്.

ഗാർഹികരംഗത്ത് പ്രധാനമായും ഊർജ്ജം ഉപയോഗപ്പെടുത്തുന്നത് പാചകം, വെളിച്ചം എന്നിവയാണ്.

പ്രശ്നങ്ങൾ

1. വോൾട്ടത കുറവ്

2. തുടരെത്തുടരെയുള്ള അപ്രഖ്യാപിത കട്ടുകൾ

3. വ്യാപകമായി സ്റ്റെപ് അപ് ട്രാൻസ്ഫോമറുകൾ ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന വോൾട്ടത പ്രശ്നങ്ങൾ.

4. പ്രേഷണ – വിതരണ നഷ്ടം

5. വൈദ്യുത ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചു മാറ്റാതിരിക്കുന്നത് കൊണ്ട് ഉണ്ടാകുന്ന വൈദ്യുത തകരാറുകൾ

6. ട്രാന്സ്ഫോമറുകളുടെ സ്ഥാനം പുനഃക്രമീകരിക്കാത്ത സ്ഥിതി.

7. പുകയില്ലാത്ത അടുപ്പുകൾ, മെച്ചപ്പെട്ട വിറകടുപ്പുകൾ എന്നിവയുടെ കുറവ്.

8. പാചക ഊർജ്ജം ലാഭിക്കുന്നതിനുവേണ്ടി പ്രഷർകുക്കർ, കച്ചിപ്പെട്ടി എന്നിവയുടെ ഉപയോഗം കുറവാണ്.

സാധ്യതകൾ

1. വോൾടത കുറവ് പരിഹരിക്കാൻ നടപടികൾ ഉണ്ടാകണം.

2. തുടരെതുടരെയുള്ള അപ്രഖ്യാപിത കട്ടുകൾ ഒഴിവാക്കണം.

3. വ്യാപകമായ സ്റ്റെപ് അപ് ട്രാൻസ്ഫോമറുകളുടെ ഉപയോഗം നിയന്ത്രിക്കണം.

4. പ്രേഷണ വിതരണ നഷ്ടം കുറയ്ക്കാൻ നടപടി ഉണ്ടാകണം.

5. വൈദ്യുത ലൈനുകളിൽ മുട്ടിക്കിടക്കുന്ന വൃക്ഷശാഖകളെ മുറിച്ച് മാറ്റാൻ സന്നദ്ധ പ്രവർത്തനം നടത്തണം.

6. ഊർജ്ജം ലാഭിക്കാൻ കഴിയുന്ന വൈദ്യുത വിളക്കുകളുടെ പ്രചാരണം.

7. ട്രാൻസ്ഫോമറുകളുടെ സ്ഥാനം പുനഃക്രമീകരിക്കണം.

8. പുകയില്ലാത്ത അടുപ്പുകൾ മെച്ചപ്പെട്ട വിറകടുപ്പുകൾ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുക.

9. കാറ്റ് സൗരോർജ്ജം എന്നിവകളിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾക്ക് പ്രചാരണം നൽകണം.

10. പ്രഷർ കുക്കർ, കച്ചിപ്പെട്ടി തുടങ്ങിയ രുക്ഷത കുടിയ ഉപകരണങ്ങളുടെ പ്രചാരണം.

11. മണ്ണെണ്ണയുടെ ചിലവ് കുറയ്ക്കാൻ മെച്ചപ്പെട്ട സ്റ്റൗ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനുള്ള നടപിട ഉണ്ടാകണം.

12. 40v ബൾബിനു പകരം അതിലേറെ പ്രകാശം തരുന്ന 9v കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കണം.

13. ചെറുകിട വെള്ളച്ചാട്ടങ്ങൾ ഉപയോഗപ്പെടുത്തി വൈദ്യുത പദ്ധതികൾ നടപ്പിലാക്കണം.

14. ചെറുപുഴയിൽ അനുവദിച്ച സബ്സ്റ്റേഷന്റെ പണി കഴിവതും വേഗം പൂർത്തീകരിക്കണം.

15. അരങ്ങം കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് അനുവദിക്കണം.

16. ഉദ്യോഗസ്ഥൻമാരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന അനാസ്ഥയ്ക്ക് പരിഹാരം കാണണം.

17. കുറ്റമറ്റ മീറ്റർ സംവിധാനം ഏർപ്പെടുത്തണം.

18. കാണാത്ത വഴിവിളക്കുകൾ കാലാകാലങ്ങളിൽ മാറ്റിസ്ഥാപിക്കണം.

19. വൈദ്യുതി എത്താത്ത ഹരിജൻ കോളനികളിൽ അത് എത്തിക്കാനുള്ള നടപടി ഉണ്ടാകണം.

20. പൈതൽ മലയിലും ചാത്തമംഗലത്തും പെരുമ്പടത്തും കാറ്റിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള സാധ്യത ആരായണം.

21. പൈതൽ മലയിൽനിന്നുള്ള വെള്ളച്ചാട്ടത്തിൽനിന്നും മറ്റു ജല സ്രോതസ്സുകളിൽ നിന്നും വൈദ്യുതിഉൽപാദിപ്പിക്കാനുള്ള സാധ്യത ആരായണം.

22. സോളാർ പാനൽ വ്യാപകമാക്കുകയും ആലക്കോടും തേർത്തല്ലിയിലും ഓരോ സോളാർ വിളക്കുകൾ സ്ഥാപിക്കുക.

23. ഒടുവള്ളിത്തട്ട് കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സ്ഥാപിക്കണം.

അനുബന്ധം

ഗ്രാമസഭാ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ

ഗതാഗതം

1. തിമിരി എളയാട് റോഡ്, എളയാട് -കണവിടക്കം റോഡ്, പച്ചാണി - കുണ്ടുതടം റോഡ് എന്നിവ പഞ്ചായത്ത് ഏറ്റെടുക്കണം.

2. ഓലക്കണ്ണ് - വട്ട്യേര റോഡ് അടിയന്തിരമായി ഗതാഗത യോഗ്യമാക്കണം.

3. കാരയാട് നിന്നും മുണ്ടയാട് വഴി വട്ട്യേര പ്രദേശവുമായി ബന്ധിപ്പിക്കാനുള്ള റോഡിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കണം.

4. തേർത്തല്ലി - ചുങ്കസ്ഥാനം റോഡ് അടിയന്തിരമായി ടാർ ചെയ്യണം.

5. പനംക്കുറ്റി - പീക്കാച്ചേരി, ചെറുപാറ റോഡ് ബാക്കിഭാഗം ടാർ ചെയ്യണം.

6. ചുണ്ണാമുക്ക് - പെരിങ്ങോല റോഡിൽ മുന്നു പൈപ്പുകൾ തുടങ്ങണം.

7. ചെക്കിലേര – ചെറുപാറ റോഡിൽ കൾവർട്ടുകൾ വേണം, ടാർചെയ്യണം.

8. മവ്വത്താനി കുത്താട്ടുറോഡിൽ രണ്ട് പൈപ്പ് കൾവർട്ടുകൾ തീർക്കണം.

9. ചെറുപാറ – ഏണ്ടി റോഡിൽ കൾവർട്ട് തീർക്കണം, ടാറിംഗ് നടത്തണം.

10. തിമിരി – കരുവടക്കം റോഡിൽ ഒരു കൾവർട്ട് തീർക്കണം, സോളിംഗും ടാറിംഗും നടത്തണം. വെള്ളരിങ്ങോട് റോഡുമായി ബന്ധിപ്പിക്കണം.

11. പാറക്കടവ് കോട്ടക്കുന്ന് റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കണം.

12. പെരിങ്ങാല യേശുദാസ് മുക്ക് റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.

13. പീക്കാച്ചേരി – നാപ്പ ലിങ്ക് റോഡിൽ മുന്ന് കൾവർട്ടുകൾ തീർക്കണം.

14. കോടോപ്പള്ളി കോളനി – പീക്കാച്ചേരി റോഡ് നിർമ്മിക്കണം.

15. മൗവ്വത്താനി – ആനത്തുംവളപ്പ് റോഡിന് മുന്ന് കൾവർട്ടുകൾ നിർമ്മിക്കണം., സോളിങ്ങും ടാറിംഗും നടത്തണം.

16. കക്കോട് – പാലമാവ് , അരിക്കുന്ന് – കോടപള്ളി – ചിറ്റടി റോഡ്, ചെക്കിച്ചേരി വയൽ – ചിറ്റടിറോഡ്, കഴുക്കൽ – കുണ്ടേരി റോഡ് എന്നിവ പണിപൂർത്തിയാക്കണം.

17. പനംകുറ്റി – ചിറ്റടി – കുടപ്രം റോഡ് ടാർചെയ്യണം.

18. കുടപ്രം – കക്കോട് റോഡ് ടാർചെയ്യണം.

19. പാലമാവ് – പെരുവട്ടം കോളനി റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.

20. കക്കോട് – പെരുവട്ടം റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.

21. എല്ലാറോഡുകളും ആണ്ടുതോറും റിപ്പയർ ചെയ്യുന്നതിന് പകരം പ്രാധാന്യമനുസരിച്ച് റോഡുകൾ ഏറ്റെടുത്ത് നല്ല രീതിയിൽ പണിതീർക്കാൻ പഞ്ചായത്ത് തയ്യാറാകണം.

22. റോഡുപണി കരാറുകൊടുക്കാതെ ജനകീയ കമ്മറ്റികളെ ഏൽപ്പിക്കണം.

23. ആലത്തുവളപ്പ് – തേർത്തല്ലിറോഡ്, തേർത്തല്ലി – കുണ്ടേരി റോഡ്, കുണ്ടേരി – കഴുക്കൽ റോഡ് എന്നിവ ശ്രമദാനത്തിലൂടെ നിർമ്മിക്കാവുന്നതാണ്.

24. പത്തായക്കുണ്ട് – രയറോം പള്ളിപടിറോഡ്, മുടിക്കാനം – പോയിൽ റോഡ് എന്നിവ പഞ്ചായത്ത് ഏറ്റെടുക്കണം.

25. പത്തായകുണ്ടിലെ തോടിന് ഒരു കോൺക്രീറ്റ് പാലം നിർമ്മിക്കണം.

26. പുളിയിലം കുണ്ട് ഹരിജൻ കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യണം.

27. വീമ്പുങ്കാട് – എരുവാട്ടി റോഡ്, മൂലോത്തുംകുന്ന് – കുണ്ടേരി റോഡ്, മുന്നാം കുന്ന് – കുണ്ടേരി റോഡ് എന്നിവ ടാർചെയ്യണം.

28. മുടിക്കാനം റോഡ് – രയറോം റോഡ് – പരപ്പറോഡുകളിൽ കലിങ്കുകൾ ഉണ്ടാക്കണം.

29. മുന്നാം കുന്ന് – പുവത്തും ചാൽ റോഡ് ടാർചെയ്യണം.

30. രെയറോം സ്കൂളിനു മുൻവശം, പള്ളിപടി എന്നിവിടങ്ങളിൽ വെയ്റ്റിംഗ് ഷെൽട്ടർ ഉണ്ടാക്കണം.

31 രെയറോം – പരപ്പ – കാർത്തികപുരം റോഡ് ടാർ ചെയ്യണം.

32. നെടുവോട് – പൂക്കോട് – ചാത്തമംഗലം റോഡ് പഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തി ജന പങ്കാളിത്തത്തോടെ നന്നാക്കണം.

33. നെടുവോട് – മുന്നാം കുന്ന് റോഡിന്റെ ടാർ ചെയ്ത ഭാഗം കഴിച്ചു ബാക്കിയുള്ളത് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ നന്നാക്കണം.

34. പരപ്പ – കാടിമുറിച്ച കൊല്ലിറോഡ് ടാർ

ചെയ്യണം. മൺപണിക്ക് ജനപങ്കാളിത്തം ഉണ്ടാകും.

35. ഈയ്യഭരണി തുരുത്തിനെ സംബന്ധിച്ച് ഒരു കോൺക്രീറ്റ് പാലം ഉണ്ടാക്കണം.

36. പുക്കാട് തോടിന് നടപ്പാലം നിർമ്മിക്കണം.

37. ഏഴാം വാർഡിലെ എല്ലാ പഞ്ചായത്ത് റോഡുകൾക്കും ഓടതീർക്കണം.

38. നെല്ലിപ്പാറ – നെടുവിലം കുന്ന് – കട്ടയിൽ റോഡ് ടാർ ചെയ്യണം.

39. കുറ്റിപുഴ – കോട്ടക്കടവ് – കരുവഞ്ചാൽ റോഡ് PWD ഏറ്റെടുക്കണം.

40. കാക്കടവ് – വട്ടക്കയം – അരങ്ങം റോഡ് ടാർചെയ്യണം.

41. PWD റോഡിന് ഓടകൾ തീർക്കണം.

42.നെല്ലിപ്പാറ – കരിങ്കയം റൂട്ടിൽ KSRTC ബസ്സ് അനുവദിക്കണം.

43. ബസ്സ് ചാർജ്ജിൽ വന്നിട്ടുള്ള ഫെയർ സ്റ്റേജിലെ അപാകതകൾ പരിഹരിക്കണം.

44.മഞ്ഞക്കാട് സ്റ്റോപ്പിലും കാക്കടവിലും ഒരു വെയിറ്റിംഗ് ഷെൽട്ടർ സ്ഥാപിക്കണം.

45. ആലക്കോട് ടാക്സി സ്റ്റാന്റ്, ഓട്ടോസ്റ്റാന്റ്, പൊതു മാർക്കറ്റ്, മൃത്രപ്പുര എന്നിവ ഉണ്ടാക്കണം.

46. തെരുവുവിളക്കുകൾ എല്ലാം തന്നെ കത്താനുള്ള നടപടികൾ ഉണ്ടാക്കണം.

47. പഞ്ചായത്ത് ഓഫീസ് ആലക്കോട്ടേക്ക് മാറ്റണം.

48. ബസ്സ് സ്റ്റാന്റിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയണം.

49. പി.പി. നഗർ – ആനക്കുഴി റോഡ് അടിയന്തിരമായും നിർമ്മിക്കണം.

50. കരാമരംതട്ട് – പൈതൽ കുണ്ട് റോഡിൽ ഒരു കലുങ്കും ഫർലോംഗ് കര – സീതകയറിയ പ്ലാവ് റോഡിൽ രണ്ടും കലിങ്കു നിർമ്മിക്കണം.

51. വായത്തണ്ണി – കുളമടറോഡിൽ കലിങ്കുകൾ നിർമ്മിക്കണം.

52. മഞ്ഞപ്പുല്ല് – ഏലമല റോഡിൽ കലിങ്കുകൾ നിർമ്മിക്കണം.

53. ഫർലോം കര വഴി പോകുന്ന NREP റോഡ് ടാർ ചെയ്യണം.

54. ആലക്കോട് – കാപ്പിമല റോഡിൽ പൈപ്പുകളും കലിങ്കുകളും ഉള്ള സ്ഥലങ്ങളിൽ പാരപ്പറ്റ് നിർമ്മിക്കണം.

55. ആലക്കോട് – പാത്തൻ പാറ റോഡിൽ ഒരു കിലോമീറ്റർ അടിയന്തിരമായി ടാർ ചെയ്യണം.

56. കാവുംകുടി – രയരപ്പൻ കുന്ന് റോഡ്, മോറാനി – ഹിൽടോപ്പ് റോഡ്, മാവുംച്ചാൽ – പാത്തൻ പാറ റോഡ്, നുലിട്ടാമല – മാന്തട്ട് എന്നീ റോഡുകൾ പഞ്ചായത്ത് എറ്റെടുക്കണം.

57. ആലക്കോട് – പാത്തൻ പാറ റോഡിൽ 3 കലുങ്കുകളും കല്ലൊടി – കാവുംകുടി റോഡിൽ 3 കലിങ്കുകളും ആവശ്യമാണ്.

58. ആലക്കോട് – മുറാനി റൂട്ടിൽ ഓരു റോഡ് നിർമ്മിക്കണം. (ഷോട്ട് കട്ട്)

59. കരുവഞ്ചാൽ – കുളാമ്പി – ഒറ്റമുണ്ട, കുറ്റിപ്പുഴ മുന്നര കി.മി. റോഡ് മെറ്റലിംഗും ടാറിംഗും ചെയ്യണം.

60. കൊട്ടയാട് കവല – നരിയമ്പാറ 2 കി.മി. റോഡ് മെറ്റലിഗും ടാറിംഗും നടത്തുക.

61. കരുവഞ്ചാൽ – കോട്ടക്കടവ് – കുറ്റിപ്പുഴ – കൊട്ടയാട് 8.400 കി.മി. റോഡ് മെറ്റലിഗും ടാറിംഗും നടത്തുക.

62. കരുവഞ്ചാൽ – ആനപ്പാറ – നരിയമ്പാറ 3.400 കി.മി. റോഡ് മെറ്റലിംഗും ടാറിംഗും നടത്തുക.

63. ഒറ്റമുണ്ട – പാലുംചിത്ത 2.300 കി.മി. റോഡ് മെറ്റലിംഗും ടാറിംഗും നടത്തുക.

64. കുറ്റിപ്പുഴ 60 മീറ്റർ താൽകാലിക നടപ്പാദം സ്ഥിരം നടപ്പാദമാക്കി പുനർനിർമ്മാണം നടത്തുക.

65. കുവത്തുംചാൽ 75 മീറ്റർ താൽകാലിക നടപ്പാലം സ്ഥിരം നടപ്പാലമാക്കി പുനർനിർമ്മാണം നടത്തുക.

66. ഗുളിയൻ കല്ല് 60 മീറ്റർ നടപ്പാലം സ്ഥിരം നടപ്പാലമാക്കുക.

67. മുരുടു നടപ്പാലം സ്ഥിരം നടപ്പാലമാക്കുക.

68. ന്യൂബസാർ, കൊട്ടയാട് കവല എന്നിവിടങ്ങളിൽ വെയ്റ്റിംഗ് ഷെൽട്ടർ ഉണ്ടാക്കുക.

69. ആലക്കോട് - പെരുനിലം - നെല്ലിപ്പാറ റോഡ്, അരങ്ങം - വട്ടക്കയം റോഡ്, ആറാട്ട് കടവ് - കുട്ടാപറമ്പ് റോഡ്, അരങ്ങം - കുട്ടാപറമ്പ് അപ്രോച്ച് റോഡ്, അരങ്ങം ലക്ഷം വീട് കോളനി - വട്ടക്കയം റോഡ്, ആലക്കോട് ആശുപത്രിക്കു സമീപമുള്ള ലിങ്ക് റോഡ് എന്നിവ അറ്റകുറ്റപണികൾ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

70 അരങ്ങം ലക്ഷംവീട് കോളനി - വട്ടക്കയം റോഡിൽ ഒരു കലിങ്കു നിർമ്മിക്കണം.

71. ആലക്കോട് - മണക്കടവ് PWD റോഡിൽ സ്കൂളിനും ആയുർവ്വേദ ആശുപത്രിക്കുനുമിടയിൽ രണ്ട് കലിങ്കുകൾ നിർമ്മിക്കണം.

72. അരങ്ങം - കുട്ടാപറമ്പ് അപ്രോച്ച് റോഡിൽ രണ്ട് കലിങ്കുകൾ തീർക്കണം.

73. കുട്ടാപറമ്പ് - ആറാട്ടുകടവ് - വട്ടക്കയം റോഡിൽ ഒരു കലിങ്കു നിർമ്മിക്കണം.

74. ആലക്കോട് - നെല്ലിപ്പാറ - പെരുനിലം റോഡിൽ നിന്ന് കൊട്ടയാടിലുള്ള നടപ്പുവഴിയിൽ പുഴക്കൊരു കോൺക്രീറ്റ് നടപ്പുപാലം ഉണ്ടാക്കണം.

75. കുട്ടാപറമ്പ് - നെടുവോട് റോഡിൽ ഒരു ചപ്പാത്ത് നിർമ്മിക്കണം.

76. കുരിശുമലയിലേക്ക് പുതുതായി ഒരു റോഡുനിർമ്മിക്കണം.

77. ആലക്കോട് - മണക്കടവ് റോഡിൽ അരങ്ങം കള്ള് ഷാപ്പിനടുത്തുള്ള അപകടകരമായ വളവ് നിവർത്ത് ആ റോഡ് ശരിയാക്കണം.

78. ആലക്കോട് പഞ്ചായത്തു ഓഫീസിനു മുന്നിൽ (അരങ്ങം) ഒരു വെയ്റ്റിംഗ് ഷെൽട്ടർ സ്ഥാപിക്കണം.

79. കരുവഞ്ചാൽ - കുളാമ്പി - ഒറ്റമുണ്ട - കുറ്റിപ്പുഴ 2.800 മീറ്റർ റോഡ് മെറ്റലിംഗും ടാറിംഗും നടത്തുക.

80. കൊട്ടയാട് കവല - നെടിയംപാറ ഹരിജൻ കോളനി റോഡ് മെറ്റലിംഗും ടാറിംഗും നടത്തുക.

ഊർജ്ജം

1. ഒന്നാം വാർഡിൽ വൈദ്യുതി എത്തിക്കണം

2. ചെറുകുളം, മൗവ്വത്താനി, ചുങ്കസ്ഥാനം, എണ്ണമുണ്ട കോളനി, കോടോപള്ളിക്കോളനി, നാപ്പ, കോണിച്ചാൽ എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം.

3. മേൽ പറഞ്ഞ സ്ഥലങ്ങളിലെല്ലാം തെരുവു വിളക്കുകൾ സ്ഥാപിക്കണം.

4. മൂന്നാം വാർഡിലെ എല്ലാ ഭാഗത്തും വൈദ്യുതി എത്തിക്കണം.

5. പെരുവട്ടത്ത് കാറ്റിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള ഏർപ്പാട് ഉണ്ടാക്കണം.

6. കഴുക്കൽ ജല സേചന പദ്ധതിയുമായി ബന്ധപ്പെടുത്തി മിനി വൈദ്യുത പദ്ധതി നടപ്പാക്കണം.

7. സബ്സിഡി നിരക്കിൽ ആവശ്യത്തിന് സൂര്യ രാന്തൽ വിതരണം നടത്തുക.

8. സൗരോർജ്ജപാനലുകൾക്ക് കൂടുതൽ പ്രധാന്യവും പ്രചരണവും നൽകണം.

9. നാലാം വാർഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.

10. രയറോം, പള്ളിപടി, മൂന്നാം കുന്ന് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

11. രയറോം യു.പി. സ്കൂൾ അംഗൻവാടി,

മൂന്നാം കുന്ന് പ്രഥമീകാരോഗ്യ ഉപകേന്ദ്രം മുലോത്തും കുന്ന് വായനശാല എന്നിവ വൈദ്യുതീകരിക്കണം,

12. പരപ്പ, നെടുവോട് പ്രദേശത്ത് വൈദ്യുതി എത്തിക്കണം.

13. നെടുവോട് മുസ്ലീം പള്ളിക്ക് സമീപമായി ട്രൻസ്ഫോമറുകൾ സ്ഥാപിക്കണം.

14. പരപ്പ, നെടുവോട് റേഷൻഷാപ്പ്, ജുമാത്ത് പള്ളി എന്നിവിടങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.

15. നെല്ലിപ്പാറ അംബേദ്കർ കോളനിയിലെ എല്ലാവീടുകളിലും വൈദ്യുതി എത്തിക്കണം.

16. കാക്കടവും ലക്ഷംവീട് കോളനിയും വൈദ്യുതീകരിക്കണം.

17. നെടുവിലം കുന്ന്, കുറ്റിപ്പുഴ, കുറഞ്ഞിക്കുളം, രയറോംഫെറി, എന്നീ സ്ഥലങ്ങളിലേക്ക് വൈദ്യുതി നീട്ടണം.

18. ആലക്കോട് കേന്ദ്രമാക്കി ഒരു സബ് സെക്ഷൻ ഓഫീസ് അനുവദിക്കണം.

19. നെല്ലിപ്പാറത്തട്ടിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

20. കോളി, ജയഗിരി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം.

21. ആലക്കോട്ടുള്ള തെരുവുവിളക്കുകൾ എല്ലാം കത്തുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കണം.

22. ആലക്കോട്, അരങ്ങം, കുട്ടാപറമ്പ് എന്നീ സ്ഥലങ്ങളിൽ മെർക്കുറി ലാമ്പുകൾ സ്ഥാപിക്കണം.

23. ഒറ്റത്തെയ്യിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

24. കാരമരത്തട്ടിലെ വെള്ളച്ചാട്ടം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കണം.

25. പൈതലവ്മലയിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാം

26. കാരമലത്തട്ട്, നുലിട്ടാമല, മാന്തട്ട്, ഫർലോംങ്ങ് കര, നെല്ലിക്കുന്ന് എന്നീപ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കണം.

27. ഹിൽടോപ്പിൽ ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കണം.

28. നരിയംപാറ, കുളാമ്പി എന്നീ ഹരിജൻകോളനികളിൽ സ്ഥാപിച്ചിരിക്കുന്ന കപ്പാളിറ്റി കുറഞ്ഞ ട്രാൻസ്ഫോമറുകൾ മാറ്റി സ്ഥാപിക്കണം.

29. വഴിവിളക്കുകൾ പ്രധാനകേന്ദ്രങ്ങളിൽ സ്ഥാപിക്കണം.

30. നരിയംപാറ, കുളാമ്പി, പാലുംചീത്ത, എന്നീ കോളനികളിൽ വൈദ്യുതി കണക്ഷൻ നൽകണം.

31. അരങ്ങം – കുട്ടാപറമ്പ് അപ്രോച്ച് റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.

32. ആലക്കോടുള്ള തെരുവുവിളക്കുകൾ മുഴുവൻ കത്തിക്കാനുള്ള നടപടി ഉണ്ടാക്കണം.

33. ആലക്കോട്, അരങ്ങം കവല, പഞ്ചായത്ത് കവല കുട്ടാപ്പറമ്പ് എന്നിവിടങ്ങളിൽ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കണം.

34. ആലക്കോട് – പെരുനിലം – നെല്ലിപ്പാറ റോഡിൽ തെരുവു വിളക്കുകൾ സ്ഥാപിക്കണം.

35. ആലക്കോടു കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കണം.

36. അരങ്ങും പഞ്ചായത്തുകവല, കൊച്ചു കുട്ടാപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കണം.

❄ ❄ ❄ ❄

പാർപ്പിടവും സാമൂഹ്യക്ഷേമവും



പാർപ്പിടം.

തളിപ്പറമ്പ് താലൂക്കിന്റെ വടക്ക് കിഴക്കായി ആലക്കോട്, തിമിരി, വെള്ളാട് വില്ലേജിൽ പശ്ചിമഘട്ടത്തിലെ മലനിരകളിലും അവയുടെ താഴ്വാരങ്ങളിലുമായി വ്യപിച്ചുകിടക്കുന്ന പഞ്ചായത്താണ് ആലക്കോട്.

50ൽ പരം വർഷങ്ങൾക്ക് മുമ്പ് തിരുവതാംകൂറിന്റെ വിവിധഭാഗങ്ങളിൽനിന്ന് കുടിയേറി പാർത്ത കർഷകരും കർഷക തൊഴിലാളികളുമാണ് ഭൂരിപക്ഷവും. പ്രാരംഭ ദശയിൽ മലമ്പനിയോടും വന്യജന്തുക്കളോടും പ്രകൃതിക്ഷോഭത്തോടും മല്ലടിച്ച് ഇന്നത്തെ നിലയിലുള്ള കൃഷിഭൂമിയാക്കി എടുത്തതിന്റെ കദനകഥകൾ നിരവധിയാണ്.

മലമടക്കുകളെ കൃഷിഭൂമിയാക്കിയെടുക്കാൻ കൂടുതൽ ശ്രദ്ധചെലുത്തേണ്ടി വരികയാൽ പാർപ്പിട നിർമ്മാണ കാര്യത്തിൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. പഞ്ചായത്തിലെ 8412 വീടുകളിൽ 998 വീടുകൾ ഭേദപ്പെട്ടതും 5566 വീടുകൾ ഇടത്തരവും 1848 വീടുകൾ കുടിലുകളോ ഓല മേഞ്ഞതോ ആണ്.

13 വാർഡുകളിലായി നിർമ്മിച്ച വീടുകളിൽ ചിലത് തുല്യത പുലർത്തുന്നുണ്ടെങ്കിലും കോൺക്രീറ്റ് വീടുകളുടെ നിർമ്മാണ ചെലവ് വളരെയധികം വർദ്ധിച്ചതായി കാണുന്നു. ചില വീടുകൾ വളരെയധികം പണം മുടക്കി ആർഭാടഭരിതമായി നിർമ്മിച്ചിട്ടുള്ളതാണ്. ഇത്തരം വീടുകളുടെ നിർമ്മാണ കാര്യത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വീടുകളിൽ അധികവും കോൺക്രീറ്റ് വീടുകളാണ്.

കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഭവനനിർമ്മാണം ത്വരിത ഗതിയിലാണ്. 5വർഷത്തിനുള്ളിൽ 3000ത്തോളം മിനിമം സൗകര്യമുള്ള വീടുകൾ വേണ്ടിവരും. ഇതിൽ 2500 കുടുംബങ്ങൾ സ്വന്തമായി വീടുണ്ടാക്കാൻ കഴിവില്ലാത്തവരാണ്. പുതിയവീടുകൾ നിർമ്മിക്കുമ്പോൾ അവയ്ക്ക് ഒരു ഏകീകരണം ഉണ്ടാക്കേണ്ടതാണ്.

ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന കാർഷിക വികസന ബാങ്ക് തളിപ്പറമ്പ്, ഭവനനിർമ്മാണ ബോർഡ് കണ്ണൂർ, ബിൽഡിംഗ് സൊസൈറ്റി തളിപ്പറമ്പ്, സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയെ ഭവനനിർമ്മാണത്തിന് ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്തകളും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പ സാധാരണക്കാർക്ക് ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഈ സഭവന വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്ക വിധത്തിൽ വായ്പാ വ്യവസ്ഥ ഉദാരമാക്കേണ്ടതുണ്ട്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഹരിക്കാവുന്നതാണ്.

വാർഡ്	കുടിലുകൾ	ഓടിട്ടവീട്	കോൺക്രീറ്റ്	ആകെ
I	29	487	35	551
II	175	453	24	652
III	26	459	42	762
IV	52	556	113	721
V	173	326	51	550
VI	207	477	22	706
VII	165	363	98	617
VIII	84	206	151	441
IX	75	354	85	514
X	75	344	196	615
XI	150	655	45	850
XII	286	574	80	940
XIII	125	312	56	493
ആകെ	1848	5566	998	8412

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ്	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തിയാക്കിയ വീടുകൾ	അനുവദിച്ചതിൽ പൂർത്തിയാകാതെ ഉള്ളത്
I	2	2	–
II	15	14	1
III	14	13	1
IV	7	7	–
V	12	12	–
VI	1	---	1
VII	13	12	1
VIII	2	1	1
IX	5	5	
X	47	47	
XI	15	15	
XII	32	32	
XIII	2	2	
ആകെ			

ഹരിജൻ കോളനികൾ

	വാർഡ്	സ്ഥലം	വീട്	
1	I	തോക്കാട്	15	
2	II	ചെറുപാറ	23	
3	II	കോട്ടാപ്പള്ളി	27	
4	III	ചിറ്റടി	16	
5		കല്ലംകോട്	18	
6	"	കക്കോട്	14	
7		പെരുവട്ടം	24	
8	"	കുണ്ടേരി	12	
9	XIII	പെരുമുണ്ട്	13	
10	V	പുളിയിലൻ കജ്	22	
11	"	മുവ്വേങ്ങാട്	15	
12	VII	കപ്പണ	52	
13	X	ഫർലോഗര	60	
14	XI	കാവുകുടി	33	
15	"	കല്ലോടി	23	
16	XII	നരിയൻപാറ	29	
17	"	കുളാമ്പി	54	
18	"	ഒറ്റമുണ്ട	14	
19	"	പാലംചീത്ത	68	

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പലഭിക്കാൻ നടപടി സ്വീകരിക്കുക.

2. പലിശനിരക്ക് 11% ആയി നിജപ്പെടുത്തുക.

3. പ്ലോട്ടടിസ്ഥാനത്തിൽ തവണവ്യവസ്ഥയിൽ വീട് നിർമ്മിച്ച് നൽകുക.

4. പഞ്ചായത്തിൽ ഒരു ബിൽഡിംഗ് സൊസൈറ്റി രൂപീകരിക്കുക.

സർക്കാർ ഭവനനിർമ്മാണ ബോർഡുവഴി ദുർബല ഇടത്തര വിഭാഗക്കാർക്ക് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബല വിഭാഗക്കാരിൽ ചുരുങ്ങിയ ആൾക്കാർക്ക് മാത്രമാണ് ലഭിക്കുന്നത്. അത് കൂടുതൽ ആളുകൾക്ക് കിട്ടാനുള്ള മാർഗ്ഗമുണ്ടാകണം.

ഈ പഞ്ചായത്തിൽ രണ്ട് ലക്ഷംവീട് കോളനികളും 19 അംഗീകൃത രിജൻ കോളനികളും അംഗീകൃതമല്ലാത്ത രണ്ട് ഹരിജൻ കോളനികളുമുണ്ട്.

ലക്ഷം വീട് കോളനി

വാർഡ് നമ്പർ	സ്ഥലം	വീടുകളുടെ എണ്ണം
7	കാക്കടവ്	16
13	അരങ്ങം	39

ഇത് കൂടാതെ കർഷക തൊഴിലാളികൾക്ക് വീട് വയ്ക്കാൻ സ്ഥലം അനുവദിക്കുന്ന പദ്ധതി അനുസരിച്ച് കൊട്ടയാട്, പെരുനിലം, മേലോരംതട്ട് എന്നിവിടങ്ങളിൽ 4 സെന്റ് സ്ഥലം വീതം കുറേ കർഷകതൊഴിലാളികൾക്ക് വീതിച്ച് കൊടുത്തിട്ടുണ്ട്. എന്നാൽ കുറച്ച് ആളുകൾ മാത്രമെ ഉപയോഗപ്പെടുത്തിയിട്ടുള്ളു.

കൂലിനിരക്കുകൾ

81-82 വർഷങ്ങളിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് 40-50 രൂപയും അവിദഗ്ദ്ധ തൊഴിലാളികൾക്ക് 15-20 രൂപയും ആയിരുന്നത് 91-92 ൽ ഇവയഥാക്രമം 90-100 രൂപയും 30-40 രൂപയും 95-96ൽ ഇവ 120-150 രൂപയും 50-60 രൂപയും ഭക്ഷണചിലവും ആയിവർദ്ധിച്ചിട്ടുണ്ട്.

നിർമ്മാണസാമഗ്രികളായ സിമന്റ്, കമ്പി, മണൽ, കല്ല് എന്നിവയുടെ വിലയിലും സാരമായ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്.

ഇവപ്രകാരമാണ് വിലകൾ

വർഷം	സിമന്റ്	കമ്പി	മണൽ	കല്ല്
89-90	100	K13001 ലോഡ്	900	4500
92-94	150	K 1450	1200	6000
95-96	190	K 1650	1500	8000

ഓട്		വാർപ്പ്
95-96	(1000) 5600	യൂണിറ്റ് 2500

ഇതിനുപുറമെ ട്രാൻപോർടിംഗ് ചാർജ് കൂടിക്കൊണ്ടിരിക്കുന്നു.

കൂലി നിരക്കിലെയും അതിനെ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം സർക്കാകർ വിവിധ പദ്ധതിയിലുടെ ബ്ലോക്ക് വഴി നൽകുന്ന RLEGP, NREP, IAY, JRY, MWS, എന്നീ പദ്ധതികളിലുടെ വായ്പാ പരിധിയും രാജിവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കേണ്ടതും വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതുമാണ്.

റവന്യൂ വകുപ്പ് വഴി പ്രകൃതി ക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യവും പഞ്ചായത്തിന് ലഭിക്കുന്നുണ്ടെങ്കിലും ഈ അർഹിക്കുന്ന ആളുകളിൽ വളരെ കുറച്ച് പേർക്ക് മാത്രമെ കിട്ടുന്നുള്ളൂ.

ആകെ 21 ഹരിജൻ കോളനികളിലായി 622 കുടുംബാംഗങ്ങളും 532 വീടുകളിലായി 2770 അംഗങ്ങളും താമസിക്കുന്നതായി കണക്കുകൾ കാണിക്കുന്നു.

കോളനികളിലല്ലാതെ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമായി ഏകദേശം 100 ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അവർക്കും സർക്കാരിൽനിന്നും ലഭിക്കേണ്ടുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതാണ്. ഒരു

വീട്ടിൽതന്നെ രണ്ടും മൂന്നും കുടുംബങ്ങൾ താമസിക്കുന്നതിനാൽ പല ആനുകൂല്യങ്ങളും ഇക്കൂട്ടർക്ക് ലഭിക്കാതെ പോകുന്നു. കുടിലുകൾ പ്രസ്തുത നിയമംമൂലം അംഗീകരിക്കാനും നമ്പർ നൽകാനും കഴിയാത്തതാണിതിനു കാരണം. പാർപ്പിട രംഗത്തെ ദോഷകരമായി ബാധിക്കുന്ന ഈ നിയമം പഞ്ചായത്തിലാകെ ഇപ്പോൾ കണ്ടു കൊണ്ടിരിക്കുന്നു.

പഞ്ചായത്തിലെ കുടിവുകൾ മാറ്റിയെടുക്കാനും ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾകൊണ്ടും കാര്യമായി കഴിയില്ലെന്ന് അനുഭവം നമ്മെ അറിയിക്കുന്നു. വാർഡ് തലത്തിൽ ഒരു ബ്രഹത്തായ പദ്ധതിക്ക് ഇത് മാറ്റിയെടുക്കാൻ കഴിയും എന്ന് നാം തിരിച്ചറിയുന്നു. ഇതിനായി വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനകളെയും സംയുക്തമായി വിളിച്ച് ചേർത്ത് ഗുണഭോക്താക്കൾക്ക് എത്രരൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസിലാക്കി സർക്കാർ ഫണ്ടിനു പുറമെ സാധനങ്ങളും അദ്ധ്വാനവും സംഭാവനവഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എൻജിനിയർ മുതൽ ലേബർ വരെയുള്ള സംഘത്തിലൂടെ സപ്ലൈ ചെയ്യുക. സർക്കാർ പദ്ധതികൾ ഏത്തിക്കുന്ന ഏജൻസിയായി (സന്നദ്ധ സംഘടന) ഈ സംഘം പ്രവർത്തിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക. (സിമന്റ്, കമ്പി, മുതലായവ)

3. നിർമ്മാണ ചിലവ് 2 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വീടുകൾക്ക് പരിധി ഏർപ്പെടുത്തുക.

4. സർക്കാർ ലഭ്യമാക്കുന്ന വായ്പകൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

a. അപേക്ഷകൾ ഗ്രാമ പഞ്ചായത്ത് വഴി വിതരണം ചെയ്യുക.

b. രജിസ്ട്രാഫിസിലെ അമിതമായ ഫീസുകൾ കുറക്കുക.

c. കാല താമസം ഒഴിവാക്കുക.

d. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

5. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.

6. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

7. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

a. IAY, MWS, JRY, RLEGP എന്നിവ 15800 രൂപയിൽ നിന്ന് 30000രൂപയായി ഉയർത്തുക.

b. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 26400 രൂപയിൽ നിന്ന് 50000 രൂപയായി ഉയർത്തുക.

c. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15000 രൂപയിൽ നിന്ന് 25000 രൂപയായി ഉയർത്തുക.

സാമ്പത്തിക ശേഷിയുള്ളവർ കോൺക്രീറ്റ് ബിൽഡിംഗുകളാണ് പുതുതായി നിർമ്മിക്കുന്നത്. ഇവയെല്ലാം അത്യാഡംഭര പൂർവ്വമാണ് നിർമ്മിക്കുന്നത്. കോൺക്രീറ്റ് ഭ്രമവും പാഴ് ചെലവുകളും വർദ്ധിച്ച് വരുന്നു. ഇതിന് ഒരു നിയന്ത്രണം ആവശ്യമാണ്. കോൺക്രീറ്റ് കെട്ടിടങ്ങൾ പരിതസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നവയാണ്.

കെട്ടിട നിർമ്മാണ രംഗത്തെ പാഴ്ചിലവുകൾ ഒഴിവാക്കാനുള്ള ആധുനിക സാങ്കേതിക വിദ്യ ജനങ്ങളിലേക്ക് എത്തിക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യത്തിന് ലഭ്യമല്ല. ഇക്കാരണത്താൽ നിർമ്മാണ ചിലവ് ക്രമാതീതമായി വർദ്ധിക്കുന്നു.

ചിലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപാദിപ്പിക്കാനുള്ള സംരംഭങ്ങൾ ഇല്ല. മതിലുകൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ആവശ്യത്തിന് കെട്ടിട നിർമ്മാണ

തൊഴിലാളികൾ ഇല്ല. വിദഗ്ദ്ധ തൊഴിലാളികൾക്ക് ഭക്ഷണ ചിലവടക്കം 150-175 രൂപ വരെ കൂലിയുണ്ട്.

പലർക്കും തൊഴിൽ വൈദഗ്ദ്ധ്യം വേണ്ടതായില്ല. കോൺക്രീറ്റ് ജോലികൾ ഭൂരിഭാഗവും കരാർ അടിസ്ഥാനത്തിലാണ് നടക്കുന്നത്.

ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിനുള്ള നടപടി ക്രമം ലഘൂകരിക്കണം.

വീട് വെക്കാൻ ഭൂമിയില്ലാത്തവർക്ക് സർക്കാർ സ്ഥലം ലഭ്യമാക്കണം.

മൈത്രി ഭവന നിർമ്മാണ പദ്ധതി പോലുള്ള നിർമ്മാണ പദ്ധതികൾ പരമാവധി ലഭ്യമാക്കുക.

ഏറ്റവും ചുരുങ്ങിയ ചിലവിൽ വീടു നിർമ്മിക്കുവാൻ LIC തുടങ്ങിയ കേന്ദ്ര പൊതുസ്ഥാപനങ്ങളുടെ ഏറ്റവും ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മിതികേന്ദ്രം തുടങ്ങിയ ഏജൻസികളെ കൊണ്ട് നടത്തിക്കുകയും ചെയ്യുക.

ഉപഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് നൽകുകയും വേണം.

ഈ പഞ്ചായത്തിൽ പുറം പോക്കിൽ താമസിക്കുന്ന 25ഓളം കുടുംബങ്ങളും കടത്തിണ്ണയിൽ താമസിക്കുന്ന 10 ഓളം ആൾക്കാരും ഉണ്ട്. അന്യസംസ്ഥാനത്തുനിന്നും കുടിയേറിയവർ അധികവും വാടകയ്ക്കും കുറച്ചുപേർ സ്വന്തംവീടുകളിലും താമസിക്കുന്നുണ്ട്.

കോളനികളുടെ പാർപ്പിട പ്രശ്നം സങ്കീർണ്ണമായ മറ്റ് പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. കൊച്ചു കൂരകളിലെ ജന ബാഹുല്യമാണ് ഇതിന് കാരണം. വീടുകൾ തൊട്ടുതൊട്ട് കിടക്കുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായല്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ. അതിനുള്ള കൂട്ടായ്മക്കായി നമുക്ക് ഒന്നിക്കാം പ്രവർത്തിക്കാം.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധിബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്ക് പുറമെ പട്ടിക ജാതി വികസനത്തിനും ഇവരുടെ ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയതോതിലല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്. നാമമാത്രമായി മറ്റു പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികൾ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണക്കുറവ് ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക പ്രശ്നങ്ങൾ എന്നിവ എടുത്ത് പറയേണ്ടത് തന്നെയാണ്.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തൊഴിലാളികൾ, കർഷകതൊഴിലാളികൾ, കരിങ്കൽക്വാറി തൊഴിലാളികൾ, മരംമുറിതൊഴിലാളികൾ, ചെങ്കൽ തൊഴിലാളികൾ എന്നിവർ കൂടുതൽ ഉണ്ടെങ്കിലും ക്ഷേമനിധിയിൽ എല്ലാവരും അംഗങ്ങളായിട്ടില്ല.

പട്ടികജാതിവികസന കോർപറേഷൻ

വഴിയുള്ള ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും കോളനികളിൽ താമസിക്കുന്നവർ ഒഴികെയുള്ള മറ്റ് സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികജാതികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. സത്യത്തിൽ പൊതുപ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതേക്കുറിച്ചറിയില്ലെന്നതാണ് യാഥാർത്ഥ്യം. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ എന്നാണ് പഞ്ചായത്തിനെ വിലയിരുത്തുമ്പോൾ അറിയാൻ കഴിയുക.

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ച് കൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കി കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെന്റ് ആപ്പീസിന് താഴെയുള്ള തിമിരി, ആലക്കോട്, വെള്ളാട് എന്നീ മൂന്നു വില്ലേജ് സർക്കിളുകൾ വഴിയാണ്. മൂന്നു സർക്കിളുകളിലൂടെ നടപ്പാക്കിയ പുദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താക്കളിൽനിന്നും ശരിയായി വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു.

ആലക്കോട് പഞ്ചായത്ത് തിമിരി, ആലക്കോട്, വെള്ളാട് വില്ലേജിൽ വി.ഇ.ഒ സർക്കിളിൽ 95-96 വർഷത്തിൽ IRDP സർവ്വേ പ്രകാരമുള്ള 3023 കുടുംബങ്ങൾ ഉൾപ്പെടെ മൊത്തം 10276 കുടുംബാംഗങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്.

95-96 കാലയളവിൽ സഹായം ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണത്തിൽ വലിയ കുറവുകൾ ഉണ്ടായിക്കാണുന്നു.

പ്രസ്തുത IRDP സർവ്വേകളിൽ കണ്ടെത്തിയ കുടുംബങ്ങളിൽ 447 കുടുംബാംഗങ്ങൾക്കായി 1992-93 മുതൽ 95-96 വരെ കാലയളവിൽ സബ്സിഡിയും വായ്പയുമായി 209284 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

ഈ പദ്ധതിയെകുറിച്ചുള്ള സർക്കാറിന്റെ നിർവചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്ര്യരേഖയുടെ പരിധി 30000 രൂപയെങ്കിലുമായി ഉയർത്തണം.

ദേശസൽകൃത ബാങ്കുകൾ ഈ സ്കീമനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണ മേഖലക്ക് പരമാവധി ഫണ്ട് അനുവദിച്ച്

IRDP സർവേ സഹായ ലഭ്യതാ കണക്ക് — തിമിരി, ആലക്കോട്, വെള്ളാട് വില്ലേജ് ഉൾപ്പെട്ട പഞ്ചായത്ത്

വർഷം	എണ്ണം	സബ്സിഡി	വായ്പാ	പഞ്ചായത്തിൽ ആകെ
92-93	49	145275	252602	397877
93-94	39	91325	157327	248652
94-95	37	157500	453948	611448
95-96	39	173583	655224	834707
	164	573583	1519104	2092684

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം

വാർഡ് നമ്പർ	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ
1	ഇല്ല	ഇല്ല	ഇല്ല
2	ഇല്ല	ഇല്ല	ഇല്ല
3	ഇല്ല	ഇല്ല	ഇല്ല
4	ഇല്ല	ഇല്ല	ഇല്ല
5	ഇല്	ഇല്	ഇല്
6	ഇല്ല	ഇല്ല	ഇല്ല
7	Printing & Composing	3	3
8	ഇല്ല	ഇല്ല	ഇല്ല
9	ഇല്ല	ഇല്ല	ഇല്ല
10	ഇല്ല	ഇല്ല	ഇല്ല
11	Automechanism	1.പ്രവർത്തനം ഫലപ്രദമായിട്ടില്ല.	
12	ഇല്ല	ഇല്ല	ഇല്ല
13	ഇല്ല	ഇല്ല	ഇല്ല

സാമൂഹ്യ വനവത്കരണ പരിപാടിയിലൂടം ഉല്പാദിപ്പിച്ച തൈകളുടെ എണ്ണം

	1993	1994	1995
തെങ്ങ്	342	2483	200
മാവ്	641	311	50
കശുമാവ്		261	
തേക്ക്		788	
സപ്പോട്ട	28	128	50
പ്ലാവ്			25
ആകെ	1011	3971	325

കൊണ്ട് സഹകരണ ബാങ്കുകൾക്ക് ഈ മേഖലകളിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശസാൽകൃത ബാങ്കുകളെ കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം. ഗുണ ഭോക്താക്കളെ കണ്ടെത്താൻ വർഷംതോറും സർവ്വേ നടത്തണം.

രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്ത ഭടന്മാരുടെ വിധവകൾക്ക് സാമൂഹ്യക്ഷേമ പദ്ധതിയിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം. അതിന് IRDP സർവ്വേയിൽ ഇവരെ ഉൾപ്പെടുത്തണം.

DWCRA സഹായലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി 15 ഓ അതിലധികമോ സ്ത്രീകൾ കൂട്ടായ് പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. ഈ സ്കീം പഞ്ചായത്തിൽ നടപ്പാക്കേണ്ടതാണ്.

DWCRA

വാർഡ് നമ്പർ	വർഷം	എണ്ണം	ഗുണഭോക്താക്കൾ	സബ്സിഡി		ലോൺ
11	1995-96	1 കാറി-കം-ജല്ലി യൂണിറ്റ്	10 ലൈസൻസ് സംബന്ധമായി കാലതാമസമുണ്ടായി പ്രവർത്തനം തുടങ്ങുന്നതേയുള്ളു	50,000		50000
					ആകെ	100000

ഓരോ ഗ്രാമത്തിലും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം.

പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യത അടിസ്ഥാനത്തിൽ തൊഴിൽലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുങ്ങിയ ചിലർക്ക് മാത്രമെ ഈ പദ്ധതിയുടെ പരിശീലനം നൽകാൻ കഴിയുന്നുള്ളു. താൽപര്യമുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിലും അനുയോജ്യമായ യൂണിറ്റുകൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമായ സഹായം നൽകാനും അതത് പ്രദേശത്തെ സന്നദ്ധ സംഘടനാ പ്രവർത്തകരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണം. അയൽകൂട്ട കമ്മറ്റികളെയും ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്. ഈ സ്കീമിലൂടെ ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇതിലൂടെയുള്ള ഉൽപന്നങ്ങൾ സർക്കാർ എജൻസികൾ മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

ട്രൈസം

18 മുതൽ 35വയസ്സ് വരെയുള്ള യുവതി യുവാക്കൾക്ക് സ്വയം തൊഴിൽപരിശീലനം നൽകുന്നതാണ് ട്രൈസം.

വർഷം	ട്രേഡ്	എണ്ണം
1993-94	3	കംപോസിംഗ് പ്രിന്റിംഗ്
1995-96	1	ഓട്ടോമെക്കാനിസം
ആകെ	4	

ഓരോ ഗ്രാമത്തിലും അനുയോജ്യമായ തൊഴിലിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുവാനും ശ്രദ്ധിക്കണം. ഇതുവഴി പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യതയുടെ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപന്റ് തുക വർദ്ധിപ്പിക്കുകയും വേണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ല എന്ന പരാധി ഉദ്യോഗസ്ഥരിൽനിന്നുണ്ട്. ഇത് പരിഹരിക്കാൻ ഗുണഭോക്താക്കളെ കണ്ടെത്തി അവരം ബോധവൽകരിക്കാനും സാധിക്കണം. യുവജന സംഘടനകൾക്ക് ഇതിൽ ഒട്ടെറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും 92-93 മുതൽ 95-96 വരെ 86 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 39 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. 47 പേർക്ക് ലഭിക്കാനുണ്ട്.

ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലാളിക്കാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

92-93 മുതൽ 94-95 വർഷം വരെ പഞ്ചായത്തിൽ 39 പോർക്ക് സഹായ വിതരണം ചെയ്തിട്ടുണ്ട്. ആവശ്യക്കാർക്ക് കിട്ടുന്നില്ല എന്ന പരാധി നിലനിൽക്കുന്നുണ്ട്. സാധനങ്ങൾ യഥാസമയം വിതരണം ചെയ്യപ്പെടേണ്ടതുണ്ട്.

കണക്കുകൾ താഴെകൊടുത്ത പട്ടിക പ്രകാരമാണ്.

Tool Kit

വർഷം	എണ്ണം
1993-94	31
1995-96	8
ആകെ	39

ദാരിദ്ര്യരേഖക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP. 91-92 മുതൽ 95-96 വരെ കാലയളവിൽ വി.ഇ.ഒ. സർക്കിൾ മുഖേന നമ്മുടെ പഞ്ചായത്തിൽ 70000 രൂപ സഹായം അനുവദിച്ച് 46 കക്കൂസുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. ഓരോ വർഷത്തിലായി ചുരുങ്ങിയ ആളുകൾക്ക് മാത്രമെ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളു. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും സംഖ്യ വർദ്ധിപ്പിക്കുകയും വേണം.

വാർഡ് നമ്പർ	വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസ്	പൂർത്തിയായ കക്കൂസ്			വാർഡ് നമ്പർ			
1	1	1	2000		8	2	2	4000
2	2	2	4000		9	0	0	-
3	1	1	200		10	0	0	-
4	6	6	12000		11	4	4	8000
5	11	11	22000		12	9	9	18000
6	0	0	-		13	3	3	6000
7	3	3	6000	മറ്റുവക		4	4	8000
	ആകെ കക്കൂസിന്റെ എണ്ണം						ആകെ	81200

വില്ലേജ് ആപ്പീസുകൾ വഴിയുള്ള ക്ഷേമപദ്ധതി.

സാമൂഹ്യ ക്ഷേമരംഗത്ത് റവന്യൂ വകുപ്പിലൂടെ പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളു മാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്.

അർഹരായ മുഴുവൻപേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹരായ കുറേപേർ ആനുകൂല്യം കൈപറ്റുന്നുണ്ടുന്നുള്ളതും ഈ ക്ഷേമപദ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു.

നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് വലിയ പ്രശ്നം തന്നെ. മുമ്പേ ആപേക്ഷകൊടുത്തും പാസായിട്ടുള്ളതുമായ ധനസഹായങ്ങൾ ഇന്നേവരെ വിതരണം ചെയ്തിട്ടില്ല എന്നുള്ളത് 13 ഗ്രാമസഭയിലും ഉയർന്നുവന്ന പരാതിയാണ്. പുതിയഫണ്ട് അനുവദിക്കാത്തതാണ് കാരണമായി ഉദ്യോഗസ്ഥർ പറയുന്നത്. ഇത് അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ട താണ്. ഈ പദ്ധതികളുടെ ചുമതല ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതും എത്രയും പെട്ടെന്ന് ഫണ്ട് ലഭ്യമാക്കേണ്ടതുമാണ്.

പെൻഷനുകളെ സംബന്ധിച്ച്.

വിധവാപെൻഷൻ:

പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിൽ 67 പേർക്ക് പെൻഷൻ ലഭിക്കുന്നു.

വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് പലരും ബുദ്ധിമുട്ടുകയാണ്. താലൂക്ക് ആശുപത്രിയായ തളിപ്പറമ്പിൽ എത്തിപ്പെടാനുള്ള വിഷമം, സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസം വളരെ യധികം പ്രയാസമുണ്ടാക്കുന്നുണ്ട്. വികലാംഗർ എന്നുള്ളതു കൊണ്ടുതന്നെ ദൂരയാത്രയും ഒഴിവാക്കി കൊടുക്കണം. ഇതിന് വികലാംഗത്വം തെളിയി ക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം പഞ്ചായത്തിലെ പ്രധാന മെഡിക്കൽ ആഫീസർക്ക് നൽകേണ്ടതാണ്.

കർഷക തൊഴിലാളി പെൻഷൻ :

അനർഹരായ ധാരാളം പേർക്ക് പെൻഷ്ൻ ലഭിക്കുന്നുണ്ട്. അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നുമില്ല. അർഹരായവരെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. അർഹരായവരെ തിരഞ്ഞെടുത്ത് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

തൊഴിലില്ലായ്മ വേതനം.

നമ്മുടെ പഞ്ചായത്തിലും അർഹമായി തൊഴിലില്ലായ്മ വേതനം കൈപറ്റുന്നവരുടെ കണക്ക് വളരെ കുറവാണെന്ന് കണക്കുകൾകാണക്കുന്നു. തിമിരി വില്ലേജിൽ 26, ആലക്കോട് വില്ലേജിൽ 38, വെള്ളാട് 14 എന്നിങ്ങനെ 78 പേർ തൊഴിലില്ലായ്മ വേതനം കൈപറ്റുന്നതായി കാണുന്നു. 3 വില്ലേജുകളിലായി 1992മുതൽ 96 വരെ 203 പേർ തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിച്ചിട്ടുണ്ട്. ഈ തുക പ്രത്യുൽപാദന മേഖലകളിലേക്ക് തിരിച്ചു വിടുന്നതുമായി ബന്ധപ്പെട്ട് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ക്രമ നമ്പർ	വർഷം	പെൻഷനുള്ള അപേക്ഷ	പാസ്സായത്	പാസ്സാകാത്തത്
1	95-96	വാർദ്ധക്യ കാലപെൻഷൻ 126	73	53
2	,,	കുടുംബസഹായ പെൻഷൻ 6	-	6
3	,,	പ്രസവാനുകൂല്യ പെൻഷൻ 9	5	4

	വിധവാ പെൻഷൻ	വികലാംഗപെൻഷൻ	അവശകലാകാരൻ പെൻഷൻ	ക്ഷയരോഗ പെൻഷൻ	കാൻസർ രോഗി പെൻഷൻ	തൊഴിലില്ലായ്മ വേതനം	വാർദ്ധക്യ പെൻഷൻ	ആകെ
തിമിരി	32		1		2	26	6	67
ആലക്കോട്	53	45			1	38	29	197
വെള്ളാട്	4	4		8	12	14		42

അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച്ചവെക്കുന്ന അംഗൻവാടികൾ ടെ പഞ്ചായത്തിൽ 13 വാർഡുകളിലായി 10 എണ്ണം പ്രവർത്തിക്കുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ICDS ന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലെന്നത് കണക്കുകൾ കാണിക്കുന്നു. അതുകൊണ്ടുതന്നെ അംഗൻവാടികളിൽ കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുകയും പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം പഞ്ചായത്തിലും പ്രകടമാണ്. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതും കളിപ്പാട്ടങ്ങൾ ഇല്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വരുംതലമുറയെ വാർത്തെടുക്കുന്ന അംഗക്കളരിയായി നാം കാണുന്നത് അംഗൻവാടികളെയാണ്. അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ്. വർക്കർ, ഹെൽപർ എന്നീ രണ്ട് തസ്തികകളാണ്. രാവിലെ 9മണി മുതൽ മൂന്നര മണിവരെ ജോലിചെയ്യുന്ന ഇവർ ആരോഗ്യമേഖലയെ ഗൃഹ സന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്. പ്രയാസം സഹിച്ചും നാടിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന പസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കണെത്തേണ്ടിയിരിക്കുന്നു.

വാർഡ് നമ്പർ	വാർഡ് സ്ഥാനം	അംഗൻവാടി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേര്	അംഗീകൃത അംഗൻവാടികളുടെ എണ്ണം	ഗുണഭോക്താക്കളുടെ എണ്ണം വാർഡ് തലം സ്ത്രീ	ഗുണഭോക്താക്കളുടെ എണ്ണം വാർഡ് തലം പുരുഷൻ	ഗുണഭോക്താക്കളുടെ എണ്ണം വാർഡ് തലം സ്ത്രീ	ഗുണഭോക്താക്കളുടെ എണ്ണം അംഗൻവാടി തലം	അംഗൻവാടി തലത്തിൽ പുരുഷൻ	അംഗൻവാടി തലത്തിൽ സ്ത്രീ	അംഗൻവാടി തലത്തിൽ ആകെ
1	1	കക്കോട്	1	46	45	111	12	10	18	55
2	5	ബീമുംകാട്	-	45	48	146	21	7	22	60
3	5	മയറോം	-	58	60	150	18	8	23	45
4	7	നെല്ലിപ്പാറ	-	48	48	136	30	14	19	80
5	10	ഫർലോംഗ്കര	-	41	42	122	15	10	14	85
6	11	കല്ലോടി	1	60	56	146	32	25	28	60
7	11	നെല്ലിക്കുന്ന്	-	34	32	126	14	11	13	75
8	12	കൊട്ടയാട്	-	58	55	188	30	26	33	95
9	13	കുട്ടാപറമ്പ്	-	39	40	125	19	15	18	45
10	13	അരങ്ങം	-	41	40	149	13	10	14	94
		ആകെ	2	470	466	1399	204	136	202	694

നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ JRYഫണ്ടോ ഉപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റപ്പണി നടത്തിക്കുകയും വേണം.

2. പഞ്ചായത്ത് ലീസ് ഭൂമിയോ മിച്ചഭൂമിയോ അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.

3. എല്ലാവാർഡിലും ചുരുങ്ങിയത് രണ്ട് എന്ന തോതിൽ അംഗൻവാടികൾ അനുവദിക്കുക. മറ്റ് അംഗൻവാടികളിലെ 40 കൂടുതൽ കുട്ടികളുള്ള സ്ഥലങ്ങളിൽ പുതിയ അംഗൻവാടികളും ആരംഭിക്കുക.

4. DWCRA യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.

5. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

6. അനർട്ട് അടുപ്പുകൾ അംഗൻവാടികളിൽ വ്യാപകമാക്കുക.

7. ശുചിത്വ പാലനത്തിന്റെ ഭാഗമായി മുഴുവൻ അംഗൻവാടികളിലും പാഴ്വസ്തുക്കളും മലിനവസ്തുക്കളും നീക്കം ചെയ്യാൻ സംവിധാനം ഉണ്ടാക്കുക.

8. അംഗൻവാടി വർക്കർമാരെയും ഹെൽപർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന-വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

9. താൽകാലിക ജീവനക്കാരെ സ്ഥിര പ്പെടുത്തുക.

10. പൊതുപ്രവർത്തനത്തിൽ വർക്കർമാരെയും ഹെൽപർമാരെയും സജീവമാക്കാൻ ബോധവൽക്കരണം നടത്തുക.

ക്ഷേമ നിധികളെ സംബന്ധിച്ച്

1. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ കുറേ പേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവനാളുകളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഉടമാ വിഹിതം പിരിക്കുന്നില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ട് തന്നെ തൊഴിൽ മേഖലയിൽനിന്ന് 55 വയസ്സാകുമ്പോഴേക്കും വിട്ടുനിൽക്കാൻ നിർബന്ധിക്കപ്പെടുകയാണ്. ആയതിനാൽ ഇവരുടെ പെൻഷൻപ്രായം 55വയസ്സാക്കി ചുരുക്കണം. ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ല.

2. ആഭരണ തൊഴിലാളി ക്ഷമനിധി

വളരെ ചുരുക്കം പേരെ ഈ പഞ്ചായത്തിൽ ആഭരണ മേഖലയിൽ തൊഴിൽ ചെയ്യുന്നുള്ളു. ഇവരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതുണ്ട്.

3. കൈതോഴിലാളി – വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി.

തയ്യൽ, ബാർബർ, കൊല്ലൻമാർ, മരംകയറ്റക്കാർ, ബീഡിതൊഴിലാളികൾ, വാച്ച് സൈക്കിൾ റിപ്പയർമാർ, തേങ്ങവെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിലുള്ള തൊഴിലാളികളെ ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ടകാര്യങ്ങൾ ജനങ്ങളിലേക്കെത്തിക്കാനും അർഹരായവർക്ക് ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കണം. അതാത് ഗ്രാമസഭകൾ അതിനു കീഴെ 50 വീടുകൾ ഉൾകൊള്ളുന്ന അയൽക്കൂട്ടം കമ്മറ്റികൾ എന്നിവ സജീവമാക്കി പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണം നടത്തണം. അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാക്കുകയും വേണം.

റേഷൻഷാപ്പ് (പൊതുവിതരണ കേന്ദ്രം)

നമ്മുടെ പഞ്ചായത്തിൽ 16 പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ട്. റേഷൻഷാപ്പ് പൊതുവിതരണം ആയതോടുകൂടി പ്രവർത്തനം അനുദിനം സാധാരണക്കാരന് പരാതിയുള്ള മേഖലയായി മാറിക്കൊണ്ടിരിക്കുന്നു. പൊതുവിതരണ കേന്ദ്രങ്ങളുടെ (പഞ്ചായത്തിലെ റേഷൻഷാപ്പുകളുടെ) പൂർണ്ണമായ അധികാരം പഞ്ചായത്തിനു വിട്ടുകൊടുത്ത് ഈ മേഖലയിലെ ആവലാതികൾക്ക്

പരിഹാരം കാണേണ്ടതുണ്ട്.

റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം.

താലൂക്ക് സപ്ലൈ ഓഫീസിലേക്ക് ആവശ്യമായ ഫർണ്ണിച്ചറും മറ്റും അനുവദിച്ച് ആഫീസിന്റെ കുത്തഴിഞ്ഞ പ്രവർത്തനത്തിന് പരിഹാരം കാണേണ്ടതാണ്.

ലീസ്ഭൂമിയിൽ വീടെടുത്ത് താമസിക്കുന്നവർക്ക് നമ്പർനൽകാൻ പഞ്ചായത്ത് നടപടി സ്വീകരിക്കുകയും റേഷൻകാർഡിനുള്ള വീട്ടുനമ്പർ സർട്ടിഫിക്കറ്റ് നൽകാനുള്ള കാലതാമസം ഒഴിവാക്കുകയും വേണം.

പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർകൂടി അനുവദിക്കണം.

ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കണം.

റേഷൻഷോപ്പ് മുഖേന വിതരണം ചെയ്യുന്ന അരി, ഗോതമ്പ്, പഞ്ചസാര, മൈദ, റവ, തേയില, മണ്ണെണ്ണ എന്നിവക്ക് പുറമെ പയർവർഗ്ഗങ്ങളും മല്ലി, മുളക് എന്നിവയും വിലകുറച്ച് കാർഡുടമകൾക്ക് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിൽ 4ഉം 5ഉം കി.മി. നടന്നിട്ടു വേണം റേഷൻ സാധനങ്ങൾ വാങ്ങാൻ. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ റേഷൻഷാപ്പുകൾ അനുവദിക്കേണ്ടതാണ്. റേഷൻഷാപ്പുകളിൽ നടക്കുന്ന അഴിമതികൾ പരിശോധിക്കാനുള്ള അവകാശം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

HOUSES

YEAR	RLEGP	NREP	IAY	MWS	JRY	TOTAL
1992-93	-	-	3	34	16	53
1993-94	-	-	25	51	11	87
1994-95	-	-	2	11	-	13
1995-96	-	-	14	-	-	14
1996-97	-	-	-	-	-	-
Total	-	-	44	96	27	167

C.D.LATRINES

YEAR		AMOUNT
1993-94	5	7500
1994-95	10	20000
Total	15	27,500

പഞ്ചായത്തിലെ റേഷൻഷോപ്പ് പൊതുവിതരണ കേന്ദ്രം

വാർഡ് നമ്പർ	സ്ഥലത്തിന്റെ പേര്	കാർഡിന്റെ എണ്ണം	അംഗസംഖ്യ
1	ചുക്കസ്ഥാനം	280	1428
2	തിമിരി	535	2240
3	ചെറുപാറ	125	560
4	കൂടപുറം	475	2318
5	തേർത്തല്ലി	650	3325
6	മയറോം	-	-
7	മൂന്നാംകടന്ന്	178	1147
8	നോടവോട്	409	2289
9	നെല്ലപപ്പാറ	408	2280
10	ആലക്കോട്	511	2536
11	ഒറ്റതത്തെ	402	1711
12	കാപ്പിമല	295	1475
13	നെല്ലിക്കുന്ന്	243	1424
14	കൊട്ടയാട്	262	1050
15	അരങ്ങം	452	2380
16	കുട്ടാപറമ്പ്	303	1625



സംസ്കാരം



കുടിയേറ്റത്തിന്റെ തുടക്കത്തിലും തുടർന്നുള്ള കാലഘട്ടത്തിലും ആലക്കോട് പഞ്ചായത്തിൽ കലാസാംസ്കാരിക പ്രവർത്തനങ്ങൾ ശക്തമായിരുന്നു. സജീവമായി പ്രവർത്തിച്ചിരുന്ന ധാരാളം കലാസമിതികൾ പഞ്ചായത്തിൽ അന്നുണ്ടായിരുന്നു. കലാസമിതികൾ സ്വന്തമായി കാലാപരിപാടികൾ ചിട്ടപ്പെടുത്തിയിരുന്നു. മത്സരബുദ്ധിയോടെ പ്രവർത്തിച്ചിരുന്ന കലാസമിതികൾ സാംസ്കാരിക രംഗത്ത് സജീവമാക്കിയിരുന്നു. വിജയ ആർട്ട് ക്ലബ്ബ്, പ്രഭ ആർട്ട്സ് ക്ലബ്ബ്, സത്യ ആർട്ട്സ് ക്ലബ്ബ് എന്നിവ ആലക്കോടിന്റെ സാംസ്കാരികരംഗത്ത് മൗലികമായ സംഭാവനകൾ നൽകിയവയാണ്. അരങ്ങം ക്ഷേത്രത്തിലെ ഉത്സവവും പള്ളികളിലെ പെരുനാളുകളും കലാസാംസ്കാരിക രംഗത്തെ പ്രോത്സാഹിപ്പിച്ചിരുന്ന ഘടകങ്ങളായിരുന്നു. ആലക്കോട് കോന്ദ്രമായി അഖില കേരളാ നാടകമത്സരവും, അഖില കേരളാ വോളീബോൾ മത്സരവും സംഘടിപ്പിച്ചിരുന്നു. 1969 രൂപം കോണ്ട പബ്ലിക്ക് ലൈബ്രറി സാഹിത്യകുതുകികൾക്ക് ഒരാവേശമായിരുന്നു. ലൈബ്രറിയുടെ വാർഷികവുമായി ബന്ധപ്പെട്ട് പ്രശസ്ത സാഹിത്യകാരൻമാരായ എം.ടി.വാസുദേവൻ നായർ, ഉറൂബ്, എസ്.കെ. പൊറ്റക്കാട്, അക്കിത്തം, തിക്കോടിയൻ, കോന്നിയൂർ ആർ.നരേന്ദ്രനാഥ്, എം.ആർ.ബി. എന്നിവർ ആലക്കോട് സന്ദർശിച്ചിരുന്നു. എന്നാൽ ഇന്ന് സാംസ്കരിക പ്രവർത്തനങ്ങൾ ശക്തമായ വെല്ലുവിളികളെ നേരിടുകയാണ്. കുടിയേറ്റക്കാരുടെ രണ്ടാം തലമുറ കലാസാംസ്കാരിക രംഗത്ത് തൽപരരല്ല. പുത്തൻ ഉപഭോഗ സംസ്കാരത്തിന്റെ അലയൊലികൾ പഞ്ചായത്തിലും എത്തിക്കഴിഞ്ഞു. പഞ്ചായത്തിന്റെ വിവിധ കോണുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ കൈത്തിരി കെടാതെ സൂക്ഷിക്കുക എന്ന കാലത്തിന്റെ വെല്ലുവിളി ഏറ്റെടുക്കാൻ നാം ഓരോരുത്തരും മുമ്പോട്ട് വരേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ ഹിന്ദു, ക്രിസ്ത്യൻ, ഇസ്ലാം മതവിഭാഗങ്ങളിൽ പെടുന്ന ആളുകൾ പരസ്പര സൗഹാർദ്ദത്തിൽ കഴിഞ്ഞുവരുന്നു. ഹിന്ദു മത വിശ്വാസികളുടെ പ്രധാന ആരാധനാലയങ്ങൾ ആലക്കോട് അരങ്ങം ശ്രീ.മഹാദേവക്ഷേത്രവും തിമിരി മഹാദേവക്ഷേത്രവും ആണ്. ക്രിസ്ത്യൻ ദേവാലയങ്ങളിൽ ആലക്കോട് സെന്റ് മേരീസ് ഫെറോന ചർച്ചും മേരിഗിരി ലിറ്റിൽ ഫ്ളവർ ഫെറോന ചർച്ചുമാണ് പ്രധാന്യമർഹിക്കുന്നത്. മറ്റ് ധാരാളം ഇടവക പള്ളികളും ക്രിസ്ത്യൻ ആരാധനാലയങ്ങളായിട്ടുണ്ട്. രയറോം, കൂട്ടാപ്പറമ്പ, ആലക്കോട്, നല്ലിക്കുന്ന് എന്നിവിടങ്ങളിലാണ് ഇസ്ലാം മതവിഭാഗത്തിന്റെ ആരാധനാലയങ്ങൾ.

പഞ്ചായത്തിലെ ഏറ്റവും വലിയ ആഘോഷം എന്ന് പറയുന്നത് അരങ്ങം ശ്രീ.മഹാദേവക്ഷേത്രത്തിൽ 8 ദിവസമായി നടക്കുന്ന ഉത്സവാഘോഷങ്ങളാണ്. തിരുവിതാംകൂർ ശൈലിയിൽ ഉത്സവം നടക്കുന്ന മലബാറിലെ ഏക ക്ഷേത്രമെന്ന പ്രത്യേകതയും അരങ്ങത്തിനുണ്ട്. കേരളത്തിന്റെ

തനത് കലാരൂപങ്ങളായ കഥകളി, ഓട്ടം തുള്ളൽ, ചാക്യാർക്കൂത്ത് എന്നിവ പതിവായി നടക്കുന്നു. തിമിരി മഹാദേവക്ഷേത്രത്തിൽ 7 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവമാണ് ഉള്ളത് തനത് കലാരൂപങ്ങളും തിടമ്പുനൃത്തവും ഉത്സവത്തെ കൂടുതൽ ആകർഷകമാക്കുന്നു. കപ്പണ, ഫർലോംഗര എന്നിവിടങ്ങളിൽ നടക്കുന്ന തെയ്യവും പഞ്ചായത്തിലെ ആഘോഷപരിപാടികളാൽ പെടുന്നു.

ആലക്കോട് സെന്റ് മേരിസ് ഫെറോന ചർച്ചിലും മറ്റു ക്രിസ്ത്യൻ ദേവാലയങ്ങളിലും നടത്തപ്പെടുന്ന തിരുന്നാളാഘോഷങ്ങളിൽ നാനാ ജാതി മതസ്ഥർ പങ്കെടുക്കുന്നു. രയറോം മുസ്ലീം പള്ളിയിലെ മഖാം ഉറൂസ് വളരെ പ്രസിദ്ധമാണ്. വ്യത്യസ്ത മതവിഭാഗങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന ആഘോഷ പരിപാടികളിൽ എല്ലാ മതവിഭാഗങ്ങളും പങ്കെടുക്കുന്നു. ക്ഷേത്രോത്സവത്തോടനുബന്ധിച്ച് കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നത് സാമുദായിക മൈത്രി നിലനിർത്തുന്നതിനും വിഭാഗീയത ഒഴിവാക്കുന്നതിനും സഹായിക്കുന്നു. അഖില കേരളാ വോളിബോൾ മത്സരം, അഖില കേരളാ നാടക മത്സരം എന്നിവ ഉത്സവാഘോഷത്തോടനുബന്ധിച്ച് നടത്തിവന്നിരുന്നു.

പഞ്ചായത്തിൽ ജാതികൾ തമ്മിലുള്ള വേർതിരിവ് എങ്ങും ദൃശ്യമല്ല. സാമ്പത്തികമായി വ്യത്യസ്ത തട്ടുകളിലുള്ള ജനങ്ങളാണ് പഞ്ചായത്തിലേത്. കാർഷിക വൃത്തിയിലൂടെ തന്നെ വളരെ ഉയർന്ന നിലയിലുള്ളവരും ഇടത്തരക്കാരായിട്ടുള്ളവരാണ് ഏറിയകൂറും. താഴെതട്ടിലുള്ള കർഷക തൊഴിലാളികളും മറ്റുകൂലി വേലക്കാരും എല്ലാം അടങ്ങിയതാണ് പഞ്ചായത്തിലെ സാമ്പത്തിക സാമൂഹ്യഘടന. കുടിയേറ്റ പ്രദേശമായത്കൊണ്ട് തന്നെ ഉയർന്ന തരത്തിലുള്ള സർക്കാർ ഉദ്യോഗസ്ഥരോ വൻകിട കച്ചവടക്കാരോ വ്യവസായകളോ പഞ്ചായത്തിലില്ല. അദ്ധ്യാപകരും എൻ.ജി.ഓ. വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥരുമാണ് സർക്കാർ ജീവനക്കാരിൽ ഭൂരിഭാഗവും.

മതേതരത്വവും ദേശീയതയും ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും സാമൂഹ്യ സാംസ്കാരിക സംഘടനകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും കുടിയേറിയവരായതുകൊണ്ടുതന്നെ വ്യത്യസ്ത സംസ്കാരങ്ങളുടെയും ആചാരങ്ങളുടെയും സമന്വയമാണ് ഇവിടെയുള്ളത്.

ക്ലബ്ബുകൾ – കലാസമിതികൾ

പഞ്ചായത്തിൽ ക്ലബ്ബുകളും കലാസമിതികളുമായി 30 എണ്ണം പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഭൂരിപക്ഷം കലാസമിതികളുടെയും പ്രവർത്തനം ആശാവഹമല്ല. കേവലം ഒരു വാർഷികാഘോഷത്തിലോ കലാമത്സരത്തിലോ പ്രവർത്തനങ്ങൾ ഒതുങ്ങിപ്പോകുന്നു. പഞ്ചായത്തിന്റെയും മറ്റ് ഏജൻസികളുടെയും സാമ്പത്തിക ആനുകൂല്യങ്ങൾ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നില്ല. കലാസാംസ്കാരിക പ്രവർത്തനങ്ങളോടും പ്രവർത്തകരോടും പൊതുവെ ജനങ്ങളുടെ സഹകരണവും പ്രോത്സാഹനജനകമല്ല. ഈ ഒരു അവസ്ഥയിലും മെച്ചപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന എന്നാലും ചില കലാസമിതികൾ പഞ്ചായത്തിലുണ്ട്. സാംസ്കാര ഫൈൻ ആർട്ട്സ് സൊസൈറ്റി തേർത്തല്ലി, ഉപാസന തീയറ്റേർസ് നെല്ലിപ്പാറ, സെഞ്ചുറി കൊട്ടയാട്, അഞ്ജലി തീയറ്റേർസ് നെല്ലിക്കുന്ന് എന്നിവയാണത്. അവ. പഞ്ചായത്തിൽ അറിയപ്പെടുന്ന കരകൗശല വിദഗ്ദ്ധരോ തനതു നാടൻ കലാരൂപങ്ങളോ ഇല്ല. കലാസമിതികളിലെ സ്ത്രീപങ്കാളിത്തവും ആശാവഹമല്ല. യശഃശരീരനായ എൻ.കെ.രാമവർമ്മയുടെ (റിട്ട. വിങ് കമാന്റർ) നേതൃത്വത്തിൽ 1883 മുതൽ കുറേവർഷങ്ങളിൽ ഇവിടെവച്ചു നടന്നിരുന്ന അഖില കേരളാ നാടക മത്സരം ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

ഗ്രന്ഥശാല – വായനശാലകൾ

പഞ്ചായത്തിൽ ആകെ 9 ഗ്രന്ഥശാലകളും 12 വായനശാലകളും പ്രവർത്തിക്കുന്നു. ഗ്രന്ഥശാലാ സംഘവുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറി ഒന്നുമാത്രമെ ഉള്ളൂ. 1959ൽ ഒരു പബ്ലിക്ക് ലൈബ്രറിയായി ആരംഭിച്ച് പിന്നീട് പഞ്ചായത്തിന് വിട്ട് കൊടുത്ത ആലക്കോട് പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി കണ്ണൂർ ജില്ലയിലെ ഒരു പ്രധാന ലൈബ്രറിയായി ഉയർന്നിട്ടുണ്ട്. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ മുഴുവൻ വാല്യങ്ങളും ഈ അടുത്തകാലത്ത് ലൈബ്രറിക്കുവേണ്ടി വാങ്ങിയിട്ടുണ്ട്. 1965ൽ തേർത്തല്ലിയിൽ പ്രവർത്തനം ആരംഭിച്ച അപ്പോളോ ലൈബ്രറിയിൽ 3000 പുസ്തകങ്ങൾ ഉണ്ടെങ്കിലും ദൈനംദിന പ്രവർത്തനങ്ങൾ പോലും നടക്കുന്നില്ല. 1500ൽ താഴെ പുസ്തകങ്ങൾ ഉള്ളവയാണ് മറ്റു ഗ്രന്ഥാലയങ്ങൾ. പഞ്ചായത്തിലെ പ്രതിമാസ പുസ്തക വിതരണം 150 ആണ്. പഞ്ചായത്തിലെ വാർഷിക വരുമാനത്തിൽ 10.16% ഫണ്ട് ഗ്രന്ഥാലയങ്ങളുടെയും

വായനശാലകളുടെയും പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു. എങ്കിലും മിക്ക ഗ്രന്ഥശാലകളുടെയും പ്രവർത്തനം തൃപ്തികരമല്ല. വായനക്കാരുടെ എണ്ണവും പഞ്ചായത്തിൽ കുറഞ്ഞുവരുന്നു. വിദ്യാർത്ഥികളും തൊഴിൽ രഹിതരുമാണ് പുസ്തകാലയങ്ങളെ കൂടുതലായി ഉപയോഗപ്പെടുത്തുന്നത്. കാർഷികമേഖലയിൽ ഉള്ളവർ ഗ്രന്ഥാലയങ്ങളെ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. പുസ്തകങ്ങളുടെ ഗുണനിലവാരം ശരാശരിയാണ്. സംഖ്യാപരമായ വർദ്ധനവിനാണ് പുസ്തകങ്ങൾ വാങ്ങുമ്പോൾ ഗ്രന്ഥാലയങ്ങൾ മുൻതൂക്കം നൽകുന്നത്. വായനയെ ഗൗരവമായി സമീപിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. എന്നാൽ വിദ്യാർത്ഥികളിലും തൊഴിൽരഹിതരിലും വായനയെ ഗാരവമായി കാണുന്നവരുണ്ട്. സ്ത്രീകൾ പൈങ്കിളി പ്രസിദ്ധീകരണങ്ങളിലാണ് കൂടുതലും താൽപര്യം കാണിക്കുന്നത്.

പഞ്ചായത്തിലെ വായനശാലകളിൽ പത്രങ്ങൾ മാത്രമാണ് വായനക്കായി ഉപയോഗിക്കുന്നത്. 20 വായനശാലകൾക്ക് പഞ്ചായത്ത് വക ദിനപത്രങ്ങൾ ലഭിക്കുന്നു. കൈരളിവായനശാല കുടപ്രം, എ,കെ.ജി. സ്മാരക വായനശാല കക്കോട് എന്നിവയാണ് ദൗത്യം അല്പമെങ്കിലും നിറവേറ്റുന്നവ. പ്രാദേശികമായ പ്രസിദ്ധീകരണങ്ങളോ കൈയെഴുത്ത് മാസികയോ നിലവിലില്ല. എൻ.എസ്സ്.എസ്സ്. ഹൈസ്കൂൾ ആലക്കോട്, അരങ്ങം ശ്രീ. മഹാദേവക്ഷേത്രം എന്നിവയുടെ വക സുവനീറുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ടെലിവിഷൻ

വാർത്താമാധ്യമ രംഗത്ത് ഉണ്ടായ വളർച്ചയുടെ നേരിയ പ്രതിഫലനം ആലക്കോട് പഞ്ചായത്തിലും അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്നു. പഞ്ചായത്തിലെ ഒരു ശതമാനം ആളുകൾക്ക് മാത്രമാണ് ടെലിവിഷൻ ഉള്ളത്. എന്നാൽ 10% ആളുകൾ ടെലിവിഷന്റെ ഗുണഭോക്താക്കളായി മാറുന്നു. കേബിൾ ടി.വി. മറ്റു നെറ്റ് വർക്കുകൾ എന്നിവയുടെ കൂതിച്ചുകയറ്റം നമ്മുടെ പഞ്ചായത്തിൽ അനുഭവപ്പെട്ടിട്ടില്ല. അത് കൊണ്ടുതന്നെ ടെലിവിഷൻ സംവിധാനങ്ങളുടെ ഗുണദോഷങ്ങൾ പൂർണ്ണമായും ജനങ്ങൾക്ക് വൈദ്യുതിയുടെ ആഭാവവും അപര്യാപ്തതയുമാണ് ടെലിവിഷനുകളുടെ വ്യാപനത്തിന് വിഘാദമായി നിൽക്കുന്നത്. ചെറിയ തോതിലാണെങ്കിലും ടെലിവിഷനുകളുടെ വ്യാപനം സാംസ്കാരിക പ്രവർത്തനങ്ങളുടെ തീവ്രത കുറച്ചിട്ടുണ്ട് പഞ്ചായത്തിൽ ആലക്കോട് തേർത്തല്ലിയിലുമായി രണ്ട് തീയറ്ററുകൾ നിലവിലുണ്ടെങ്കിലും ആലക്കോട്ടുള്ളത് മാത്രമാണ് പ്രവർത്തിക്കുന്നത്.

കായികം

കായികരംഗത്ത് ഒട്ടേറെ വിലപ്പെട്ട സംഭാവനകൾ നൽകുവാൻ കഴിഞ്ഞ പഞ്ചായത്താണ് ആലക്കോട്. ഇച്ഛാശക്തിയും ആത്മവിശ്വാസവുമുള്ള ഒരു തലമുറയുടെ പിൻമുറക്കാരാണ് ഉജ്ജ്വലമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളത്. 1982ൽ ഡൽഹിയിൽ നടന്ന ഏഷ്യാഡിൽ വിവിധയിനങ്ങളിൽ സ്വർണ്ണം നേടിയ എം.ഡി.വത്സമ്മ, ജക്കാർത്തയിൽ നടന്ന ഏഷ്യൻ ട്രാക്ക് & ഫീൽഡിൽ സ്വർണ്ണം നേടിയ വി.കെ.സിന്ധു എന്നിവർ ആലക്കോടിന്റെ അഭിമാനമായി മാറിയവരാണ്. അഖില കേരളാ വോളിബോൾ മത്സരത്തിനെ ആതിഥ്യം അരുളുവാനും ആലക്കോട് പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. ജില്ലാതലത്തിലുള്ള ഫുട്ബോൾ മത്സരം പതിവായി സംഘടിപ്പിക്കാറുണ്ട്. കരാട്ടെ, കളരി, ജിംനേഷ്യം എന്നിവയുടെ പരിശീലന ക്ലാസുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നടന്നു വരുന്നു. പഞ്ചായത്തിലെ വിവിധ സ്പോർട്സ് ക്ലബ്ബുകൾ പ്രദേശികമായ മറ്റു മത്സരങ്ങളും സംഘടിപ്പിക്കാറുണ്ട്. സ്ത്രീകൾക്കായി പൊതു കളിസ്ഥലമോ സ്പോർട്സ് ക്ലബ്ബുകളോ പഞ്ചായത്തിലില്ല. കിളിത്തട്ടുകളി, കബടികളി എന്നിവയാണ് പഞ്ചായത്തിലുള്ള നാടൻ കളികൾ

പ്രശ്നങ്ങൾ

1. സാമ്പത്തിക പരാധീനത ക്ലബ്ബുകളുടെയും വായനശാലകളുടെയും സുഗമമായ പ്രവർത്തനത്തിന് വൈഷമ്യം സൃഷ്ടിക്കുന്നു.

2. പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. ഇവർ പൊതുവെ കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ താല്പര്യം കാണിക്കുകയോ അവയെ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല.

3. പൈങ്കിളി പ്രസിദ്ധികരണങ്ങളുടെ വ്യാപനം ഗൗരവമേറിയ വായനാശീലത്തെ തടസ്സപ്പെടുത്തുന്നു.

4. പുസ്തകങ്ങളുടെയും മറ്റ് പ്രസിദ്ധീകരണങ്ങളുടെയും വിലവർദ്ധനവും ദൃശ്യമാധ്യമങ്ങളുടെ സ്വാധീനവും ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു.

5. പൊതു കളിസ്ഥലങ്ങളുടെ അപര്യാപ്തത

6. കായിക സംസ്കാരത്തെ കുറിച്ചുള്ള അവബോധം ഇല്ലായ്മ.

സാധ്യതകൾ

1. പഞ്ചായത്തിലെ വായനശാലകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനുമായി പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു കോ-ഓർഡിനേഷൻ കമ്മറ്റി രൂപീകരിക്കുക.

2. വായനശാല കമ്മറ്റികൾ മറ്റ് പരിഗണനകൾക്കതീതമായി എല്ലാവിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി യഥാർത്ഥ ജനകീയ കമ്മറ്റികളാക്കി മാറ്റുക.

3. സ്കൂളുകളിലെ ലൈബ്രറികൾ കുട്ടികൾക്ക് പുസ്തക വിതരണം നടത്തുന്നുവെന്ന് ഉറപ്പുവരുത്തുക.

4. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന, കലാസമിതികൾക്ക് വർഷംതോറും അംഗീകാരവും പ്രോത്സാഹനവും നൽകുക.

5. സംഗീതം, നൃത്തം, വാദ്യോപകരണങ്ങൾ എന്നിവ അഭ്യസിപ്പിക്കുന്നതിനുള്ളഒരു കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായുക.

6. പഞ്ചായത്തു തലത്തിൽ നടത്തുന്ന കലാകായിക മത്സരങ്ങൾ (കേരളോത്സവം പോലുള്ളവ) വികേന്ദ്രീകരിച്ച് എല്ലാവാർഡുകളിലും നടത്തുക.

7. പ്രൈമറി സ്കൂളുകളിൽ കലാ-കായിക അദ്ധ്യാപകരുടെ ലഭ്യസേവനം ലഭ്യമാക്കുക.

8. സാധ്യതയുള്ള സ്ഥലങ്ങളിൽ പൊതു കളിസ്ഥലങ്ങൽ നിർമ്മിക്കുക. സ്കൂളുകളിലെ കളിസ്ഥലങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക.

9. പൊതു ആഘോഷങ്ങളിലും ഉത്സവങ്ങളിലും പ്രദേശികമായ കലാപരിപാടികൾക്ക് മുൻഗണന നൽകണം.

10. ഫിലിം സൊസൈറ്റികൾ രൂപീകരിക്കുന്നതിന് പഞ്ചായത്ത് കോ-ഓർഡിനേഷൻ കമ്മറ്റി നേതൃത്വം നൽകുക.

11. ആലക്കോട് പഞ്ചായത്ത് ലൈബ്രറിയും ഒരു മുഴുവൻ സമയ ലൈബ്രേറിയനെ നിയമിക്കുക.

12. പഞ്ചായത്തിന്റെ അധീനതയിലുള്ള കമ്മ്യൂണിറ്റിഹാളിന്റെ കേടുപാടുകൾ തീർത്ത് ഉപയോഗ യോഗ്യമാക്കുക.

വനിതാക്ഷേമം



പഞ്ചായത്തിൽ 1995-ൽ ലഭ്യമായ കണക്കനുസരിച്ച് മൊത്തം .ജനസംഖ്യ 35510 ആണ്. ഇതിൽ 17634 പേർ സ്ത്രീകളാണ്. 49.5% ത്തോളം വരുന്ന ഈ വിഭാഗത്തിന്റെ പൊതു സാമൂഹ്യ നില വേണ്ടത്ര ഉയർന്നു വന്നിട്ടില്ല എന്നത് രാജ്യത്താകെ സ്ത്രീകൾ അനുഭവിക്കുന്ന പൊതു പ്രശ്നത്തിന്റെ ഭാഗമായി കാണുവാൻ കഴിയുമെങ്കിലും സമൂഹത്തിന്റെ പകുതിയോളം വരുന്ന ഈ വിഭാഗത്തിന്റെപുരോഗതി നമ്മുടെ പൊതുവളർച്ചയുടെ അഭേദ്യ ഭാഗമായി കാണുവാനും സ്ത്രീകൾക്ക് സമൂഹത്തിലുള്ള മാന്യതയും അംഗീകാരവും ഉറപ്പുവരുത്തുവാനും ആവശ്യമായ നടപടികള വിവിധ തുറകളിൽ കൂടി നടപ്പാക്കേണ്ടതുണ്ട്.

കാർഷികമേഖലയോട് ഒട്ടി നിൽക്കുന്ന കുടുംബ പശ്ചാത്തലവും വീടുകളിൽ മാത്രം ഒതുങ്ങി കഴിയേണ്ടവരാണ് സ്ത്രീകൾ എന്ന അബദ്ധ ധാരണയും പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ മോശക്കാരായി ചിത്രീകരിക്കുന്ന പ്രവണതകളും സാമൂഹ്യ പ്രവർത്തനങ്ങളിലേക്ക് കടന്നുവരുന്നതിൽ നിന്ന് ഈ വിഭാഗത്തെ മാറ്റി നിർത്തുന്നു. മഹിളകളുടെ പൊതു പ്രശ്നങ്ങൾ ഏറ്റെടുത്ത് പ്രവർത്തിക്കുന്ന മഹിളാ അസോസിയേഷൻ പോലുള്ള സംഘടനകളുടെ പ്രവർത്തനങ്ങൾ വഴിയും നിയമനിർമ്മാണം വഴി സർക്കാർ കൊണ്ടുവരുന്ന് അംഗീകാരവും സമൂഹത്തിന്റെ വിവിധ മേഖലകളിൽ മോശമല്ലാത്ത പദവി അലങ്കരിക്കുന്നതിന് സ്ത്രീകൾക്ക് അവസരം ഉണ്ടാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസ സൗകര്യങ്ങൾ തീർത്തും അപര്യാപ്തമായ ഒരു ചുറ്റുപാടിൽ നിന്നും പഞ്ചായത്തിന്റെ പൊതു സ്ഥിതി മാറിയതോട് കൂടി വനിതകളുടെ വിദ്യാഭ്യാസ നിലവാരത്തിലും ഗണ്യമായ മാറ്റം സംഭവിക്കുവാൻ തുടങ്ങി. ഉന്നത വിദ്യാഭ്യാസം നേടുവാനും കലാകായിക രംഗങ്ങളിൽ ആൺകുട്ടികളോടൊപ്പം കഴിവുതെളിയിക്കുവാനും പെൺകുട്ടികളിന്ന് ഒട്ടും പിന്നിലല്ല. നിരക്ഷരരായ ഗ്രാമീണ സ്ത്രീകളിൽ അക്ഷരത്തിന്റെ കൈത്തിരിയുമായ് കടന്നുവന്ന സാക്ഷരാതായജ്ഞം വമ്പിച്ച സ്വാധീനമാണ് ഉണ്ടാക്കിയത് എന്നാൽ ഇന്നും നിരക്ഷരരായ സ്ത്രീകളുടെ എണ്ണം നിരക്ഷരരായ പുരുഷൻമാരുടെ എണ്ണത്തിനേക്കാൾ അധികമാണ് എന്നു കാണുമ്പോഴാണ് സാക്ഷരത ഒരു തുടർനടപടിയായി സ്വീകരിക്കണം എന്ന ആവശ്യത്തിന്റെ പ്രസക്തി നമുക്ക് ബോധ്യപ്പെടുന്നത്.

ആരോഗ്യപരമായും സ്ത്രീകളുടെ നില പുരുഷൻമാരെ അപേക്ഷിച്ച് പിന്നോക്കമാണ്. വർദ്ധിച്ച ജോലിഭാരം അടുക്കള ജോലിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന അനാരോഗ്യ പ്രശ്നങ്ങൾ, പോഷകാഹാരകുറവ്, അസുഖമുണ്ടായാലും ചികിത്സിക്കാൻ പോകായ്ക, ചികിത്സാ സൗകര്യങ്ങളുടെ അഭാവം ഇവയൊക്കെ അതിന് കാരണമാണ്. നമ്മുടെ പഞ്ചായത്തിൽ മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്ന സർക്കാർ ആശുപത്രികളോ

സഹകാരൃ ആശുപത്രികളോ ഇല്ല എന്നത് പരിതാപകരമാണ്.

വിദ്യാഭ്യാസ നിലവാരം ഉയർന്നിട്ടുണ്ടെങ്കിലും ഉദ്യോഗസ്ഥകളായ സ്ത്രീകൾ പൊതുവേ കുറവാണ്. വലിയൊരു വിഭാഗം കാർഷികരംഗത്തും നാമമാത്രമായ് തയ്യൽ, കെട്ടിടനിർമ്മാണ്, ചുമട്, കരിങ്കൽ ക്വാറികൾ, റബ്ബർ ടാപ്പിംഗ് എന്നീ മേഖലകളിലും പണിയെടുക്കുന്നു. കുടുംബനാഥകളായ ഒട്ടേറേ സ്ത്രീകൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാണുവാൻ സാധിക്കും. ഒരു വലിയ കുടുംബത്തിന്റെ ഭരണ ചുമതല പൂർണ്ണമായി വഹിക്കേണ്ടി വരുന്ന സ്ത്രീകളുടെ ബുദ്ധിമുട്ട് വർണ്ണനാതീതമാണ്.

വിവധ മേഖലകളിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ കണക്ക് താഴെ കൊടുക്കുന്നു.

ഔദ്യോഗികരംഗത്തുള്ളവർ	146
കർഷകതൊഴിലാളികൾ	1997
അസംഘടിത മേഖലയിൽ ഉള്ളവർ	2168

തൊഴിൽ മേഖലകളിൽ സ്ത്രീ-പുരുഷ കൂലിനിരക്കിൽ ഗണ്യമായ അന്തരം കാണുവാൻ കഴിയും.

	സ്ത്രീ	പുരുഷൻമാർ
കാർഷികമേഖല	30-40	60-75
നിർമ്മാണ മേഖല	60-100	125-150
ചുമട്	50-60	75-100

സ്ത്രീകളിൽ നല്ലൊരു വിഭാഗം വീട്ടു ജോലികളും സ്വന്തം പുരയിടത്തിലെ മറ്റു ജോലികളുമായി കഴിയുന്നവരാണ്.

സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിന്റെ ഗുണഫലം അനുഭവിക്കുന്ന നല്ലൊരു വിഭാഗം സ്ത്രീകളിലുമുണ്ട്. വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നുണ്ട്.

വിധവാ പെൻഷൻ	-	89
വികലാംഗ പെൻഷൻ	-	26
വാർദ്ധക്യകാലപെൻഷൻ	-	18
കർഷക തൊഴിലാളി	-	

13 വാർഡുകലിലായി 10 അംഗനവാടികളാണ് പരിമിതമായ തോതിൽ പ്രവർത്തിക്കുന്നത്. കുട്ടികളുടെ പഠനത്തിലും അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ കാരൃത്തിലും ശ്രദ്ധിക്കുവാൻ കഴിയുന്ന ഇത്തരം കേന്ദ്രങ്ങൾ എല്ലാ വാർഡുകളിലും ആരംഭിക്കുവാനും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കുവാനും സാധിക്കണം. വനിതാ വ്യവസായ ശാലകൾ എന്ന നിലയ്ക്ക് ഒന്നും പഞ്ചായത്തിൽ ഇല്ല. വനിതാ സഹകരണ സംഘത്തിന്റെ പാലുൽപ്പന്ന കേന്ദ്രങ്ങൾ മാത്രമാണ് പഞ്ചായത്തിലുള്ളത്.

പഞ്ചായത്തിൽ വനിതാ സംഘടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ കുറവാണ്. കുടുംബ ഭാരവും സ്വന്തമായി വരുമാനമില്ലായ്മയും ബോധവൽക്കരണ കുറവ് സ്ത്രീകളെ പൊതുരംഗത്തുനിന്ന് മാറ്റി നിർത്തുന്ന ഘടകങ്ങളിൽ ചിലതുമാത്രമാണ്.

മഹിളാ സമാജങ്ങൾ പേരിനുമാത്രമായി നിലനിൽക്കുന്നു. ഒരു പ്രദേശത്ത് ഇന്ന് പ്രവർത്തനരംഗത്തുള്ള സമാജങ്ങൾ ഇല്ല. അരങ്ങത്ത് വെൽഫെയർ ബോർഡിന്റെ അംഗീകാരത്തോട്കൂടി നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന മഹിളാ സമാജം ബോർഡ് അതിന്റെ അംഗീകരം പിൻവലിച്ചതോടുകൂടി നിശ്ചലമായി. ശരിയായ മാർഗ്ഗനിർദ്ദേസവും അർപ്പണ ബോധവുമുള്ള പ്രവർത്തകരും ഉണ്ടെങ്കിലും എല്ലാ വാർഡിലും ഫലപ്രദമായി മഹിളാ സമാജങ്ങൾ പ്രവർത്തിപ്പിക്കാവന്നതാണ്.

സ്ത്രീധനമെന്ന സാമൂഹ്യ അനാചാരത്തിന്റെ കെടുതികൾ അനുഭവിക്കുന്ന നിർധനരായ ഒട്ടേറേ കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ധനം കൊടുക്കവാനില്ല എന്ന ഒറ്റ കാരണത്താൽ മംഗല്യഭാഗ്യം നിഷേധിക്കപ്പെടുന്ന പെൺകുട്ടിയുടെ അവസ്ഥ നമ്മുടേതു പോലുള്ള പരിഷ്കൃത സമൂഹത്തിന് തീരാകളങ്കം തന്നെയാണ്. സ്ത്രീധനം വാങ്ങുക എന്നുള്ളത് ഒരവകാശമായി കാണുന്ന പ്രവണതയും പ്രബലമാണ്. നിയമനിർമ്മാണ് വഴി തടയുവാൻ കഴിയുന്ന ഒന്നല്ല ഇത്. സംഘടിതവും അതിവിപുലവുമായ ജനകിയ ഇടപെടൽ കൊണ്ടു മാത്രമേ ഈ വിപത്തിനെ തടയുവാൻ കഴിയു.

സ്ത്രീകൾക്കെതിരേയുള്ള കടന്നാക്രമണങ്ങൾ ഇന്ന് ദൈനംദിന സംഭവങ്ങളുടെ നിരയിലേക്ക മാറ്റപ്പെടുന്നു. മലയോരമേഖലയിലെ നിഷ്കളങ്കരായ കുട്ടികളെ പ്രലോഭിപ്പിച്ച് നശിപ്പിക്കുക എന്നത് പതിവായി മാറുന്ന ക്രൂരമായ സാഹചര്യം നാം കാണേണ്ടേടതുണ്ട്. മനസാക്ഷിയുള്ള ആരേയും

വേദനിപ്പിക്കുന്ന ഒന്നായിരുന്നു നമ്മുടെ പഞ്ചായത്തിലെ രണ്ട് നിഷ്കളങ്കരായ പെൺകുട്ടികൾ ആത്മഹത്യ ചെയ്യാനിടയായ സംഭവം. കമ്പോള സംസ്കാരത്തിന്റെ ഭീകരമായ കടന്നുകയറ്റവും സാംസ്കാരിക ജീർണ്ണതയെ പ്രോത്സാഹിപ്പിക്കുന്ന പ്രചരണ സംവിധാനങ്ങളും നമ്മുടെ യുവ തലമുറയെ നാശത്തിലേക്ക് നയിക്കുന്നതിന് കാരണമാവുന്നു. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രവർത്തകർ ഒറ്റ മനസ്സായി ഉണർന്നു പ്രവർത്തിച്ചാൽ മാത്രമേ ഈ കാടത്തം അവസാനിപ്പിക്കാൻ കഴിയൂ.

പ്രശ്നങ്ങൾ

1. കുടുംബത്തിലെ ഭാരിച്ച ഉത്തരവാദിത്വം ഉള്ളതുകൊണ്ടും പൊതുരംഗത്തേക്ക് ഇരങ്ങുന്ന സ്ത്രീകളെ സമൂഹം മോശമായി ചിത്രീകരിക്കുന്നത് കൊണ്ടും സ്ത്രീകൾ പൊതുരംഗത്തേക്ക് ഇറങ്ങാൻ മടിക്കുന്നു.
2. ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ആത്മധൈര്യം സ്ത്രീകൾ കാണിക്കുന്നില്ല.
3. സ്വന്തമായി വരുമാനം ഇല്ലാത്തതു കൊണ്ടും സ്വയം തൊഴിൽ സംരഭം കുറവായതിനാലും.
4. പലമേഖലയിലും പുരുഷന് കിട്ടുന്ന കൂലിയുടെ പകുതി മാത്രമേ സ്ത്രീക്ക് കിട്ടുന്നുള്ളൂ.
5. സാങ്കേതിക വൈദഗ്ദ്ധ്യം ഇല്ലാത്തതിനാൽ സ്വയം തൊഴിൽ സംരഭങ്ങളിൽ താത്പര്യം കാണിക്കുന്നില്ല.
6. സ്ത്രീകൾക്കായുള്ള പദ്ധതികൾ അവർ അറിയുന്നില്ല.
7. പുരുഷൻമാരുടെ മദ്യപാനം മൂലം 50% സ്ത്രീകളും കഷ്ടപ്പെടുന്നു.
8. സ്ത്രീധന സമ്പ്രദായം ഓരോവർഷവും വർദ്ധിച്ചുവരുന്നു.
9. അംഗൻവാടികളിൽ ആവശ്യമായ സൗകര്യമില്ല.
10. മുലയൂട്ടുന്ന അമ്മമാർക്കും, കുട്ടികൾക്കും, ഗർഭിണികൾക്കും ഉള്ള സി. എസ്സ്. എം നിർത്തലാക്കിയിരിക്കുന്നു.
11. സ്ത്രീകളിൽ ശാസ്ത്ര ബോധത്തിന്റെ അഭാവം മൂലം അന്ധ വിശ്വാസവും അനാചാരങ്ങളും നിലനിൽക്കുന്നു.
12. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കായ് മൂത്രപുരകളും കക്കൂസുകളും ഇല്ല.
13. വായനശാലകളിലും, ഗ്രന്ഥശാലകളിലും സ്ത്രീകളെ പങ്കാളികളാക്കുന്നില്ല.
14. സ്ത്രീകൾക്ക് 33% സംവരണം ഏർപ്പെടുത്തുക.

സാധ്യതകൾ

1. തുല്യ ജോലിക്ക് തുല്യ വേതനം വേണം
2. അതാത് പ്രദേശത്തിന്റെ സാധ്യതക്കനുസരിച്ചുള്ള തൊഴിൽ പരിശീലനം വനിതകൾക്കുവേണം.
3. സർക്കാർ സംവിധാനങ്ങളായ C.W.C.R.A, W.I.P: thrift and credit തുടങ്ങിയവ വേണ്ടത്ര നടപ്പിലാക്കുക.
4. സ്ത്രീകളിൽ ശാസ്ത്രീയ വീക്ഷണം വളർത്തണം.
5. വിദ്യാലയങ്ങളിലും പൊതു സ്ഥലങ്ങളിലും സ്ത്രീകൾക്ക് പ്രാധമിക സൗകര്യങ്ങൾ ഉറപ്പുവരുത്തണം.
6. പുകയില്ലാത്ത അടുപ്പ് വ്യാപകമാക്കണം.
7. നിലവിലുള്ള PHC 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണം. സ്ഥിരമായി ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം. രോഗ പ്രതിരോധ നടപടികൾ, പ്രസവം തുടങ്ങിയവയ്ക്ക് PHC തന്നെ ഉപയോഗപ്പെടുത്തണം.
8. സ്ത്രീകൾക്ക് കലാകായിക രംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകണം.
9. പഞ്ചായത്തു തലത്തിൽ സ്ത്രീകളുടെയും, കുട്ടികളുടേയും സംരക്ഷണ സമിതി വേണം.
10. തൊഴിലവസരങ്ങളെ കുറിച്ചും നിയമങ്ങളെ കുറിച്ചും സ്ത്രീകളെ ബോധവൽക്കരിക്കണം.
11. അർഹതയുള്ള മുഴുവൻ ആളുകൾക്കും പെൻഷൻ നൽകണം.
12. സ്ത്രീകളിൽ വായനാശീലം വളർത്തുന്നതിന് സഞ്ചരിക്കുന്ന ലൈബ്രറികൾ ഉണ്ടാക്കണം.
13. 250 കുടുംബങ്ങൾക്ക് ഒരു അംഗൻവാടി വേണം.
14. അവിവാഹിതകളായ അമ്മമാരുടെയും കുട്ടികളുടെയും സംരക്ഷണം സംബന്ധിച്ച് പഞ്ചായത്തു തലത്തിൽ നിയമം വേണം.
15. ആരോഗ്യം, വിദ്യാഭ്യാസം, അടുക്കള ശാസ്ത്രം, വ്യക്തിത്വ വികസനം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണം വേണം.
16. എല്ലാ സമുദായത്തിലും സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യസ്വത്ത വകാശം നടപ്പിലാക്കുക.
17. സ്ത്രീയെ വിൽപനചരക്കാക്കുന്ന പരസ്യങ്ങളും മാധ്യമങ്ങളും നിയമം മൂലം നിരോധിക്കുക.
18. ഭക്ഷണ പദാർത്ഥങ്ങളിലെ മായം ചേർക്കൽ തടയുന്നതിന് പഞ്ചായത്ത് സമിതി വേണം.
19. സ്ത്രീകളെ മാന്യമായി കാണുന്നതിനുള്ള ബോധവൽക്കരണം പുരുഷൻമാർക്ക് നൽകണം.
20. പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസ് വേണം.
21. എല്ലാ സമുദായത്തിലും പെട്ടവരുടെ വിവാഹങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് പഞ്ചായത്തിൽ നിയമം വേണം.
22. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കണം.
23. സ്കൂളുകളിൽ മദർ PTA ശക്തമാക്കണം.
24. മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സ്കൂൾ-കോളേജ് തലത്തിൽ ബോധവൽക്കരണം നൽകണം.

സഹകരണ മേഖല



കേരളത്തിൽ രൂപപ്പെട്ടു വന്നിരിക്കുന്ന പുതിയ വികസന സംസ്കാരത്തിന് സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായി എന്തൊക്കെ സംഭാവനകൾ നൽകാൻ കഴിയും എന്നത് സജീവമായി ചർച്ച ചെയ്യപെടേണ്ടിയിരിക്കുന്നു. കൃഷിക്കാരുടെ ഉന്നമനത്തിനും ഗ്രാമീണ പുരോഗതിക്കും ഉപഭോക്തൃ സംരക്ഷണത്തിനുമൊക്കെ രംഗത്തു വന്ന സഹകരണ സ്ഥാപനങ്ങൾ തങ്ങളുടെ ലക്ഷ്യങ്ങളിൽ നിന്നും വഴുതിമാറി കടം വായ്പാ സംഘങ്ങളോ കച്ചവട സംഘങ്ങളോ ആയിമാറിക്കൊണ്ടിരിക്കുകയാണ്. സഹകാര്യമേഖലക്ക് അമിത പ്രധാന്യം നൽകികൊണ്ടുള്ള ഗവൺമെന്റ് നയങ്ങൾ തന്നെയാണ് സഹകരണ സ്ഥാപനങ്ങളെ ഈ ഗതിമാറ്റത്തിന് പ്രേരിപ്പിക്കുന്നത്.

ഗ്രാമീണ ജനതയുടെ ആത്മാർത്ഥമായ സഹകരണവും സഹകാരികളിൽനിന്ന് വളർത്തിയെടുക്കേണ്ട മാനേജ്മെന്റ് വൈദഗ്ദ്ധ്യവും കൊണ്ടുമാത്രമെ ഈ പ്രതിസന്ധി മുറിച്ച് കടക്കാനാവൂ. ജനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് വിപുലമായ വേദികളാണ് പുതിയ വികസന പരിപാടി ഒരുക്കിയിരിക്കുന്നത്. സഹകരണ സംഘങ്ങളുടെ വായ്പാ പ്രവർത്തനങ്ങളെ കാർഷിക ഉൽപാദനവുമായും മൃഗസംരക്ഷണവുമായും നേരിട്ട് ബന്ധിപ്പിക്കാൻ നമുക്കു കഴിയണം. ചെറുകിട ജല സേജന പദ്ധതികൾ കാർഷി യന്ത്രങ്ങളുടെ ലഭ്യത എന്നിവ ലാഭവും നഷ്ടവും ഇല്ലാത്ത വ്യയവസ്ഥയിൽ സംഘടിപ്പിക്കാൻ സംഘങ്ങൾക്ക് കഴിയേണ്ടതുണ്ട്. ചെറുകിട വ്യവസായ സംരഭങ്ങളെന്ന നിലക്ക് ഭക്ഷ്യവസ്തു നിർമ്മാണ യൂണിറ്റുകളും നമ്മുടെ പ്രദേശത്ത് സുലഭമായ റബ്ബറും നാളികേരവും അടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായങ്ങളും ആരംഭിക്കാൻ തയ്യാറുള്ളവർക്ക് പ്രോത്സാഹനവും സഹായവും നൽകാനോ സംഘങ്ങൾക്കും പ്രവർത്തകർക്കും

ജനകിയ ആസൂത്രണത്തിന്റെ ഭാഗമായി ഗ്രാമീണതലത്തിൽ ഉണ്ടാ വേണ്ട മാറ്റത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ടുന്ന സഹകരണ പ്രസ്ഥാനം അതിനു തക്കവിധം വളരേണ്ടതിന് സഹകരണ നിയമത്തിന്റെ കാതലായ ചില മാറ്റങ്ങളും വരുത്തേണ്ടതുണ്ട്. നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പോരായ്മകളുടെ വെളിച്ചത്തിൽ ശക്തമായ ബഹുജന സമ്മർദ്ദം ഇതിനായി ഉയർന്നുവരേണ്ടതുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിക്കു ശേഷം മാത്രമാണ് ആലക്കോട് പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ ഉദയം ചെയ്യാൻ തുടങ്ങിയത്. ദേശീയ പ്രസ്ഥാനത്തോളം എത്തുന്ന വേരുകൾ അതുകൊണ്ടുതന്നെ ഈ രംഗത്ത് കണ്ടെത്താൻ കഴിയില്ല. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിൽ എല്ലാനിലയിലും മുൻപന്തിയിൽ നിൽക്കുന്ന ക്രഡിറ്റ് മേഖലകളിൽ തന്നെയാണ് ഇവിടെയും സംഘങ്ങൾ ആദ്യം ഉദയം ചെയ്തത്. ജനങ്ങളുടെ സാമ്പത്തിക പരാതീനത ചൂഷണം ചെയ്തുകൊണ്ട് നമ്മുടെ പ്രദേശത്ത് നിലനിന്നിരുന്ന

'ഹുണ്ടിക' ഇടപാടുകാരിൽ നിന്ന് 'വിലമുറിക്കൽ' പോലുള്ള ഭീഷണമായ സാമ്പത്തിക ഇടപാടുകളിൽ നിന്നും കൃഷിക്കാരെയും സാധാരണക്കാരെയും രക്ഷപ്പെടുത്തുന്നതിനു വേണ്ടി സഹകരണ ഡിപ്പാർട്ട് മെന്റിന്റെ സഹായത്തോടുകൂടി സംഘങ്ങൾക്ക് രൂപം നൽകാനാണ് നമ്മുടെ പ്രദേശത്തെ ആദ്യകാല സഹകാരികളും യത്നിച്ചത്. അവിഭക്ത ആലക്കോട് പഞ്ചായത്തിന്റെ പ്രദേശങ്ങളാകെ പ്രവർത്തന പരിധിയായികൊണ്ട് 1954ൽ മദ്രാസ് സഹകരണ സംഘം നിയമ പ്രകാരം റജിസ്റ്റർ ചെയ്യപ്പെട്ട തടിക്കടവ് ഐക്യനാണയ സഹകരണ സംഘമാണ് ഈ നിലയിൽ സ്ഥാപിക്കപ്പെട്ട ആദ്യസംഘമെന്ന് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള സഹകരണ സംഘങ്ങളെ താഴെ പറയും പ്രകാരം തരംതിരിക്കാം.

സഹകരണ സംഘങ്ങൾ

- ക്രെഡിറ്റ്
  - സർവ്വീസ് സഹകരണ ബാങ്കുകൾ
    1. തടിക്കടവ്
    2. ആലക്കോട്
    3. നടുവിൽ
  - ക്ഷീര സഹകരണസംഘങ്ങൾ
  - വ്യവസായസഹകരണസംഘങ്ങൾ
  - മാർക്കറ്റിംഗ്സഹകരണസംഘങ്ങൾ
- നോൺക്രെഡിറ്റ്
  - സ്കൂൾ സഹകരണ സംഘങ്ങൾ
  - ആശുപത്രി സഹകരണ സംഘങ്ങൾ

ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക്

ആലക്കോട് അംശം അരങ്ങം ദേശം പ്രവർത്തന പരിധിയാക്കികൊണ്ട് 1960ൽ റജിസ്റ്റർ ചെയ്യപ്പെട്ട ആലക്കോട് ഐക്യ നാണയ സംഘമാണ് ഇന്ന് ആലക്കോട് സർവ്വീസ് സഹകരണ ബാങ്കായി വളർച്ചയുടെ പടവുകൾ ഏറിക്കൊണ്ട് ഇന്ന് പ്രവർത്തനം നടത്തിവരുന്നത്. ശ്രി. പി.ആർ.രാമ വർമ്മരാജയുടെയും മറ്റും ശ്രമ ഫലമായി രൂപം കൊണ്ട പ്രസ്തുത സംഘം മെമ്പർഷിപ്പിന്റെ രംഗത്തുണ്ടായ വൈവിദ്യമാർന്ന പ്രവർത്തന ങ്ങളുടെയും ഫലമായാണ് ഇന്നുകാണുന്നഅവസ്ഥ നേടിയെടുത്തത്.

17,512 മെമ്പർമാരും 25 ലക്ഷത്തിലേറെ രൂപ ഓഹരി മൂലധനവും 4 കോടിരൂപ ഡെപ്പോസിറ്റും ഉള്ള ഒരു ഫസ്റ്റ് ഗ്രേഡ് ബാച്ചായി ആലക്കോട് സഹകരണ ബാങ്ക് ഇന്ന് പ്രവർത്തിക്കുന്നു. ആലക്കോട് പഞ്ചായത്തിന്റെ 5,6,7,8,9,13, വാർഡുകളാണ് ബാങ്കിന്റെ പ്രവർത്തന പരിധിയിൽ വരുന്നത്. ബാങ്കിന്റെ ഒരു ബ്രാഞ്ച് ഉദയഗിരി പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഏതാണ്ട് 300ലക്ഷം രൂപ ആലക്കോട് പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശത്ത് ബാങ്കിന് വായ്പ ബാക്കിയായുണ്ട്.

ആദ്യ പ്രസിഡന്റ് ആദ്യപ്രസിഡന്റ് – പി.ആർ. രാമവർമ
ആദ്യ സെക്രട്ടറി – എം.ടി. തോമസ്
ഇപ്പോഴത്തെ പ്രസിഡന്റ് – കെ.ടി. ജോസഫ്.
ഇപ്പോഴത്തെ സെക്രട്ടറി – ജോസഫ് ചാണ്ടി

തടിക്കടവ് സർവ്വീസ് സഹകരണ ബാങ്ക്

1954ൽ വിവിധോദ്ദേശ ഐക്യനാണയ സംഘമായി രൂപം കൊണ്ടു. തടിക്കടവ്, തലവിൽ, തിമിരി, അരങ്ങം, ദേശങ്ങൾ ഉൾപ്പെട്ടതായിരുന്നു. പ്രവർത്തന പിരിധിയിലായി.

1961 ആകുമ്പോഴേക്കും വായ്പാതുക തിരിച്ചടയ്ക്കാതെയും മറ്റുപ്രവർത്തനങ്ങൾ നടക്കാതെയും വന്നപ്പോൾ സംഘം ലിക്വിഡേഷന്റെ വക്കിലെത്തി പിന്നീട് പുതിയ ഭരണസമിതി രൂപീകരിച്ച് സഹകരണ വകുപ്പിന്റെ സഹായ ത്തോടെ സംഘം പുനരുജ്ജീവിപ്പിക്കുകയാണ് ചെയ്തത്. മെമ്പർഷിപ്പിന്റെ വർദ്ധനവ്, ന്യായവില ഷാപ്പ് ഏറ്റെടുത്ത് നടത്തൽ, കൂടുതൽ വായ്പാ വിതരണം എന്നിവയുടെ ഫലമായി പിന്നീട് സർവ്വീസ് സഹകരണ സംഘമായി അംഗീകാരം ലഭിച്ചു.

സംഘം റജിസ്റ്റർ ചെയ്യാൻ മുൻകൈ പ്രവർത്തനം നടത്തിയ ബാരിസ്റ്റർ നൈനാർ, ആദ്യപ്രസിഡന്റ് പി.വി. കുഞ്ഞിരാമൻ നമ്പ്യാർ, റവ. ഫാ.ഏബ്രഹാം കവളമ്മാക്കൽ, ഇല്ലിമുട്ടിൽ ജോസഫ് തുടങ്ങിയവരുടെ മാർഗ്ഗനിർദ്ദേശങ്ങളാണ് ആദ്യകാലത്ത് സംഘത്തിന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് നയിച്ചത്.

പുരോഗതിയുടെ വിവിധ ഘട്ടങ്ങളിൽ ജനോപകാര പ്രദമായ നിരവധി പദ്ധതികൾ ആവിഷ്കരിക്കാൻ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. ബാങ്ക്

മെമ്പർമാർക്കുള്ള അപകട ഇൻഷുറൻസ്, ക്ഷേമനിധി, S.S.L.C.ക്ക് ഉന്നത വിജയം നേടുന്ന കുട്ടികൾക്ക് ഏർപ്പെടുത്തിയ ക്യാഷ് അവാർഡ് എന്നിവ അത്തരം പദ്ധതികളിൽ ചിലതാണ്. ജില്ലയിലെ ഫസ്റ്റ് ഗ്രേഡ് ബാങ്കുകളിലൊന്നായ തടിക്കടവ് ബാങ്കിന്റെ തേർത്തല്ലി ബ്രാഞ്ച് ആലക്കോട് പഞ്ചായത്തിന്റെ 1 മുതൽ 4 വരെ വാർഡുകൾ ഉൾക്കൊള്ളുന്ന പ്രദേശത്ത് പ്രവർത്തനം നടത്തുന്നു. ഏതാണ്ട് 250 ലക്ഷം രൂപ ഈ പ്രദേശത്തിന് മാത്രമായി ബാങ്കിന് വായ്പ ബാക്കിയുണ്ട്.

പ്രസിഡന്റ് : പി.നാരായണൻ മാസ്റ്റർ
സെക്രട്ടറി : കെ.എം. ഫിലിപ്പ്

ക്രെഡിറ്റ്മേഖല – പൊതു അവലോകനം

നമ്മുടെ പ്രദേശത്ത് സാമാന്യം നല്ലനിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ആലക്കോട്, തടിക്കടവ് സർവ്വീസ് സഹകരണ ബാങ്കുകൾ എന്നാൽ പോലും മെമ്പർമാരുടെ വായ്പാ ആവശ്യത്തിന്റെ ചെറിയ ഒരു ഭാഗം മാത്രമാണ് അവർ നിറവേറ്റുന്നത്. ജനകീയ തലത്തിലും മാനേജ്മെന്റിന്റെയും ഗവൺമെന്റിന്റെയും തലങ്ങളിലും ആവശ്യംസ്വീകരിക്കേണ്ട ചില നടപടികളിലൂടെ പ്രസ്തുത സ്ഥാപനങ്ങൾക്ക് കൂടുതൽ പുരോഗതി കൈവരിക്കാനും വികസന പ്രക്രിയയിൽ നല്ല നിലയിലുള്ള സംഭാവനകൾ നൽകുവാനും കഴിയും. നിക്ഷേപണം പൂർണ്ണമായും അതതുപ്രദേശങ്ങൾക്കുതന്നെ വിനിയോഗിക്കപ്പെടുന്നു എന്നത് സഹകരണ ബാങ്കുകളുടെ പ്രത്യേകതയാണ്. പ്രദേശിക വികസനത്തിന് വളരെയേറെ ഉപകാരപ്രദമായ ഈ പ്രത്യേകത മനസ്സിലാക്കികൊണ്ട് നിക്ഷേപ സമാഹരണത്തിലും വായ്പാ തിരിച്ചടവിലും മെമ്പർമാർ കൂടുതൽ ശുഷ്കാന്തി കാണിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. മെമ്പർമാരുടെ വായ്പാവശ്യം പൂർണ്ണമായി നിറവേറ്റാൻ ആവശ്യമായ ഫണ്ടിന്റെ അഭാവം.

2. അവധിബാക്കി കടങ്ങൾ വർദ്ധിക്കുന്നത്.

3. അമിതമായ റിസർവുകളും തൽഫലമായ നഷ്ടവും

4. ഡിപ്പാർട്ടമെന്റ് – അപ്പക്സ് ബാങ്ക് മേധാവിത്വം.

5. ചടങ്ങായി മാറുന്ന ജനറൽ ബോഡികൾ.

നിർദ്ദേശങ്ങളും സാധ്യതകളും

1. നിക്ഷേപ സമാഹരണ / കൂടിശ്ശിക നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.

2. സൈലോയിൽ പറയുന്ന ലക്ഷ്യങ്ങൾ നേടിടുന്നതിനുവേണ്ടിയുള്ള ശാസ്ത്രീയമായ പ്ലാനിംഗ്

3. മെമ്പർമാർക്ക് ഇടപാടുകളെ കുറിച്ച് വ്യക്തത ഉണ്ടാക്കുന്നതിനാവശ്യമായ സമഗ്ര പരിപാടികൾ.

4. പ്രവർത്തനം വൈവിധ്യവൽക്കരിക്കൽ

5. വായ്പയുടെ വിനിയോഗം ഉറപ്പുവരുത്തുക.

6. ഉല്പാദനക്ഷമമല്ലാത്ത വായ്പയുടെ തോത് കുറക്കുക.

7. വയബിലിറ്റി ഉറപ്പുവരുത്തി പുതിയ ബ്രഞ്ചുകൾ ആരംഭിക്കുക.

8. സ്വയം തോഴിൽ പദ്ധതികൾക്കായി പ്രത്യേക വായപാ സ്കീമുകൾ ഏർപ്പെടുത്തുക.

ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ

ഈ മേഖലയിൽ 6 സംഘങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്.

1. ചെറുപാറ ക്ഷീരോൽപാദക സഹകരണ സംഘം

2. നെടുവോട് ക്ഷീരോൽപാദക സഹകരണ സംഘം

3. കൊട്ടയാട് ക്ഷീരോൽപാദക സഹകരണ സംഘം

4. ഒറ്റത്തെ ക്ഷീരോൽപാദക സഹകരണ സംഘം

5. വിജയഗിരി ക്ഷീരോൽപാദക സഹകരണ സംഘം

6. അരംഗം ക്ഷീരവ്യവസായ സഹകരണ സംഘം

അരംഗം ക്ഷീരവ്യവസായ സഹകരണ സംഘംഒഴികെ മറ്റെല്ലാം APCOS സംഘങ്ങളാണ്.

പ്രശ്നങ്ങൾ

1. പാലുൽപാദനത്തിലെ കുറവ്.

2. അമിതമായ ട്രാൻസ്പോർടേഷൻ കോസ്റ്റ്

3. സ്വന്തമായി ബിൽഡിംഗ് ഇല്ലായ്മ.

4. പ്രാദേശിക വിതരണ സംവിധാനം ഇല്ലാത്തത്.

5. പരിമിതമായ വേതന വ്യവസ്ഥകൾ

നിർദ്ദേശങ്ങൾ

1. പഞ്ചായത്തു തലത്തിൽ ഒറ്റസംഘം – പ്രദേശികമായി സംഭരണ വിതരണ കേന്ദ്രങ്ങൾ എന്ന നിലയിൽ ഇവയുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുക.

2. പാലുൽപാദന രംഗത്തെ ചിലവ് ലഘൂകരിക്കാൻ തക്കവിധം കൃഷിക്കാർക്ക് സംഘങ്ങൾ വഴി സബ്സിഡി വിതരണം ചെയ്യുക.

3. സ്വന്തമായി ബിൽഡിംഗ് എടുക്കുന്നതിന് സർക്കാർ ഗ്രാന്റ് അനുവദിക്കുക.

4. ജീവനക്കാരുടെ വേതന ഘടന പരിഷ്കരിക്കുക.

വ്യവസായ സഹകരണ സംഘങ്ങൾ

സമ്പദ്ഘടനയുടെ നവീകരമത്തിന് ഘധാരാളമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും വളരെയധികം സാധ്യതകളുള്ള ഒരുമേഖലയാണ് ഇത്. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവവും നൂതന സംരംഭങ്ങൾ ആരംഭിക്കാനുള്ള വൈമുഖ്യവും മൂലം നമ്മുടെ പഞ്ചായത്തിൽ ഈ രംഗത്ത് കാര്യമായ മുന്നേറ്റമൊന്നും ഉണ്ടായിട്ടില്ല. ലഭ്യമായ സർക്കാർ ഗ്രാന്റിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവർത്തിക്കുന്ന ചുരക്കം ചില പട്ടിക ജാതി / പട്ടികവർഗ്ഗ വ്യവസ്ായ സഹകരണ സംഘങ്ങൾ മാത്രമാണ് ഈ രംഗത്ത് ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനം നടത്തുന്നത്. ഒരു സഹകരണ പ്രിന്റിംഗ് പ്രസ്സ് സൊസൈറ്റിയും ഒരു തേനീച്ച കൃഷി സഹകരണ സംഘവും പ്രവർത്തനം നടത്തുന്നുണ്ടെങ്കിലും അവർക്കാവശ്യമായ രീതിയിൽ മുന്നോട്ട് പോകുന്നില്ല. ഈരംഗത്ത് നിലവിലുള്ള സംഘങ്ങൾ താഴെ പറയുന്നവയാണ്.

1. ആലക്കോട് ചുടുകട്ട നിർമ്മാണ യൂണിറ്റ്

2. നെല്ലിപ്പാറ ജല്ലി യൂണിറ്റ്

3. രയറോം ജല്ലി യൂണിറ്റ്

4. പാലുംചീത്ത ജല്ലി യൂണിറ്റ്

5. ആലക്കോട് സഹകരണ പ്രന്റിംഗ് പ്രസ്സ് സൊസൈറ്റി.

6. ആലക്കോട് തേനീച്ച വളർത്തു തൊഴിലാളികളുടെ സഹകരണസംഘം

ഇതിൽ ആദ്യത്തെ നാല് യൂണിറ്റുകളും SC/ ST വ്യവസായ സഹകരണ സംഘങ്ങളുടെ കീഴിലാണ്. 18 തൊഴിലാളികളും രണ്ട് ഓഫീസ് ജീവനക്കാരും ജോലിചെയ്യുന്ന ആലക്കോട് ഹരിജൻ മൾട്ടി-ഇന്റസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഒരു ലക്ഷത്തിനു മേലെ ഉറുപ്പിക വാർഷിക ടേൺഓവർ നേടാൻ കഴിയുന്നുണ്ട്.

1973ൽ രജിസ്റ്റർ ചെയ്യപ്പെട്ട ആലക്കോട് ബീ-കീപ്പിംഗ് വർക്കേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 1982-83 വർഷത്തിൽ 500 കിന്റൽ തേൻ സംഭരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ഇന്നത് 20 കിന്റലായി കുറഞ്ഞിരിക്കുകയാണ്. രോഗം മൂലം തേനീച്ചകൾ നാശമടയുന്നതാണ് ഈ സൊസൈറ്റിയുടെ പിറകോട്ടടിക്കു കാരണം. അതിനു പരിഹാരം കാണാൻ പഞ്ചായത്തു തലത്തിൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കണം.

പ്രശ്നങ്ങൾ

1. സാങ്കേതിക മാനേജ്മെന്റ് പരിജ്ഞാനത്തിന്റെ അഭാവം

2. നിയമപരമായ നൂലാമാലകൾ

3. നൂതന സംരംഭങ്ങൾ ആരംഭിക്കാനുള്ള ധൈര്യക്കുറവ്.

4. ഓഹരി മൂലധനത്തിന്റെ ദൗർലഭ്യം

5. താഴ്ന്ന വേതന ഘടന

നിർദ്ദേശങ്ങൾ

1. സംഘങ്ങൾക്ക് കുറഞ്ഞപലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക.

2. SC/ST സംഘങ്ങൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുക.

3. തൊഴിൽപരിശീലനത്തിനും മാനേജ്മെന്റ് പരിശീലനത്തിനും പഞ്ചായത്തുതല സംവിധാനം.

4. ലൈസൻസ് വ്യവസ്ഥകളിൽ അയവുവരുത്തൽ

5. തൊഴിലാളികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനാവശ്യമായ വേതനഘടനയും ബോധവൽക്കരണ പരിപാടികളും നടപ്പാക്കൽ.

മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ

കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാൻ ഉദ്ദേശിക്കപ്പെട്ട് തുടങ്ങിയ വയാണെങ്കിലും ആനിലക്ക് കാര്യമായി മുന്നേറാൻ നമ്മുടെ പ്രദേശത്തെ മാർക്കറ്റിംഗ് സഹകരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. സ്വകാര്യമാർക്കറ്റ് സംവിധാനത്തിൽ മത്സരിക്കാനുള്ള ശേഷിയിലേക്ക് സംഘങ്ങൾ വളരാത്തതാണ് കാരണം. താഴെ പറയുന്നവയാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റിംഗ് സംഘങ്ങൾ.

1. ആലക്കോട് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി.
2. കരുവഞ്ചാൽ റബ്ബർ & അഗ്രി: മാർക്കറ്റിംഗ് സൊസൈറ്റി.
3. ആലക്കോട് കൊപ്ര & അഗ്രി: മാർക്കറ്റിംഗ് സൊസൈറ്റി.

അപ്പെക്സ് സൊസൈറ്റി രൂപീകരിച്ച് പൊതു മാർക്കറ്റിംഗ് ശൃംഖലക്ക് രൂപം കൊടുക്കാൻ കഴിഞ്ഞാൽ മാത്രമെ ഇത്തരം സൊസൈറ്റികൾക്ക് ജനോപകാരപ്രദമാകാൻ കഴിയൂ.

സ്കൂൾ സഹകരണ സംഘങ്ങൾ

ആലക്കോട്, മേരിഗിരി ഹൈസ്കൂളുകളിലാണ് പ്രസ്തുത സംഘങ്ങൾ പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും മറ്റും ലഭ്യമാക്കുന്നതിൽ വളരെ പരിമിതമായി സഹായിക്കാൻ മാത്രമെ ഇവക്ക് കഴിയുന്നുള്ളൂ. ഈ അവസ്ഥ മാറ്റിയെടുക്കുകയും സ്കൂൾ പ്രവർത്തനത്തിന്റെ അവിഭാജ്യ ഘടകമാക്കാൻ അത്തരം സംഘങ്ങൾക്ക് കഴിയണം. L.P., U.P സ്കൂളുകളിലും ഇത്തരം സംഘങ്ങൾ രൂപീകരിക്കപ്പെടുണം.

ഭവാനിയമ്മതമ്പുരാൻ സഹകരണാശുപത്രി – ആലക്കോട്

2.11.73ൽ റജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഈ സഹകരണ ആശുപത്രിമാത്രമാണ് പ്രസ്തുത രംഗത്ത് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ഒരേയൊരു സ്ഥാപനം.

ആതുര ശുശ്രൂഷാ രംഗത്ത് സാധാരണക്കാരന് അർഹിക്കുന്ന പരിചരണം നൽകുവാൻ ഉള്ള സൗകര്യം ഇന്ന് നമ്മുടെ സർക്കാർ ആശുപത്രികളിലില്ല. മിതമായ ചിലവിൽ ചികിത്സാസൗകര്യം ലഭ്യമാക്കാൻ വേണ്ടി നമ്മുടെ സഹകരണ ആശുപത്രി വളർത്തിയെടുക്കാനുള്ള കൂട്ടായ ശ്രമങ്ങൾ ഉണ്ടാവണം.

പ്രശ്നങ്ങൾ

1. സ്ഥിരമായി ഡോക്ടർമാർ ഇല്ലാത്ത അവസ്ഥ.

2. സ്പെഷലിസ്റ്റുകളുടെ അഭാവം

3. ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ ഇല്ലാത്തത്.

4. അമിതമായ എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ

നിർദ്ദേശങ്ങൾ

1. കെട്ടിടങ്ങൾ, ക്വാർട്ടേഴ്സ്, ഉപകരണങ്ങൾ എന്നിവയ്ക്ക് സർക്കാർ ഗ്രാന്റ്.

2. മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് ആയതിനുള്ള സൗകര്യം

3. നികുതികൾ ഒഴിവാക്കൽ

4. ആധുനിക ചികിത്സാ രീതിയുടെ അവിഭാജ്യ ഘടകമായ ഡി.റ്റി. സ്കാനിംഗ് യൂണിറ്റ് സ്ഥാപിക്കാൻ ആവശ്യമായ ധനസഹായം

5. സർക്കാർ സർവ്വീസിലെ ഡൊക്ടർമാരുടെ സേവനം ആവശ്യഘട്ടങ്ങളിൽ വിട്ടുകിട്ടാനുള്ള സംവിധാനങ്ങൾ.

നോൺ ക്രഡിറ്റ് മേഖല - പൊതു അവലോകനം

വായ്പേതര സഹകരണ സംഘങ്ങളെക്കുറിച്ചുള്ള പഠനം സൂചിപ്പിക്കുന്നത് ആലക്കോട് പഞ്ചായത്തിൽ ആരംഗത്ത് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല എന്നാണ്. പ്രാദേശിക വികസനത്തിന്റെ കാര്യത്തിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും കാര്യമായ പങ്കുവഹിക്കാൻ കഴിയുന്ന മേഖല എന്നനിലയിൽ പഞ്ചായത്തിന്റെയും സഹകാരികളുടെയും തൊഴിലന്വേഷകരായ ചെറുപ്പക്കാരുടെയുമെല്ലാം സത്വര ശ്രദ്ധപതിയേണ്ട രംഗമാണിത്. പ്രദേശത്തിന്റെ സാധ്യതകൾ കണ്ടറിഞ്ഞുകൊണ്ട് തയ്യാറാക്കപ്പെടുന്ന ശാസ്ത്രീയമായ പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാവണം പുതിയസംഘങ്ങൾക്ക് രൂപം കൊടുക്കാൻ.

നിർദ്ദേശങ്ങളും സാധ്യതകളും

1. സഹകരണ ബോധവൽക്കരണ പരിപാടിക്ക് പഞ്ചായത്തല സംവിധാനം.

2. സഹകരണമേഖലയിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും തൊഴിൽ പരിശീലനവും നൽകാൻ പഞ്ചായത്തല സംവിധാനം.

3. റബ്ബർ, നാളികേരം എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യാവസായിക ഉൽപന്ന യൂണിറ്റുകൾ

4. പ്രധാന കേന്ദ്രങ്ങളിൽ ഉപഭോക്ത സംഘങ്ങൾ രൂപീകരിക്കൽ.

5. ജീവനക്കാരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കൽ.

6. പഞ്ചായത്തുതലത്തിൽ ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റിരൂപീകരിക്കൽ. പഞ്ചായത്തിന്റെ മരാമത്ത് പദ്ധതികൾ പ്രസ്തുത സൊസൈറ്റി മുഖാന്തിരം നടത്തുക.

പട്ടിക - 1 : സർവ്വീസ് സഹകരണ ബാങ്കുകൾ

1

സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം	ഇപ്പോഴുത്തെ എണ്ണം	പിരിഞ്ഞു കിട്ടിയ മൂലധനം
തടിക്കടവ് സഹകരണ ബാങ്ക്	1954	25	12,250	30,51,500
ആലക്കോട് സഹകരണ ബാങ്ക്	1960	20	17,504	25,51,679

2

സ്ഥാപനത്തിന്റെ പേര്	നിക്ഷേപങ്ങൾ (30.696)
തടിക്കടവ് സഹകരണ ബാങ്ക് (തേർത്തല്ലി ബ്രാഞ്ച്)	156
ആലക്കോട് സഹകരണ ബാങ്ക	338

3

സ്ഥാപനത്തിന്റെ പേര്	നൽകിയിട്ടുള്ള വായ്പകൾ		
	കാർഷികം	കാർഷികേതരം	പ്രത്യേക വായ്പകൾ
തടിക്കടവ് സഹകരണ ബാങ്ക് (തേർത്തല്ലി ബ്രാഞ്ച്)	157.6 ലക്ഷം രൂപ	68 ലക്ഷം രൂപ	8.88 ലക്ഷം രൂപ
ആലക്കോട് സഹകരണ ബാങ്ക	181.4 ലക്ഷം രൂപ	174.96 ലക്ഷം രൂപ	38.4 ലക്ഷം രൂപ

സ്ഥാപനത്തിന്റെ പേര്	അവധി ബാക്കി കടങ്ങൾ (തുക)
തടിക്കടവ് സഹകരണ ബാങ്ക് (തേർത്തല്ലി ബ്രാഞ്ച്)	26 ലക്ഷം രൂപ
ആലക്കോട് സഹകരണ ബാങ്ക	45.38 ലക്ഷം രൂപ

സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലം	സ്ഥാപിച്ച വർഷം	ആകെ മെമ്പർമാർ	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	പ്രതിദിനം സംഭരിക്കുന്ന പാൽ	വാർഷിക ടേൺ ഓവർ
നെടുവോട്	1991	249	2	2490	200 liter	
ചെറുപാറ	1986	210	3	2800	200 liter	
കൊട്ടയാട്	1992	165	3	2000	225 liter	12 ലക്ഷം രൂപ
ആലക്കോട്	1967	1041	2			

പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

ആലക്കോട് പഞ്ചായത്തിൽ 19 അംഗീകൃത ഹരിജൻ കോളനികൾ ഉണ്ട്. അവയിൽ 505 കുടുംബങ്ങൾ താമസിക്കുന്നു. ഇതിനു പുറമെ പഞ്ചായത്തിന്റെ കോളനികളല്ലാത്ത പ്രദേശങ്ങളിൽ 100ൽ പരം കുടുംബങ്ങളും താമസിക്കുന്നു. നെല്ലിപ്പാറ അംബേദ്കർ കോളനി, ഫർലോംഗര, പുളിയിലം കുണ്ട് IHDP കോളനി എന്നിവിടങ്ങളിൽ പാർപ്പിട പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും കോളനികളുടെ പൊതുവായ ശോച്യാവസ്ഥക്ക് വേണ്ടത്ര പരിഹാരം കാണുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ എല്ലാ കോളനികളിലും എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

ആസൂത്രണത്തിലും നടത്തിപ്പിലുമുള്ള പോരായ്മകൾ, ഗുണഭോക്താവിന്റെ ബോധനില വാരത്തിൽ വരുന്ന കുറവ് എന്നിവ സർക്കാർ ആനുകൂല്യങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ നല്ലൊരു ശതമാനം സ്ഥിരമായി സ്കൂളിൽ പോകാത്ത സ്ഥിതി നിലനിൽക്കുന്നു. എന്താണ്ട് നാലാം ക്ലാസ്വരെ പഠനം നടത്തിയ ശേഷം കുട്ടികൾ സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്ന സ്ഥിതിയുണ്ട്. നിരക്ഷരരായ മാതാപിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. ഈ ജനവിഭാഗത്തിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ കൂലിപ്പണി ചെയ്യുന്നവരും കരിങ്കൽ ക്വാറികളിലും മറ്റും തുച്ഛമായ കൂലിക്ക് പണിയെടുക്കുന്നവരുമാണ്. സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായ ബോധ വൽക്കരണം ഈ വിഭാഗത്തിന് ആവശ്യമാണ്. ബഹുജന - സാംസ്കാരിക - രാഷ്ട്രീയ സംഘടനകളിൽ പരിമിതമായ പങ്കാളിത്തം ഇവർക്കുണ്ട്. ഈ ജന വിഭാഗങ്ങളിൽ 10% നിരക്ഷരർ ഉണ്ട്. ഇവരെല്ലാം തന്നെ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. ജാതിപരമായ ഉച്ചനീചത്വം ഉയർന്നുകാണാനില്ല എങ്കിലും ചില ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ജാതി വിളിച്ചുള്ള ആക്ഷേപങ്ങൾ നിലനിന്നുകാണുന്നു. ആചാരനു ഷ്ഠാനങ്ങളിലും വിവാഹങ്ങളിലും മറ്റു സമുദായക്കാർ പങ്കെടു ക്കാറുണ്ട്. ഒറ്റ പരിധിവരെ മറ്റു വിഭാഗങ്ങളുമായി സഹകരിച്ചു ജീവിക്കുന്നതിന് ഇവർ ശ്രമിക്കാറുണ്ട്. അടിസ്ഥാന പരമായ മാറ്റങ്ങൾ വരുത്താനുതകുന്ന രീതിയിൽ ദീർഘ കാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചാൽ മാത്രമെ ഈ വിഭാഗങ്ങളുടെ ഇടയിൽ പുരോഗതി ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ.

ആചാരാനുഷ്ഠാനങ്ങൾ

പട്ടിക ജാതി പട്ടിക വർഗ്ഗ സമുദായത്തിൽ ഒരു വിഭാഗത്തിന്റെ ഇടയിൽ ചില പ്രാചീനാചാരങ്ങൾ ഉണ്ടായിരുന്നു. വിവാഹത്തിന് വരൻ വധുവിന് കാണം (പുരുഷധനം) കൊടുക്കുന്ന ഒരു സമ്പ്രദായം നിലവിലുണ്ടായിരുന്നു. എന്നാൽ ഇന്ന് 11 1/4 രൂപയും മുന്നു പുടവയും 101 അടയ്ക്കയും 5കെട്ട് വെറ്റിലയും ഒരു കറ്റ പുകയിലയും കൊടുത്തു വരുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. അത്പോലെ തന്നെ രോഗശാന്തിക്കു വേണ്ടി ഇവരുടെ കുടുംബങ്ങളിൽ നിന്നും മരിച്ചു പോയവരുടെ ആത്മാവിനെ ജീവിച്ചിരിക്കുന്നവരുടെ ശരീരത്തിലേക്ക് ആവാഹിക്കുന്ന രീതി ചില കോളനികളിൽ ഇന്നും നിലനിൽക്കുന്നു. പണ്ടുകാലങ്ങളിൽ ഭർത്താവ് മരിച്ച ഭാര്യമാർക്ക് ഭർത്താവിന്റെ സ്വത്തിൽ ഭാര്യമാർക്ക് യാതൊരു അവകാശവും ഉണ്ടായിരുന്നില്ല. അവകാശികൾ മരുമക്കളാണ്. മരുമക്കത്തായ രീതി ഇന്നും ചില കുടുംബങ്ങളിൽ നിലനിൽകുന്നു. പണ്ടുകാലങ്ങളിൽ ജന്മി നാടുവാഴി സവർണ്ണ മേതാവികൾ അദ്ധ്വാനവും സമ്പത്തും സംസ്കാരവും ചൂഷണം ചെയ്തിരുന്നത് പോലെ ഇന്ന് സർക്കാർ നൽകുന്ന പല ആനുകൂല്യങ്ങളും ഇടത്തട്ടുകാർ തട്ടിയെടുക്കുന്നുണ്ട്. ഇത്തരം ചൂഷണത്തിൽ പെട്ട് വഞ്ചിതരാകാതിരിക്കാൻ സാമൂഹ്യമായ ഒരു ബോധവൽക്കരണം ആവശ്യമാണ്.

പ്രശ്നങ്ങൾ

1. മിക്ക കോളനികളിലും കക്കൂസുകൾ ഇല്ല. വൈദ്യുതി ഇല്ല. വൈദ്യുതി എത്തിയെടുത്തു തന്നെ പലവീടുകളിലും വൈദ്യുതീകരിച്ചിട്ടില്ല.

2. പല കോളനികളിലും ഒരേ വീട്ടിൽ പല കുടുംബങ്ങൾ താമസിക്കുന്നു.

3. മിക്ക കോളനികളിലും ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമാണ്.

4. പൊതു ശ്മശാനം മിക്ക കോളനികളിലും ഇല്ല. ഉള്ള സ്ഥലങ്ങളിൽ തന്നെ ചുറ്റുമതിലില്ല.

5. അംഗൻവാടികളുടെയും ബാലാവാടികളുടെയും സ്ഥിതി അപര്യാപ്തമാണ്.

6. അറ്റകുറ്റപ്പണി നടത്താതെ ജീർണ്ണിച്ച വീടുകൾ പല സ്ഥലത്തും ഉണ്ട്.

7. കുടിവെള്ള ക്ഷാമം മിക്ക് കോളനികളിലും ഉണ്ട്.

സാധ്യതകൾ

1. കോളനികൾ കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം ഉണ്ടാകണം.

2. വീടില്ലാതെ മറ്റു കുടുംബങ്ങളിൽ പാർക്കുന്ന കുടുംബങ്ങൾക്ക് വീടുണ്ടാക്കാനുള്ള സ്ഥലവും ധനസഹായവും നൽകണം.

3. കോളനികളിലേക്കുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കണം.

4. കുടിവെള്ളവും വൈദ്യുതിയും എത്താത്ത കോളനികളിൽ അത് രണ്ടും എത്തിക്കാനുള്ള നടപടി ഉണ്ടാകണം.

5. നെല്ലിപ്പാറ കോളനിയിൽ ജലസേചനത്തിന് ഇപ്പോൾ നിർമ്മിച്ച് കൊണ്ടിരിക്കുന്ന കുളം കുടിവെള്ള ശ്രോതസ്സാക്കി മാറ്റി കോളനിയിൽ ശുദ്ധജലം എത്തിക്കണം.

6. പാലുംചീത്ത കോളനിയോട് ബന്ധപ്പെട്ട ഒറ്റമൂണ്ട-പാലുംചീത്ത റോഡ് കുറ്റിപ്പുഴയിലേക്ക് നീട്ടി മെറ്റൽ ചെയ്യണം.

7. നെല്ലിപ്പാറ വീരഭദ്ര സ്വാമി റോഡ് ടാർ ചെയ്യണം.

8. കല്ലോടി കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യണം.

9. പാരമ്പരാഗത വ്യവസായങ്ങളായ കുട്ട, വട്ടി, പനമ്പ് നെയ്തിനുള്ള അസംസ്കൃത സാധനങ്ങൾ കിട്ടാൻ സൗകര്യം ഉണ്ടാക്കണം.

10. പട്ടിക ജാതി പട്ടിക വർഗ്ഗ യുവാക്കൾക്ക് കോഴി, പന്നി, ആട്, പശുവളർത്തലിൽ പരിശീലനം നൽകാനുള്ള സംവിധാനം ഉണ്ടാകണം.

11. പരിസരശുചിത്തം വ്യക്തി ശുചിത്തം എന്നിവയെ പറ്റി കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

12. പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഇന്ന് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം.

13. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും തൊഴിൽ പരിശീലനം നൽകാനുള്ള സംവിധാനം ഉണ്ടാകണം.

14. എല്ലാ കോളനികളിലും 5000 തരം മുതൽ ആദിവാസികുട്ടുകൾക്ക് സൗജന്യ ട്യൂഷൻ നൽകാനുള്ള എർപ്പാട് ഉണ്ടാകണം.

15. ട്രൈബൽ ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പാഠോപകരണങ്ങൾ ലഭ്യമാക്കണം.

***

പട്ടികജാതി വിദ്യാർത്ഥിളുടെ കണക്ക്

	SC/ ST കുട്ടികളുടെ എണ്ണം		തോറ്റു പഠിക്കുന്ന കുട്ടികളുടെ എണ്ണം				പഠിത്തം നിർത്തിയവരുടെ എണ്ണം			
സ്റ്റാൻഡേർഡ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
I	15	12	27	-	-	-	-	-	0	ആലക്കോട് പഞ്ചായത്തിൽ നിലവിൽ പഠിക്കുന്ന ആൺ/ പെൺ കുട്ടികളുടെ എണ്ണം 392 + 47 439 കൊഴിഞ്ഞു പോയവർ 8
II	33	20	53	2	7	9	-		0	
III	25	25	50			0	1	1	2	
IV	18	21	39	2	1	3	-		0	
V	19	27	46	3	5	8		-	-	
VI	19	16	35	6	2	8		-	-	
VII	9	15	24	3	3	6		-	-	
VIII	20	26	46	2	3	5	-	3	3	
IX	24	26	50	1	7	8	1		1	
X	10	12	22	-		0	1	1	2	
	192	200	392	19	28	47	3	5	8	

NO	ഹരിജൻ കോളനികൾ	ആകെ കുടുംബങ്ങൾ	വീടുള്ളവർ	ഓല മേഞ്ഞ വീടുകൾ	വൈദ്യുതികരിച്ച വീടുകൾ	വൈദ്യുതി ഇല്ലാത്ത വീടുകൾ	കക്കൂസുള്ള വീടുകൾ	കക്കൂസില്ലാത്ത വീടുകൾ	കുടിവെള്ളം ഇല്ലാത്തവർ
1	തോക്കാട്	13	-						
2	ചുണ്ണാമ്പ്മുക്ക്	23	14	13	-	13	ഇല്ല	13	ഇല്ല
3	കോടോപ്പള്ളി	27	27	-	-	27	ഇല്ല	25	ഇല്ല
4	കല്ലക്കോട്	18				13	ഇല്ല	13	ഇല്ല
5	കക്കോട്	14				14	ഇല്ല	14	ഇല്ല
6	പെരുവട്ടം	24				11	ഇല്ല	11	ഇല്ല
7	കുണ്ടേരി	18				12	ഇല്ല	12	ഇല്ല
8	ചിറ്റടി	16				10	ഇല്ല	10	ഇല്ല
9	ഒറ്റത്തെ	13	5	8	ഇല്ല	13	5	8	ഇല്ല
10	തുവേങ്ങാട്	30	20	10	13	7	ഇല്ല	20	ഇല്ല
11	പുളിയിലം കുണ്ട്	30	20	10	17	5	ഇല്ല	20	ഇല്ല
12	നെല്ലിപ്പാറ	52	51	2	4	47	4	48	ഇല്ല
13	കുളാംമ്പി	54	30	24	14	40	5	49	ഇല്ല
14	പാലംചിറ്റ	68	35	33	20	48	28	40	ഇല്ല
15	ഒറുമുണ്ട	14	9	5	9	5	4	10	ഇല്ല
16	നരിയംപാറ	29	19	10	19	10	19	10	ഉണ്ട്
17	ഫർലോഗ്കര	60	50	10	ഇല്ല	60	50	10	ഇല്ല
18	കല്ലാടി	23	17	6	17	6	17	6	ഉണ്ട്
19	കാവുംകുടി	33	13	20	ഇല്ല	-	13	20	ഇല്ല

വിഭവസമാഹരണം

ആലക്കോട് പഞ്ചായത്ത് 7770 ച. കി. മീ. വിസ്തീർണ്ണം ഉള്ളതും ജനസംഖ്യ 1995 -ലെ കണക്കനുസരിച്ച് ഏതാണ്ട് 36000 ത്തോളം വരുന്നതുമാണ്. 1991 - ലെ കണക്കനുസരിച്ച് സ്ത്രീകളുടെ എണ്ണം പുരുഷൻമാരേക്കാൾ കൂടിയിരുന്നു. എന്നാൽ 1995 ലെ കണക്കനുസരിച്ച് സ്ത്രീകളുടെ എണ്ണം കുറഞ്ഞിരിക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ജനസംഖ്യയിൽ ഭൂരിഭാഗവും കർഷകരും കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നവരുമാണ്. ഇവിടുത്തെ പ്രധാന കാർഷിക വിഭവങ്ങൾ റബ്ബർ, നാളികേരം, കശുവണ്ടി, അടയ്ക്കാ എന്നിവയാണ്. പരിചയസമ്പന്നരായ ധാരാളം കർഷകർ കാർഷികമേഖലയിലുണ്ട്. സാങ്കേതിക പരിജ്ഞാനം ഉള്ളവരും തൊഴിൽരഹിതരുമായ അഭ്യസ്തവിദ്യർ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്.


ഈ പഞ്ചായത്തിലെ സ്ഥാവര വസ്തുക്കൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വക വിവരം	വില്ലേജിന്റെ പേര്	വിസ്തീർണം
1	പഞ്ചായത്താഫീസ് കോമ്പൗണ്ട്	ആലക്കോട്	2
2	കമ്മ്യൂണിറ്റി ഹാൾ	"	0.19 1/2
3	പൊതു ലാട്രിൻ	"	"
4	വെയിറ്റിംഗ് ഷെഡ് ആലക്കോട്	"	0.02
5	വെയിറ്റിംഗ് ഷെഡ് അരങ്ങം	"	0.02
6	വെയിറ്റിംഗ് ഷെഡ് നെല്ലിപ്പാറ	"	0.02
7	ഷോപ്പിംഗ് സെന്റർ അരങ്ങം	"	0.50
8	പരപ്പ പഞ്ചായത്ത് ലൈബ്രറി	"	0.02
9	മയറോം പഞ്ചായത്ത് ലൈബ്രറി	"	0.1 1/4
10	ആലക്കോട് പഞ്ചായത്ത് ലൈബ്രറി സാംസ്കാരിക നിലയം	"	0.05
11	കാറ്റിൽ പൗണ്ട്	"	0.04
12	തിമിരി ശ്മശാനം	തിമിരി	1.00
13	വെയിറ്റിംഗ് ഷെഡ് ആലക്കോട്	ആലക്കോട്	15x3 sqm
14	തിമിരി ശ്മശാനത്തിലേക്ക് റോഡ്	തിമിരി	0.15
15	ബസ്റ്റാന്റ്റും അപ്രോച്ച് റോഡും	ആലക്കോട്	2.55
ആകെ			6.571+15x35sqm

ആലക്കോട് ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെയും സർക്കാരിൽ നിന്നിനും ലഭിക്കുന്ന മറ്റ് നികുതിയിനങ്ങളുടെയും വരവ് ചിലവ് കണക്കുകൾ താഴെ ചേർക്കുന്നു

വർഷം	സർക്കാരിൽ നിന്നും നികുതി വിഹിതം Basic Tax	ഗ്രാന്റുകൾ VTC അടക്കം	മറ്റ് വരുമാനം Spl. Grant	പഞ്ചായത്തിന്റെ തനത് വരുമാനം	വരവ്	ചെലവ്	അൻടൈഡ്
1986-87	1,77098 -00	238883 - 65	50.000 -00	291726.50	927708 -15	772052.49	
1987-88	1,84911 - 00	173008 - 00	———	280496.83	638417.83	535391.03	———
1988-89	72862 - 00	111992 - 00	75000.00	499114.00	834518.22	734721.23	———
1989-90	1,05778 - 00	229592.00	31300.00	456455.45	856347.45	858209.13	———
1990-91	109363.00	240383.00	23500.00	502493.54	1170739.54	215399.50	1,70.000.00
1991-92	120878.00	453036 .00	209300.00	509055 -51	1608269.51	1394731.73	1,66.000.00
1992-93	290964.00	679990.00	193100.00	411099.68	411099.68	1112986.98	183100
1993-94	127369.00	347504.00	247342.00	648717.31	1549931.31	2185642.05	179000
1994-95	147616.00	443276.00	100000	495059.70	1421951.70	2132021.50	236000
1995-96	———	859214.00	50000.00	784664.20	1944628.20	1262726.75	250750

പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കഴിഞ്ഞ പത്തുവർഷത്തിൽ വന്ന ഏറ്റക്കുറച്ചിലുകൾ താഴെ രേഖപ്പെടുത്തുന്നു.



ആലക്കോട് പഞ്ചായത്തിന് സർക്കാരിൽ നിന്നും ലഭിക്കുന്ന J.R.Y, അൺടൈഡ് ഫണ്ട് എന്നിവയുടെ വിവരങ്ങളാണ് താഴെ ചേർക്കുന്നത്

ജെ. ആർ. വൈ

വർഷം	ആകെ തുക	ജനറൽ സെന്റർ	SCP സെക്ടർ
1990-91	5,16,702	4,38902	77800
1991-92	6,50,000	509400	140600
1992-93	4,48245	399045	49200
1993-94	255675	217324	38351
1995-96	341850	265960	75890
1996-97	326505	253040	73465

അൺ ടൈഡ് ഫണ്ട്

വർഷം	തുക
1990-91	1,70.000
1991-92	1.66,000
1992-93	1,83,100
1993-94	1,79.000
1994-95	2,36,000
1995-96	2,50750

ആൺടൈഡ് ഫണ്ട് 1990-91 ൽ 1,70000 ആയിരുന്നത് 95-96 ൽ 2,50750 ആയി ഉയർന്നിട്ടുണ്ടെങ്കിലും പുതിയ പഞ്ചായത്ത് രാജ് നിയമപ്രകാരം വികസനപ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും സാമ്പത്തിക സഹായങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. മൊത്തം ചിലവിൽ പൊതുമരാമത്ത് ചെലവ് ക്രമാനുസൃതമായി വർദ്ധിക്കുന്നു. മരാമത്ത് പ്രവർത്തികൾ കോൺട്രാക്റ്റർ, നോമിനി, കമ്മറ്റികൾ മുഖേനയും പഞ്ചായത്ത് നേരിട്ടും നടത്തുന്നുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിൽ കമ്മ്യൂണിറ്റിഹാൾ, ബസ്റ്റാന്റ്, പഞ്ചായത്ത് സ്റ്റേഡിയം, സാംസ്കാരികനിലയം എന്നീ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും പ്രത്യുൽപ്പാദന മേഖലകളിൽ പ്രവർത്തികളൊന്നും നടന്നിട്ടില്ല. മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തിന് കടബാധ്യതകൾ ഒന്നും ഇല്ല.

ഈ പഞ്ചായത്ത് പരിധിയിൽ പ്രധാനമായും അഞ്ച് ധനകാര്യസ്ഥാപനങ്ങൾ ആണ് ഉള്ളത്. ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്നത് ആലക്കോട് സഹകരണ ബാങ്കുമായിട്ടാണ്. സ്വകാര്യപണമിടപാടുകൾ നടത്തുന്ന ഇതര സ്ഥാപനങ്ങളും വ്യക്തികളും ഈ പഞ്ചായത്തിൽ പരിമിതമായുണ്ട്. സ്വകാര്യഇടപാടുകാരിൽനിന്ന് അമിത പലിശയ്ക്ക് ഇടത്തരക്കാരാണ് കൂടുതൽ ഇടപാടുകൾ നടത്തുന്നത്. ഇത്തരം ഇടപാടുകൾക്ക് ജനങ്ങളുടെ ഇടയിൽ വൻ സ്വാധീനം ഉണ്ട്. ഇത്തരം വായ്പകളുടെ പലിശനിരക്ക് 50% മുതൽ 120% വരെയാണ്. ഭൂമി പണയപ്പെടുത്തിയും അവധിച്ചെക്ക് നൽകിയും ആണ് ഇത്തരം ഇടപാടുകൾ നടത്തുന്നത്. പണം തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാതെ ഭൂമി നഷ്ടപ്പെട്ടവരും ഈ ഇടപാടുകാരിലുണ്ട്.

ഇവിടുത്തെ ധനകാര്യസ്ഥാപനങ്ങൾ

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ
2. സിൻഡിക്കേറ്റ് ബാങ്ക്
3. സഹകരണബാങ്കുകൾ (ആലക്കോട്, തടിക്കടവ്, നടുവിൽ)
4. ഗ്രാമീണബാങ്ക്
5. കാർഷിക വികസനബാങ്ക്

മേൽ വിവരിച്ച ബാങ്കുകളുടെ നിക്ഷേപവിതരണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

State Bank Of India

വർഷം	നിക്ഷേപം	കൃഷി	ചെറുകിട വ്യവ സായം ചെറുകിട കച്ചവടം	വൻകിട കച്ചവടം	സ്വർണ വായ്പ വ്യക്തിക്ക്	ആകെ
19885	2686000	15,96000	981000		524000	3101000
1986	586000	7,25000	1,200000		85000	930000
1987	9,64000	13,83000	3,82000		2,75000	20,40000
1988	2,00000	17,55000	4,710000		3.22000	25,48000
1989	1500000	15,55000	2,74000		1,59000	20,06000
1990	12,12000	17,25000	2,05000		1,75000	21,05000
1991	18,30000	18,08000	3,88000		3,25000	2,6,21000
1992	27,50000	13,85000	5,90000		2,25000	21,78000
1993	19,75000	13,63000	5,9000		2,25000	21,78000
1994	56,69000	14,25000	10,25000	9,50000	2,50000	37,00000
1995-96	52,92000	22,50000	12,50000	9,50000	7,25000	52,00000

ആലക്കോട് സഹകരണ ബാങ്ക്

വർഷം	നിക്ഷേപം	നൽകിയിട്ടുള്ള വായ്പകൾ		
		കാർഷികം	കാർഷികേതരം	പ്രത്യേക വായ്പകൾ
30/6/96	338 ലക്ഷം	181.4 ലക്ഷം	174.96 ലക്ഷം	38.4 ലക്ഷം

തടിക്കടവ് സഹകരണ ബാങ്ക് (തേർത്തല്ലി ബ്രാഞ്ച്)

വർഷം	നിക്ഷേപം	നൽകിയിട്ടുള്ള വായ്പകൾ		
		കാർഷികം	കാർഷികേതരം	പ്രത്യേക വായ്പകൾ
30/6/96	156	157.6	86	8.88

സിൻഡിക്കേറ്റ് ബാങ്ക് ആലക്കോട്

വർഷം	നിക്ഷേപം	വിതരണം
1985	48,48000	8342000
1990-91	6,50,000	12580000
1991-92	4,48245	11,305000
1992-93	255675	97,72000
1993-94	341850	91,40000
1994-95	326505	91,52000
1995-96	19060000	110,76000

നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് തേർത്തല്ലി

വർഷം	ഡിപ്പോസിറ്റ്	കൃഷി	വ്യവസായം	മറ്റിനങ്ങൾ
1986	10,00000	30,0000	5,00000	8,00000
1987	12,0000	40,00000	10,00000	7,00000
1988	15,00000	50,00000	7,0000	8,00000
1989	17,00000	58,00000	4,00000	7,00000
1990	18,00000	59,0000	6,00000	5,00000
1991	20,00000	65,00000	4,00000	8,00000
1992	22,00000	68,0000	6,00000	6,00000
1993	28,00000	72,00000	8,00000	6,00000
1994	34,0000	80,0000	10,00000	5,00000
1995	40,0000	94,00000	8,00000	6,00000
1996	45,00000	10200000	10,00000	13,00000

പഞ്ചായത്തിൽ ഏകദേശം 350 ഓളം പേർ വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ഇതിൽ ഭൂരിപക്ഷവും ഗൾഫ് രാജ്യങ്ങളിൽ ആണ്. ഗൾഫ് രാജ്യങ്ങളിൽ ഉള്ളവർതന്നെ അധികവും തൊഴിലാളികളാണ്. ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവരുടെ സാമൂഹിക - സാമ്പത്തിക ചുറ്റുപാടുകൾ തൃപ്തികരമല്ല. അതേ സമയം മറ്റ് വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ ചുറ്റുപാടുകൾ വളരെ മെച്ചമാണ്. ഇപ്പോൾ ഗൾഫ് രാജ്യങ്ങളിൽ നിന്ന് നൂറോളം പേർ തിരിച്ച്പോന്നിട്ടുണ്ട്. പഞ്ചായത്തിലെ മറ്റ് ഉൽപ്പാദന മേഖലകളിൽ ഇവരുടെ മുതൽമുടക്കുകൾ ഇല്ല. എന്നാൽ വിദേശത്ത് ജോലി ചെയ്യുന്നവരുടെ സമ്പാദ്യങ്ങൾ ഈ മേഖലകളിലേക്ക് തിരിച്ച് വിടാനുള്ള സാധ്യതകൾ ഏറെ ഉണ്ട്

സന്നദ്ധ പ്രവർത്തവനങ്ങളുടെ അടിസ്ഥാനത്തിൽ നടത്താവുന്ന വികസന പ്രവർത്തനങ്ങൾക്ക് സാധ്യത ഉണ്ട്. സ്കൂൾ P.T.A പോലുള്ള സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും നിലവിൽ ഉണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല.

പ്രശ്നങ്ങൾ

1. ഭരണച്ചെലവിലുള്ള വർദ്ധനവ്

2. കോൺട്രാക്റ്റർമാരും മറ്റ് ഇടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിത ലാഭവും ജോലികൾ നേരാംവണ്ണം ചെയ്യാത്ത അവസ്ഥയും നിലവിലുണ്ട്.

3. ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പകൾക്ക് തടസ്സങ്ങൾ നിലവിലുണ്ട്.

4. പ്രാദേശിക ആവശ്യങ്ങൾക്കുള്ള സ്കീമുകൾ തയ്യാറാക്കാത്തതിനാലും ഫണ്ടുകൾ യഥാസമയം അനുവദിച്ച് കിട്ടാത്തതിനാലും അവ പലപ്പോഴും ജനങ്ങൾക്ക് ഉപകാരപ്പെടാറില്ല.

5. ഫണ്ടുകളുടെ ദുർവ്വിനിയോഗം

6. നിർമ്മാണപ്രവർത്തനങ്ങളെപ്പറ്റി ജനങ്ങളുടെ അവബോധത്തിന്റെ കുറവ്.

7. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ സംസ്കരണവും അവ ഉപയോഗിച്ചുള്ള വ്യവസായങ്ങളും ഇല്ലായ്മ.

8. വൈദ്യുതിയുടെ അപര്യാപ്തത

9. ജലസമ്പത്ത് ഫലപ്രദമായി വിനയോഗിക്കാത്ത അവസ്ഥ

10. റോഡുകളുടെയും ചാലുകളുടെയും അപര്യാപ്തത

11. കാർഷികമേഖലയിലെ അശാസ്ത്രീയത.

12. റോഡുകളുടെയും മറ്റും അറ്റകുറ്റപ്പണികൾ യഥാസമയത്ത് നടക്കാത്ത സ്ഥിതി.

13. പഞ്ചായത്തിന്റെ വിസ്തൃതിക്കനുസരിച്ചുള്ള സർക്കാർ ഫണ്ടുകൾ ലഭിക്കുന്നില്ല.

സാധ്യതകൾ

1. കെട്ടിടങ്ങളുടെ നികുതി ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യുക

2. നികുതി വെട്ടിപ്പ് തടയുക

3. ലൈസൻസ് ഫീസ് (വ്യവസായം) പുനർനിർണ്ണയം ചെയ്യുകയും തൊഴിൽനികുതി കാര്യക്ഷമമായി ഈടാക്കുകയും ചെയ്യുക.

4. പഞ്ചായത്തിന് കിട്ടേണ്ട വിനോദനികുതി കർശനമായി പിരിച്ചെടുക്കുക

5. വൻകിട കർഷകരിൽനിന്നും ആദായത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിക്കൾച്ചറൽ ടാക്സ് ഈടാക്കുക.

6. കാർഷിക തൊഴിൽനികുതി ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യുക.

7. പഞ്ചായത്തിലെ പുറമ്പോക്കുകൾ അളന്ന് തിട്ടപ്പെടുത്തി പുറമ്പോക്കിലെ അനുഭവങ്ങൾ കാലാകാലങ്ങളിൽ ലേലം ചെയ്യുക.

8. പുറമ്പോക്ക് തരിശ് സ്ഥലങ്ങളിൽ മരം വച്ചുപിടിപ്പിക്കുകയും ഉണങ്ങുന്നവ യഥാസമയം ലേലം ചെയ്ത് കൊടുക്കുകയും ചെയ്യുക.

9. പഞ്ചായത്ത് ബസ്റ്റാന്റിലും മറ്റ് സൗകര്യപ്രദമായ സ്ഥലങ്ങളിലും ഷോപ്പിങ്ങ് കോംപ്ലക്സ് പണിത് വാടകയ്ക്ക് കൊടുക്കുക.

10. ഭരണച്ചെലവ് കുറയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ ആരായുക

11. മനുഷ്യവിഭവശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ ശ്രമിക്കുക.

12. ചിട്ടയായ ധനവിനിയോഗം നടപ്പിലാക്കുക.

13. വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക

14. പുതിയ കെട്ടിടങ്ങൾക്ക് റവന്യൂ പിരിക്കുന്ന ടാക്സ് പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുക

15. V.T.C, MI Grant നിരക്കും വില്ലേജ് റോഡ് മെയിന്റനൻസും ഗ്രാന്റും വർദ്ധിപ്പിക്കുക.

16. അഭ്യസ്ഥവിദ്യർക്കുള്ള കൂടുതൽ സ്വയംപദ്ധതികൾ നടപ്പിലാക്കുക

17. ചെറുകിട ജലവൈദ്യുത ജലസേചന പദ്ധതികൾ(ആലക്കോട്, രയരോം പുഴകളിൽ) നിർമ്മിക്കുക.

18. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കാർഷികവിഭവങ്ങൾ ഉപയോഗിപച്ചുള്ള വ്യവസായയൂണിറ്റുകൾ സ്ഥാപിക്കുക.

19. പഞ്ചായത്തിലെ വിദേശജോലിക്കാരുടെ നിക്ഷേപം ഈ പഞ്ചായത്തിൽതന്നെ വിനയോഗിക്കാൻ ശ്രമിക്കുക


20. അനധികൃതമായി പണമിടപാടുകൾ നടത്തുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും നിരോധിക്കുവാൻ ആവസ്യമായ നിയമനിർമ്മാണം ഉണ്ടാകണം. അത് നടപ്പിൽവരുത്താനുള്ള അധികാരം പഞ്ചായത്തുകാർക്ക് വിട്ടുകൊടുക്കുകയും വേണം.

21. ധനകാര്യസ്ഥാപനങ്ങളിൽനിന്ന് ന്യായമായ പലിശയ്ക്ക് കൃഷി, വ്യവസായം, കച്ചവടം മുതലായവയ്ക്ക് പണം ലഭ്യമാക്കണം

22. വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമപ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രത്യേക നിധികൾ രൂപികരിക്കുക.

23. മലയോര വികസന അതോറിറ്റിയും ഹിൽ ഹൈവേയും നടപ്പിലാക്കുക

24. ആലക്കോട്, മണക്കടവ് കൂർഗുമായി ബന്ധിപ്പിക്കാനുള്ള നിക്കങ്ങൾ ഉണ്ടാകണം



വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. കൃഷി, ജലസേചനം.

തോമസ് പന്തുകുളം, കെ. ഗോപാലകൃഷ്ണൻ മസ്റ്റർ,
ജി. അനിമോൻ, കെ. എ. സബാസ്റ്റ്യൻ,
തോമസ് ജോൺ, കെ. ഇ. ദാമോദരൻ.

2. മൃഗസംരക്ഷണം.

ജയിൻ മാത്യു, ജോസ് കൊല്ലംകുന്നേൽ,
ജോർജ്ജ് ചാവനാലിൽ, ചാക്കോ മാത്യു,
സി.ടി. സജി, ഷാജി പള്ളിക്കുന്നേൽ

3. വിദ്യാഭ്യാസം.

കെ.എ. കുര്യൻ മാസ്റ്റർ, എം.എ. കരിം മാസ്റ്റർ,
മോഹൻ കാവുംകുടി, യു.എൻ.ശശിധരൻ,
ടി.ബി. മോഹനൻ, കെ സുരേഷ്കുമാർ.

4. കുടിവെള്ളം പൊതുജനാരോഗ്യം

ലില്ലി സിറിയക്. കെ.ജി. ശിവശങ്കരൻനായർ
പി. രാജൻ, ജയദേവൻ
സോജൻ തോമസ്, വി.എ. മാത്യു

5.വ്യവസായം

മാണി സഖറിയാസ്, പി.രാമചന്ദ്രൻ,
ഫൽഗുനൻ, പി.ആർ. ബാബു,
കെ.ബി. ചന്ദ്രൻ.

6. ഗതാഗതം, ഊർജ്ജം

കെ.വി. മാത്യു, മുരളിധരപ്പണിക്കർ,
ടി.പുരുഷോത്തമൻ, അപ്പുക്കുട്ടൻ സ്വാമിമഠം,
എ.പി. പൗലോസ്, കെ.എൻ. രവീന്ദ്രൻ,
എ. പ്രകാശൻ.

7. പാർപ്പിടം, സാമൂഹ്യക്ഷേമം

പി.എസ്. ഹംസ, കെ.എ. ജോർജ്ജ്,
പി.ആർ മധുസൂദനൻ, അന്നമ്മ മാത്യു,
ബിജുകുമാർ, ദേവസ്യ,
പി.പി. സുകുമാരൻ

8. സംസ്കാരം

ചന്ദ്രമതി ടീച്ചർ, എ.ആർ. പ്രസാദ്,
കെ.പി. സാബു, എ. ദേവദാസ്,
ടി.നളിനി, ജോസ് ജോസഫ്,
പി. പ്രമോദ്കുമാർ, സി.ജി.ഗോപൻ.

9. വനിതാക്ഷേമം

കെ.എൻ. ശാരദാമ്മ, മേരി ചാക്കോ
പി.വി. ശ്യാമള, കെ.ബി. ജാനകി,

10. സഹകരണം ശ്രീകലാവർമ്മ, കുര്യൻ തോമസ്,
പി.ആർ. ബാനർജി, ബി.എം. ലൂക്കോസ്,
എ.വി. സുകുമാരൻ.

11. പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം

പി. കുമാരൻ, കെ. ചെമ്മരൻ,
കെ.കെ. നാരായണൻ, സി.കെ. ബിനു,
കെ.കെ ബാലകൃഷ്ണൻ.

12. വിവേതമാഹരണം

അന്നമ്മ അഗസ്റ്റ്യൻ, പി.വി.വർഗ്ഗിസ്
എം.രാജമണി, കെ.ആർ.ബിജു.



TYPESET BY CODAPSCAN, KANNUR-2 & PRINTED AT BRB OFFSET PRINTERS & PUBLISHERS, KANNUR-6. PH:504021, 69995, 501101